# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs.10

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 60

വാല്യം - 6 ലക്കം -12 ധനു - 1189 ജനുവരി - 2014




## എറണാകുളം കരയോഗത്തിന്റെ 89-ാമത് സ്ഥാപകദിനം, കുടുംബസംഗമം എന്നിവയുടെ ദൃശ്യങ്ങൾ



വാല്യം 6 ❖ ലക്കം - 12 ❖ ജനുവരി - 2014

ഉള്ളടക്കം  നം


| ഉള്ളടക്കം | നം |
|---|---|
| എഡിറ്റോറിയൽ | 3 |
| ക്ഷേത്രങ്ങളിലൂടെ | 4 |
| കാര്യദർശിയുടെ പംക്തി | 5 |
| വ്യക്തിവിശേഷം | 6 |
| വാസ്തു സംബന്ധമായ | 7 |
| നമ്മുടെ ആചാരങ്ങൾ | 8 |
| ബാലലോകം | 9 |
| രാഗപരിചയം | 10 |
| വിശേഷ ദിവസങ്ങൾ | 10 |
| ഭക്തിസങ്കല്പം | 11 |
| ദേവീസ്തവം | 16 |
| മംഗൾയാനിനു മംഗളം നേരുന്നു | 17 |
| മിനികഥ | 18 |
| ചേരവംശചരിതം | 19 |
| കാറ്റേ നീ വീശണമിപ്പോൾ | 24 |
| കേൾക്കലിനുള്ള അവകാശം | 25 |
| ശില്പി | 26 |
| എൽഡർ സിറ്റിസൺ ഫോറം | 26 |
| ശങ്കരഭജനം | 27 |
| വംശാന്ത്യം | 28 |
| ആദരാഞ്ജലികൾ | 30 |
| പാചകപംക്തി | 30 |
| ചാരിറ്റിപ്രവർത്തനം | 31 |
| ചരമവാർഷികം | 32 |
| ബാഷ്പാഞ്ജലികൾ | 33 |
| അഞ്ചാംപനി | 34 |
| വിമൺസ് ഫോറം | 34 |
| സ്ത്രീസമാജം | 34 |
| ദീർഘായുസും ആയുർവ്വേദവും | 35 |
| മാനസികാരോഗ്യവും ഹോമിയോപ്പതിയും | 37 |
| ഞാൻ കണ്ട അമേരിക്ക | 38 |
| മാതൃദേവോഭവ: | 40 |
| സ്ത്രീശക്തി | 41 |
| സ്വപ്നങ്ങൾ ഉറങ്ങുന്ന വൃന്ദാവനം | 43 |
| നക്ഷത്രഫലം | 44 |
| മാംഗല്യം | 45 |


മുഖചിത്രം - മഹാദേവൻ


## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
*(മാനേജിംഗ് എഡിറ്റർ)*

**എം. ശ്രീവല്ലഭൻ നായർ**
*(എഡിറ്റർ)*

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ.വി. രാമചന്ദ്രൻ**

**എം. രാജലക്ഷ്മി**


# എഡിറ്റോറിയൽ...

## പശ്ചിമഘട്ട സംരക്ഷണം

ഗുജറാത്തിലെ കാംബേ ഉൾക്കടൽ മുതൽ കന്യാകുമാരിവരെ 1500 കിലോമീറ്ററോളം വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട നിരകൾ ലോകത്തിലെ തന്നെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ജൈവവൈവിധ്യ മേഖലകളിൽ ഒന്നാണ്. ബ്രസീൽ കഴിഞ്ഞാൽ ലോകത്തിലെ രണ്ടാമത്തെ അതിവിശിഷ്ട ആവാസ വ്യവസ്ഥയുടെ ഉറവിടം കൂടിയാണിവിടം. ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതവും ജീവസന്ധാരണവുമായി നേരിട്ട് ബന്ധമുള്ളതാണ് ഈ പ്രദേശം. അയ്യായിരത്തിൽ പരം സസ്യലതാദിളുടെയും, ഇപ്പോൾ തന്നെ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന അനേകായിരം പക്ഷിമൃഗാദികളുടെയും സങ്കേതം കൂടിയാണിവിടം. സസ്യലതാദികളിൽ നല്ലൊരു ഭാഗം ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിഞ്ഞിട്ടില്ലാത്തവയുമാണ്. ഏറ്റവും പ്രധാനമായിട്ടുള്ളത് ദക്ഷിണേന്ത്യയിലെ മിക്ക നദികളുടെയും ഉത്ഭവം ഈ മലനിരകളിൽ നിന്നാണ് എന്നുള്ളതാണ്. എല്ലാത്തിനുമുപരി പ്രകൃതിയുടെ വരദാനമായ നമ്മുടെ അനുഗ്രഹീത കാലാവസ്ഥയ്ക്കും നിദാനം ഈ മലനിരകൾ തന്നെ. ഈ പ്രത്യേകതകളെല്ലാം പരിഗണിച്ചാണ് 2012 ൽ റഷ്യയിലെ സെന്റ് പീറ്റേഴ്സ് ബർഗിൽ വെച്ച് നടന്ന യുനെസ്കോയുടെ പൈതൃകസമിതി സഹ്യപർവ്വതത്തെ ലോകപൈതൃകമായി പ്രഖ്യാപിച്ചത്. അതുകൊണ്ടു തന്നെയാണ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പശ്ചിമഘട്ട മലനിരകളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിക്കേണ്ടതാണെന്ന് എടുത്ത് പറഞ്ഞിരിക്കുന്നത്. എന്നാൽ കാലങ്ങളായി, കുന്നിടിച്ചും, മരങ്ങൾ മുറിച്ചും, പാറപൊട്ടിച്ചും, മണൽ വാരിയും പ്രകൃതിയെ കൊന്ന് ജീവിക്കുന്നവർക്ക് പൈതൃകമെന്നും, പ്രകൃതിസ്നേഹമെന്നുമൊക്കെ പറഞ്ഞാൽ എങ്ങനെ ബോധ്യപ്പെടാൻ. വൈദേശികർക്ക് തോന്നിയ അത്രയും പോലും നമ്മുടെ നാടിനെക്കുറിച്ചുള്ള ചിന്ത ഈ മാഫിയവർഗ്ഗങ്ങൾക്ക് തോന്നിയില്ലല്ലോ എന്നതിനാലാണ് അതിശയം.

പശ്ചിമഘട്ടത്തെ വെറും മലനിരകളായല്ല കാണേണ്ടതെന്നും ജീവന്റെ സ്രോതസ്സുകൾ ഉള്ളിലൊതുക്കിയ പൈതൃകമാണെന്നുമാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അനിയന്ത്രിതമായ നിർമ്മാണപ്രവർത്തനങ്ങളെ എതിർക്കുന്ന റിപ്പോർട്ട്, ഈ പരിസ്ഥിതിലോല പ്രദേശത്ത് ഖനനവും നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നു. ഒപ്പം പരമ്പരാഗത ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നു. ജനിതക മാറ്റം വരുത്തിയ വിത്തിനങ്ങൾ, എൻഡോസൽഫാൻ പോലുള്ള മാരകകീടനാശിനികൾ മുതലായവ നിരോധിക്കണമെന്നും എടുത്തു പറഞ്ഞിരിക്കുന്നു. കർഷകർക്ക് സാമ്പത്തീക സഹായം നൽകുന്ന കാര്യം പ്രത്യേകമായി പറഞ്ഞിട്ടുമുണ്ട്. ഇങ്ങനെ കർഷകർക്ക് അനുകൂലമായ ഗാഡ്ഗിൽ റിപ്പോർട്ടിനെ മാറ്റിവെയ്പ്പിച്ചുകൊണ്ടാണ് അതിൽ വെള്ളം ചേർത്ത് കസ്തൂരി രംഗൻ റിപ്പോർട്ട് തയ്യാറാക്കിച്ചത്. ഗാഡ്ഗിൽ റിപ്പോർട്ടിൽ നിന്നും ഒരുപാട് ഇളവുകൾ അനുവദിച്ചുകൊണ്ടാണ് കസ്തൂരിരംഗൻ റിപ്പോർട്ട് പുറത്തു വന്നത്. എന്നിട്ടും മലയോര കർഷകരെന്ന പേരിൽ കുറെ ആളുകൾ സമരാഭാസവുമായി ഇറങ്ങി കണ്ണിൽ കണ്ടതെല്ലാം നശിപ്പിച്ച്, സർക്കാർ ഓഫീസുകൾ അഗ്നിക്കിരയാക്കി. സമാധാനത്തിന്റെ അപ്പോസ്തലൻമാരെന്ന് സ്വയം വിശേഷിപ്പിച്ച് സമൂഹമദ്ധ്യത്തിൽ ഞെളിഞ്ഞ് നടക്കുന്ന ചില പുരോഹിതൻമാരാണ്, നാട് നശിച്ചാലും കുഴപ്പമില്ല, വനം മാഫിയേയും, ക്വാറി മാഫിയയേയും ഒക്കെ സംരക്ഷിക്കുവാൻ വേണ്ടി പരസ്യമായി രംഗത്ത് എത്തിയിരിക്കുന്നത്. നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് ഇവർ സർക്കാരിനും ജനങ്ങൾക്കുമെതിരെ നടത്തിയിട്ടുള്ള, നക്സലിസം പുതിയതായി ആരംഭിക്കും, എതിർക്കുന്നവരെ വഴിയിൽ തടയും, ജനപ്രതിനിധികളെ കാണേണ്ടതുപോലെ കാണും, തുടങ്ങിയ ഭീഷണികൾ നിറഞ്ഞ പ്രസ്താവനകൾക്കെതിരെ നടപടി എടുക്കാൻ ഭയന്ന് നില്ക്കുന്ന സർക്കാരിന്റെ പാപ്പരത്വം കണ്ടാൽ മൂക്കത്ത് വിരൽ വെയ്ക്കുകയല്ലാതെ മറ്റെന്തു ചെയ്യാൻ. സമരത്തിന്റെ മറവിൽ വനത്തിലെ മരങ്ങളെല്ലാം വെട്ടിക്കടത്തിക്കൊണ്ടിരിക്കുന്നതായാണ് വാർത്തകൾ വരുന്നത്. വനം കൊള്ളക്കാർക്കെതിരെയുള്ള കേസുകളും രേഖകളും സൂക്ഷിച്ചിരുന്ന റേഞ്ച് ഓഫീസും ഈ കുഞ്ഞാടുകൾ അഗ്നിക്കിരയാക്കി. കൂട്ടത്തിൽ ളോഹ ഊരി വേഷം മാറിയ പുരോഹിതനും ഉണ്ടായിരുന്നതായാണ് റിപ്പോർട്ട്. എങ്ങനെയുണ്ട് രാജ്യസ്നേഹം. പണത്തിന്റെ മേൽ പരുന്തും പറക്കില്ലല്ലോ. കേരളം മരുഭൂമിയായാൽ നമുക്കെന്ത്. നമുക്കിപ്പോൾ മല കൈയ്യേറണം. മരം വെട്ടിമാറ്റണം, മണൽ വാരണം, പാറകൾ പൊട്ടിച്ച് കോടിശ്വരരാകണം അത്രതന്നെ.

സർക്കാരിനെതിരെയുള്ള മതമേലദ്ധ്യക്ഷൻമാരുടെ ഭീഷണിയെ തുടർന്ന് കസ്തൂരിരംഗൻ റിപ്പോർട്ട് തൽക്കാലത്തേയ്ക്ക് മരവിപ്പിച്ചിരിക്കുന്നു. ഈ നാടും, ഇവിടുത്തെ ഭൂപ്രകൃതിയും, കാലാവസ്ഥയും എല്ലാം ഇതുപോലെ നിലനില്ക്കണമെങ്കിൽ യഥാർത്ഥത്തിൽ കസ്തൂരി രംഗൻ റിപ്പോർട്ടല്ല, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടാണ് നടപ്പാക്കേണ്ടത് എന്നാണ് വിദഗ്ദ്ധമതം. സങ്കുചിത ചിന്താഗതിയില്ലാത്ത രാജ്യസ്നേഹികൾ ഇതിനായി പ്രവർത്തിക്കട്ടെ. വിനാശകരമായ സമരാഭാസങ്ങൾക്കെതിരെ രംഗത്തിറങ്ങട്ടെ.

**കെ.പി. കൃഷ്ണമേനോൻ**
*മാനേജിങ്ങ് എഡിറ്റർ*

# പട്ടമന പനയന്നാർകാവ് ശ്രീഭഗവതിക്ഷേത്രം (തലവടി)



**പു**രാതന കാലത്ത് ആറ്റുപുറത്ത് ഭട്ടതിരിമാരെന്നറിഞ്ഞിരുന്ന ബ്രഹ്മണകുടുംബമാണ് പില്ക്കാലത്ത് പട്ടമന ഇല്ലം എന്ന പേരിൽ വിശ്വവിഖ്യാതമായി അറിഞ്ഞു തുടങ്ങിയത്. പ്രസിദ്ധമായ മന്ത്രവാദി ഇല്ലങ്ങളിൽപ്പെട്ട ഒന്നായിരുന്നു പട്ടമന ഇല്ലം. അമ്പലപ്പുഴ ക്ഷേത്രമതില്ക്കകത്ത് എഴുന്നള്ളിച്ചു കൊണ്ട് നില്ക്കെ ഒരു കൊമ്പനാന ചരിയുകയുണ്ടായി. മാന്ത്രീകശക്തിയാൽ ചരിഞ്ഞ ആനയെ എഴുന്നേല്പ്പിച്ച് നടത്തി പുറത്ത് കൊണ്ടു വന്ന് കോട്ടത്തോടിനപ്പുറത്തുള്ള കുഴിയിലാക്കിയത് പട്ടമന ഇല്ലത്തിലെ മന്ത്രവാദിയായിരുന്ന ഒരു നമ്പൂതിരിയാണ്. ഇതിനു പ്രതിഫലമായി നാടു വാണിരുന്ന ചെമ്പകശ്ശേരി രാജാവ് 39000 പറ പാടവും പുരയിടങ്ങളും ഇല്ലത്തേയ്ക്ക് കരമൊഴിവായി നല്കി. കൂടാതെ നാട്ടിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് തീർപ്പു കല്പിക്കാനുള്ള അനുവാദവും കൊടുത്ത് പ്രഭുവായി വാഴിച്ചു. അമ്പലപ്പുഴ ക്ഷേത്രത്തിൽ വേദാദ്ധ്യായനവും മഹാഭാരതം മൂലം വായിച്ച് അർത്ഥവ്യാഖ്യാനം നടത്തുകയെന്ന അദ്ധ്യോഭവും ഉണ്ടായിരുന്നതിനാൽ ഭട്ടഭരത സ്ഥാനികളായി. കാലാന്തരത്തിൽ ഭട്ടഭരതമന ലോപിച്ച് പട്ടമന എന്ന പേരിൽ അറിയപ്പെട്ടു. കാലങ്ങൾക്കുശേഷം കരകളും മുറികളും നാട്ടുരാജ്യത്തിന്റെ ഭാഗങ്ങളായി മാറിയപ്പോൾ മേല്ക്കോയ്മയും പ്രൗഢിയും തെളിയിക്കുന്നതിന് കരക്കാരും മുറിക്കാരും തമ്മിൽ മത്സരം നടത്തിയിരുന്നു. ചെമ്പകശ്ശേരി രാജ്യത്തിന്റെ കിഴക്കേയറ്റത്ത് വച്ച് നടത്തുന്ന മത്സരങ്ങൾ പട്ടമന ഇല്ലത്തിന്റെ സാന്നിദ്ധ്യത്തിൽ പടനിലത്തു വച്ചാണ് നടത്തിയിരുന്നത്. തലവടി പടിഞ്ഞാറെ കരക്കാർ ഏറ്റുമുട്ടിയിരുന്നത് നടുവിലെ മുറിക്കാരുമായിട്ടാണ്. മത്സരത്തിൽ നടുവിലെ മുറിക്കാർ ജയിക്കാറാകുമ്പോൾ ഒരു കറുത്ത പശുവും വെളുത്ത കാളയും കൂടി എവിടെനിന്നോ അവിടെ വന്നെത്തുകയും മുഖങ്ങൾ തമ്മിൽ ചേർത്ത് പിരിയുകയും അതോടെ നടുവിലത്തെ മുറിക്കാർ തോല്ക്കുകയും ചെയ്യും.

ഇതൊരു നിത്യ സംഭവമായപ്പോൾ കാരണമറിയുന്നതിന് പട്ടമന ഇല്ലത്തിലെ കാരണവർ ഇല്ലത്തെ പരദേവതാ സ്ഥാനത്ത് ധ്യാനനിമഗ്നനായി ഭജനം ഇരിക്കെ ഒരു സ്വപ്ന ദർശനം ഉണ്ടായി. തുടർച്ചയായി 41 ദിവസം ചേറ്റുവായ് നാട്ടുരാജ്യത്തിലെ പനയന്നാർ കാവിൽ പോയി ഭജനം ഇരിക്കണമെന്നും ഒരു ഋഷീശ്വരൻ അവിടെ ഒരു കണ്ണാടിബിംബവും പ്രഭയുമായി എത്തി ചേരും. ആയതിലേയ്ക്ക് ക്ഷേത്രത്തിന്റെ കിഴക്കേനടയിൽ നിന്നുകൊണ്ട് എന്നെ ആവാഹിച്ച് കൊണ്ടു പോന്ന് ഇവിടെ കുടിയിരുത്തണമെന്നുമായിരുന്നു ദർശന സാരം. സ്വപ്ന ദർശനം അനുസരിച്ച് ഭജനം പാർക്കുകയും ബിംബവുമായി ഋഷീശ്വരൻ എത്തുകയും അഥായതിലേയ്ക്ക് ആദിപരാശക്തിയെ ആവാഹിച്ച് കൊണ്ടു പോന്ന് ഇന്ന് കാണുന്നതായ സ്ഥാനത്ത് ക്ഷേത്രം പണികഴിപ്പിച്ച് പ്രതിഷ്ഠ നടത്തിക്കുകയും ചെയ്തു. തൃക്കുന്നപ്പുഴ നിന്നും കൊണ്ടുവന്ന് താമസിപ്പിച്ച കൊച്ചു പുരയ്ക്കൽ, നാലു പുരയ്ക്കൽ തച്ചന്മാരാണ് 27 ദിവസം കൊണ്ട് തേമ്പാവ്, തേക്ക്, പ്ലാവ് എന്നീ മരങ്ങൾ ഉപയോഗിച്ച് ക്ഷേത്രം പണിതിട്ടുള്ളത്. വിഗ്രഹവുമായി ക്ഷേത്രത്തിൽ എത്തി ബ്രഹ്മണനെ ഏല്പിച്ച ഋഷീശ്വരൻ പ്രതിഷ്ഠ നടത്തുകയും ശേഷം അന്തർദ്ധാനം ചെയ്തുവെന്നുമാണ് ഐതിഹ്യം. ഇപ്രകാരം എത്തിച്ചേർന്ന ഋഷീശ്വരൻ വസിഷ്ഠമഹർഷിയായിരുന്നതായി പറയുന്നു.

അന്നേ ദിവസം പ്രതിഷ്ഠാനന്തരം അദ്ദേഹം ഉപദേശിച്ചു നല്കിയ പ്രത്യേക മന്ത്രങ്ങൾ കൊണ്ടാണ് ഇന്നും ഇവിടെ പൂജകൾ നടത്തുന്നതെന്നാണ് തന്ത്രിഭാഷ്യം. പനയനെന്ന ഉഗ്രവിഷസർപ്പങ്ങൾ വസിച്ചിരുന്ന സ്ഥലത്താണ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. തന്മൂലം സ്ഥലനാമം പനയന്നാർകാവ് എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. ചെമ്പകശ്ശേരി രാജാവിന്റെ എഴുന്നുള്ളത്ത് എത്തുന്ന അവസരത്തിലും, അമ്പലപ്പുഴ ക്ഷേത്രത്തിലെ കൊടിയേറ്റുന്ന സമയത്തും ആദ്യത്തെ ആചാരവെടി മുഴക്കിയിരുന്നത് രാജ്യത്തിന്റെ കിഴക്കേ തലയ്ക്കലുള്ള ഈ ഇല്ലപ്പറമ്പിൽ വച്ചായിരുന്നു. അന്നുമുതൽ തലയ്ക്കൽ വെടി വയ്ക്കുന്ന സ്ഥലം കാലാന്തരത്തിൽ തലവെടി എന്നറിയപ്പെട്ടു തുടങ്ങി. ഇന്നും സ്ഥല നാമം തലവെടിയെന്നു തന്നെ.

ഏഴ് തലമുറകൾക്ക് മുമ്പ് പട്ടമന ഇല്ലത്തിലെ ഏറ്റവും ഇളയ അംഗം കരിമ്പു കൃഷി നടത്തുന്നതിലേയ്ക്കായി ഇവിടെനിന്നും 1 കിലോമീറ്റർ കിഴക്കു ഭാഗത്തേയ്ക്ക് മാറി സ്ഥിരമായി താമസമുറപ്പിച്ചു. അദ്ദേഹം തന്റെ മൂർത്തിയായി ഇല്ലത്തു നിന്ന് വനദുർഗ്ഗയെ ആവാഹിച്ചു കൊണ്ടു പോയി ക്ഷേത്രം പണിത് കുടിയിരുത്തി പൂജിച്ചു തുടങ്ങി. ഇന്ന് നിത്യേന നൂറുകണക്കിന് ഭക്തന്മാർ , ദർശനത്തിനെത്തുന്ന ചക്കുളത്തുകാവിലമ്മ പനയന്നാർ കാവിലമ്മയുടെ സഹോദരിയാണ്. പനയന്നാർ കാവിലമ്മ ഇന്നും നീരാട്ട് നടത്തുന്നത് ചേരിയിൽ കൈമൾ ദാനമായി നല്കിയ കടവിലാണ്. നാരകത്തറമൂട്ട് എന്നും അതിർത്തി ചേരി (അർത്തിശ്ശേരി) എന്നും പേരുകളുള്ള ഈ സ്ഥലം നീരാട്ടുപുറ (നീരാട്ടുപുരം) എന്നാണ് ഇന്നറിയപ്പെടുന്നത്.

തലമുറകളായി താംബൂലപ്രശ്നം അനായാസം കൈകാര്യം ചെയ്തു വരുന്ന ഇല്ലത്തിലെ അംഗങ്ങൾ ഇന്നും ലക്ഷണം നോക്കി ഭക്തന്മാരുടെ സങ്കടങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന രീതിയുണ്ട്. പട്ടമന ഇല്ലത്തിൽ നിന്നും ചെമ്പകശ്ശേരി രാജാവ് കടമായി വാങ്ങിയ 36 ആയിരം പറനെല്ലിന്റെ പലിശകൊണ്ടാണ് അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ 36 പറ പാലിന്റെ പായസം നിത്യേന നിവേദിച്ചു തുടങ്ങിയത്. കടമായി നമ്പൂതിരി നല്കിയ നെല്ല്

(ശേഷം 6-ാം പേജിൽ)

പ്രിയ കരയോഗാംഗങ്ങളെ,

**സം**പൂജ്യ സ്വാമി ചിദാനന്ദപുരിയുടെ ഉപനിഷദ് വിചാരയജ്ഞം 2013 ഒക്ടോബർ 17 മുതൽ ഡിസംബർ 10 വരെ ടി.ഡി.എം.ഹാളിൽ നടക്കുകയുണ്ടായല്ലോ? കരയോഗത്തിൻെറ ആദ്ധ്യാത്മിക സംരംഭങ്ങളിൽ ഒരു ചരിത്രരേഖയായി ഇതു മാറും എന്നതിൽ സംശയമില്ല. സ്വാമിജിയുടെ പ്രഭാഷണ പരമ്പരയുടെ വീഡിയോ ഓഡിയോ സി ഡികൾ ജനുവരി മദ്ധ്യത്തോടെ കരയോഗം ഓഫീസിൽ നിന്നും സൗജന്യ നിരക്കിൽ ലഭിക്കുന്നതാണ്. ഉപനിഷദ് വിചാരയജ്ഞത്തിൻെറ വിജയത്തിനായി സഹകരിച്ച എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

മുൻ വർഷങ്ങളിലെപ്പോലെ ഡിസംബർ 13 ന് ഗുരുവായൂർ നാരായണീയദിനത്തോടനുബന്ധിച്ച് ടി.ഡി.എം. ഹാളിൽ സമ്പൂർണ്ണ നാരായണീയ പാരായണവും, ഡിസംബർ 17 ന് ധനുമാസത്തിലെ തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് പരമ്പരാഗത രീതിയിൽ കരയോഗത്തിൻെറ വനിതാവിഭാഗവും, എറണാകുളം സ്ത്രീസമാജവും സംയുക്തമായി തിരുവാതിരയും ആഘോഷിച്ചു.

നാടു നിങ്ങിയ പത്മനാഭദാസ മാർത്താണ്ഡവർമ്മ മഹാരാജാവിന് എറണാകുളം കരയോഗവും, കൊച്ചി പൗരാവലിയും ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് 17.12.2013 ൽ ടി.ഡി.എം. ഹാളിൽ കൂടിയ യോഗത്തിൽ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, മേയർ ടോണി ചമ്മിണി, ഡെപ്യൂട്ടി മേയർ ബി. ഭദ്ര, ജസ്റ്റിസ് എം.രാമചന്ദ്രൻ, സി.എം. ദിനേശ് മണി, എ.എൻ. രാധാകൃഷ്ണൻ, ടി.പി.എം. ഇബ്രാഹിം ഖാൻ, മഹാരാജാ ശിവാനന്ദൻ, കെ.പി. ഹരിഹരകുമാർ, സി.ഐ.സി.സി.ജയചന്ദ്രൻ, സി.ജി. രാജഗോപാൽ, തുടങ്ങിയവർ പങ്കെടുക്കുകയും അനുശോചന പ്രഭാഷണങ്ങൾ നടത്തുകയും ചെയ്തു. എറണാകുളം കരയോഗത്തിൻെറ വിവിധ സാമൂഹ്യ ആദ്ധ്യാത്മിക പരിപാടികളിൽ നിറഞ്ഞ സാന്നിദ്ധ്യം, ടി.ഡി.എം. പ്ളാറ്റിനം ജൂബിലി ഹാളിൻെറ ഉദ്ഘാടകൻ എന്നതിലുപരി 100 ലക്ഷം കോടിയിലധികം എണ്ണിത്തിട്ടപ്പെടുത്താത്ത അമൂല്യ നിധിയുടെ സംരക്ഷകൻ, സത്യസന്ധതയുടെ പര്യായം, ഭാരതത്തിൻെറ അഭിമാനവും, കേരളത്തിൻെറ അന്തസ്സും ലോകജനതയുടെ മുന്നിൽ ഉയർത്തിപ്പിടിച്ച ആ മഹാമനസ്കന്റെ പാവന സ്മരണയ്ക്കു മുമ്പിൽ എറണാകുളം കരയോഗവും നമ്രശിരസ്കരായി നിന്ന് ബാഷ്പാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു.

എറണാകുളം കരയോഗത്തിൻെറ 89-ാം സ്ഥാപകദിനം 2013 ഡിസംബർ മാസം 25ന് സമുചിതമായി ആഘോഷിച്ചു. 1800 ഓളം അംഗങ്ങൾ കുടുംബസംഗമത്തിൽ പങ്കെടുക്കുന്നതിനായി ഉച്ചഭക്ഷണത്തിനുള്ള കൂപ്പണുകൾ കൈപ്പറ്റിയെങ്കിലും, 1200 ഓളം പേർ മാത്രമാണ് ഉച്ചഭക്ഷണത്തിന് എത്തിച്ചേർന്നത്. സൗജന്യമായി ലഭിക്കുന്ന കൂപ്പണുകൾ അനാവശ്യമായി കൈപ്പറ്റുകയും, കരയോഗത്തിൻെറ പരിപാടിയിൽ പങ്കെടുക്കാതിരിക്കുകയും ചെയ്യുന്നത് ഒരിക്കലും ഉചിതമായ നടപടിയല്ല. ഓരോ പുതിയ സംവിധാനം ഏർപ്പെടുത്തുമ്പോഴും അത് അംഗങ്ങൾക്കും, കരയോഗത്തിനും കൂടുതൽ കൃത്യതയും അച്ചടക്കത്തോടു കൂടി പരിപാടികൾ സംഘടിപ്പിക്കുന്നതിനു വേണ്ടിയാണ്. എന്നാൽ, സൗജന്യമായി ലഭിക്കുന്നത് ദുരുപയോഗപ്പെടുത്തുന്നതു വഴി സ്ഥാപനത്തിനുണ്ടാവുന്ന കഷ്ടനഷ്ടങ്ങൾ മനസ്സിലാക്കുന്നില്ല. അതിലുപരി വളരെ കുറച്ച് അംഗങ്ങൾ യാതൊരു കൂപ്പണുകളും കൈപ്പറ്റാതെ ഒന്നര മണിക്കു ശേഷം തൻെറ സുഹൃത്തുക്കളെയും മറ്റും വിളിച്ചുകൊണ്ടു വന്ന് കരയോഗത്തിൻെറ പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതി അവലംബിച്ചത് ഒരിക്കലും അംഗീകരിക്കാനാവില്ല. ആയതുകൊണ്ട് വരും വർഷങ്ങളിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് കരയോഗത്തിനും അംഗങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ കൂടുതൽ വ്യക്തതയോടെ കൃത്യമായി പരിപാടികൾ സംഘടിപ്പിക്കണമെന്നാണ് ഭരണസമിതിയുടെ തീരുമാനം.

2014 ജനുവരി 10-ാം തീയതി കേരള വനിതാ കമ്മീഷനുമായി സഹകരിച്ച് എറണാകുളം കരയോഗം വനിതാഅദാലത്ത് ടി.ഡി.എം ഹാളിൽ നടത്തുന്നു. ബീമിന്റെ സഹകരണത്തോടെ എറണാകുളം കരയോഗം നടത്തുന്ന പ്രതിമാസ പരിപാടിയുടെ ഭാഗമായി ഈ മാസം 31-ാം തീയതി വൈകുന്നേരം 6.15ന് കെ.പി.എ.സി യുടെ നാടകം നീലക്കുയിൽ ടി.ഡി.എം. ഹാളിൽ അവതരിപ്പിക്കുന്നു.

*എന്ന്*

**- ജനറൽ സെക്രട്ടറി**

# വേദാന്ത ക്ലാസ്സ്

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ വേദാന്തപ്രകരണ ഗ്രന്ഥമായ വിവേകചൂഢാമണിയെ (ശ്രീശങ്കരവിരചിതം) ആസ്പദമാക്കി എല്ലാ ശനിയാഴ്ചയും രാവിലെ 10.30 മുതൽ 12.00 മണിവരെ വേദാന്തക്ലാസ്സുകൾക്ക് നടത്തപ്പെടുന്നതാണ്. ആചാര്യൻ ശ്രീ. കെ.ആർ. നമ്പ്യാരാണ് വേദാന്തക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. ഈ വേദാന്ത പഠനം ഉപനിഷത്തുകൾ, ശ്രീമദ്ഭാഗവതം, ശ്രീമദ്ഭഗവദ്ഗീത തുടങ്ങിയ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുവാൻ വളരെയധികം സഹായകരമാകും. വേദാന്ത ക്ലാസ്സുകളിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

ജനറൽ സെക്രട്ടറി

(വ്യക്തി വിശേഷം)

# ആർ. പി. നായർ (1913 – 1991)

**ശാ**സ്ത്ര സാങ്കേതികപുരോഗതിയുടെ വഴിത്താരയിൽ രാജ്യത്തിന്റെ നിർണ്ണായകമായ വളർച്ചക്ക് നിസ്തുല സേവനങ്ങളനുഷ്ഠിച്ച സർവ്വീസ്സൊസൈറ്റിയുടെ നേതൃനിരയിലും ശോഭിച്ച സവിശേഷവ്യക്തിത്വമാണ് ആർ.പി. നായരുടേത്. സാമൂഹിക, സാംസ്കാരിക, ആദ്ധ്യാത്മിക രംഗങ്ങളിൽ ജീവിതം സ്വയം സമർപ്പിച്ച ഒരു കർമ്മധീരനായിരുന്ന അദ്ദേഹം. നായർ സർവ്വീസ് സൊസൈറ്റിയുടെ ആക്ടിംഗ് ജനറൽസെക്രട്ടറി, വിദ്യാധിരാജസഭാദ്ധ്യക്ഷൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിരുന്നു. ഡോഃ എസ് കൊച്ചുരാമൻപിള്ളയുടെയും ലക്ഷ്മിഅമ്മയുടെയും മകനായി 1913 ഒക്ടോബറിൽ ആർ.പി. ജനിച്ചു. ഇംഗ്ലണ്ടിൽ ഷെഫീൽഡ് സർവ്വകലാശാലയിൽ നിന്നും സിവിൽ എഞ്ചിനിയറിംഗ് ബിരുദം നേടി. ഇലക്ട്രിസിറ്റി ബോർഡിൽ ജോലി സ്വീകരിച്ചതോടെ നിരവധി പ്രോജക്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെടുകയും വിജയപരിസമാപ്തിയിലെത്തിക്കുകയും ചെയ്തു. ഇടുക്കിഡാമിന്റെ നിർമ്മാണപ്രക്രിയയിൽ ആർ. പി. വഹിച്ച പങ്ക് തികഞ്ഞ അഭിനന്ദനത്തിന് പാത്രമായി. ഇലക്ട്രിസിറ്റി ബോർഡിന്റെ പുരോഗതിയിൽ നിസ്തുലസംഭാവനകളർപ്പിച്ച അദ്ദേഹം ചെയർമാനെന്ന നിലയിലേക്കുയരുകയും ചെയ്തു. 1959 ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ലയൺസ് ക്ലബ്ബ്, ഗോൾഫ്‌ലിങ്ക്സ് എന്നീ സംഘടനകളുടെ അദ്ധ്യക്ഷസ്ഥാനത്തും ശോഭിച്ചു. സർവ്വീസ് സൊസൈറ്റിയുമായി സജീവമായി ബന്ധപ്പെട്ടത് മൂന്നാറിൽ ചീഫ് എഞ്ചിനീയറായിരുന്ന കാലത്താണ്. എൻ.എസ്സ്.എസ്സ് ഡയറക്ടർ ബോർഡിൽ എക്സ്പെർട്ട് അംഗമായിട്ടാണ് രംഗപ്രവേശം ചെയ്തത്. പിന്നീട് ഡയറക്ടർ ബോർഡംഗമായി. കിടങ്ങൂർ ജനറൽസെക്രട്ടറിസ്ഥാനത്തുനിന്ന് വിരമിച്ചപ്പോൾ ഹ്രസ്വകാലം ജനറൽസെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നതും ആർ.പി. നായരാണ്. ആറുവർഷം അയ്യപ്പസേവാസംഘത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. അഭേദാനന്ദാശ്രമം, മഹാഗണപതിക്ഷേത്രം എന്നീ ആരാധനാലയങ്ങളുടെ ഭരണസമിതി അംഗമെന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അക്ഷരശ്ലോകസമിതി, കഥകളി ക്ലബ്ബ് എന്നീ സംഘടനകളിലും സജീവപ്രവർത്തനം കാഴ്ചവെച്ചു. ശബരിമലയിൽ വൈദ്യുതി എത്തിക്കുന്നതിലും, റോഡുകൾ നിർമ്മിക്കുന്നതിലും ആർ. പി. നായർ നിസ്തുലമായ പങ്കു വഹിച്ചു. വി.എൽ. തങ്കമ്മയാണ് ഭാര്യ. പത്മരാജേശ്വരൻ, പി.ആർ.സി.നായർ, പി.എസ്.സി.നായർ, ഡോ.പി.എച്ച്.സി. നായർ, ഡോ.പി.ബി.സി.നായർ, പ്രേമകുമാരി എന്നിവർ സന്താനങ്ങൾ. 1991 ഡിസംബർ 14 ന് അന്തരിച്ചു. ♦

(ക്ഷേത്രങ്ങളിലൂടെ തുടർച്ച 4-ാം പേജ്)

രാജാവിന്റെ മന്ത്രിമാരായിരുന്ന ചില മേനവൻമാരുടെ കുബുദ്ധിയാൽ, തിരികെ അളന്നു കൊണ്ടു പോരുന്നതിന് നമ്പൂതിരിക്ക് കഴിഞ്ഞില്ല. തൻമൂലം നെല്ല് അത്രയും അമ്പലപ്പുഴ സ്വാമിക്ക് മുതലായിരിക്കട്ടെ എന്നും, ഇതിന്റെ പലിശകൊണ്ട് നിത്യേന 36 പറ പാലിന്റെ പായസം നടത്തണമെന്നുമുള്ള നമ്പൂതിരിയുടെ ആവശ്യം രാജാവ് അംഗീകരിക്കുകയും ചെയ്തു. കൂടാതെ അമ്പലപ്പുഴ ക്ഷേത്രത്തിൽ മാസം തോറും ചില അവകാശങ്ങളും പട്ടമന ഇല്ലത്തേയ്ക്ക് രാജാവ് കല്പിച്ചു നല്കി. പട്ടമന ഇല്ലത്തിലെ അംഗങ്ങൾ ചേർന്നുള്ള ട്രസ്റ്റിബോർഡു ഭരണം നടത്തുന്ന ക്ഷേത്രത്തിന്റെ താന്ത്രീകകർമ്മങ്ങൾ കടിയകോൽ ഇല്ലത്തു നിന്ന് അനുഷ്ഠിച്ചു വരുന്നു. മാസത്തിലൊരു ദിവസം തന്ത്രികൾ നിർബന്ധമായും പൂജ നടത്തേണ്ട ഒരു ക്ഷേത്രമാണിത്.

**ഉത്സവാഘോഷങ്ങൾ**

ഞായർ, ചൊവ്വ, വെള്ളി, പൗർണ്ണമി ദിവസങ്ങളിൽ അസംഖ്യം ഭക്തൻമാർ ദർശനത്തിന് എത്തുന്ന സന്നിധിയിൽ നവരാത്രി, വിദ്യാരംഭം, കുംഭമാസ ഭരണി, മീനഭരണി എന്നീ ദിവസങ്ങൾ ആട്ടവിശേഷമായി കൊണ്ടാടുന്നു. ഭരണി നാളിൽ പൊങ്കാല അർപ്പിക്കുന്നതിന് നൂറുകണക്കിന് ഭക്തകൾ ഇവിടെ എത്തിച്ചേരുന്നു. ചൊവ്വാഴ്ച ദിവസങ്ങളിൽ ഇവിടെ എത്തി വ്രതമനുഷ്ഠിക്കുകയെന്നുള്ളതും വിശേഷമാണ്. കുംഭഭരണി നാളിൽ ആയിരക്കണക്കിന് മങ്കമാർ പൊങ്കാല അർപ്പിക്കുന്നു. അന്നേ ദിവസം താല്ക്കാലിക ധ്വജത്തിൽ കൊടിയേറ്റി ആരംഭിക്കുന്ന ഉത്സവാഘോഷങ്ങൾ മീന ഭരണിക്ക് നീരേറ്റുപുറത്തു നടത്തുന്ന ആറാട്ടോടുകൂടി സമാപിക്കുന്നു.

**പ്രത്യേകതകൾ**

ആത്മാർത്ഥമായി ആശ്രയിക്കുന്നവരെ അനുഗ്രഹിക്കുന്ന ദേവി അസുലഭമായി ഭക്തൻമാർക്ക് പ്രത്യക്ഷമായിട്ടുണ്ടെന്ന് അനുഭവസ്ഥർ പറയുന്നു. വസിഷ്ഠമഹർഷി പൂജിച്ചിരുന്നതായ വിഗ്രഹമാണിവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതെന്നും ഒരു ഐതിഹ്യമുണ്ട്. ചിരപുരാതനകാലത്ത് പരശുരാമനാൽ പ്രതിഷ്ഠിതമായ ഒരു മഹാക്ഷേത്രം ഇവിടെ ആറ്റുപുറത്തുണ്ടായിരുന്നതായും പ്രസ്തുത ക്ഷേത്രത്തിന്റെ അധികാരികളുടെ പിൻഗാമികളാണ് ഇന്നുള്ള പട്ടമന ഇല്ലക്കാരെന്നും ഐതിഹ്യം പറയുന്നു. ആറ്റുപുറത്ത് ഭട്ടേരിമാരെന്ന് അറിയപ്പെട്ടിരുന്ന ഇവരുടെ ഇല്ലത്ത് ഭരദേവതയായി പൂജിച്ചിരുന്നത് ആദിപരാശക്തിയായിട്ടുള്ള ഭദ്രകാളിയേയും, വനദുർഗ്ഗയേയും, ശിവനേയുമായിരുന്നു. പനയന്നാർകാവിൽ വില്വമംഗലത്ത് സ്വാമിയാർ എത്തി 7 ദിവസത്തെ ഭജനം പാർത്തിരുന്നതായും വെളിന്താൾ കറി കഴിച്ചതുമൂലം ഉണ്ടായ ഉദരരോഗം ഭേദപ്പെട്ടുവെന്നും ഒരു കഥയുണ്ട്. നിത്യേന മൂന്ന് വ്യത്യസ്ത ധ്യാനശ്ലോകങ്ങളോടെ മൂന്നു പൂജനടത്തുന്ന ഒരു ക്ഷേത്രമാണിത്. വിദ്യാദായിനിയായും, ലക്ഷ്മിയായും, ശത്രുസംഹാരിണിയായും ദേവി വിളങ്ങീടുന്നു. യക്ഷിയമ്മയേയും, ബ്രഹ്മരക്ഷസ്സിനേയും നാലമ്പലത്തിനുള്ളിൽ ശ്രീകോവിലിനോട് ചേർന്ന് പ്രതിഷ്ഠ നടത്തിയിട്ടുള്ള മറ്റൊരു ക്ഷേത്രവും കേരളത്തിൽ ഇല്ല. ഇഷ്ടകാര്യ സിദ്ധിക്കായി പായസവും പൊങ്കാലയും അർപ്പിക്കുന്ന സന്നിധിയിൽ കളമെഴുത്തും പാട്ടും, പൂമൂടലും, ദീപാലങ്കാരവും, ആറുതട്ടിൽ ഗരുഡനും പ്രധാന വഴിപാടുകളായി നടത്തുന്നു.

പുരാതനപ്രസിദ്ധമായ ഈ ദേവിക്ഷേത്രം തകഴിയ്ക്കും തിരുവല്ലയ്ക്കും മദ്ധ്യേ തലവടിയിൽ സ്ഥിതി ചെയ്യുന്നു. തിരുവല്ലയിൽ നിന്ന് 11 കിലോമീറ്റർ ദൂരം തകഴിക്കുള്ള വഴി സഞ്ചരിച്ചാൽ ഇവിടെയെത്താം. അമ്പലപ്പുഴ ജംഗഷനിൽ നിന്ന് തിരുവല്ലായ്ക്കുള്ള വഴി 17 കിലോമീറ്റർ ദൂരമേ ഇവിടേയ്ക്കുള്ളു. ♦





**ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്**
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

# വാസ്തു സംബന്ധമായ . . .

## വാസ്തു ശാസ്ത്രം

**വീ**ട് പണിയുമ്പോൾ വളരെ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യം എന്തെന്നാൽ കഴിയുന്നതും മുറികളുടെ ഉപരിതലം ഒരേ ലെവലിൽ ആകണം. ചില വീടുകളിൽ ലിവിങ്ങ് റൂം മാത്രം താഴ്ത്തി ഇടുന്നുണ്ട്. കഴിഞ്ഞ ദിവസം ഒരു വീട് പരിശോധിച്ചപ്പോൾ വീടിന്റെ തെക്ക് പടിഞ്ഞാറു ഭാഗത്ത് living room 45 സെന്റീമീറ്റർ താഴ്ത്തിയിട്ടിരിക്കുന്നതായി കണ്ടു. വീട്ടുകാർ താമസമാക്കിയിട്ട് 15 കൊല്ലമായി. കഴിഞ്ഞ അഞ്ച് വർഷമായി പലവിധ പ്രശ്നങ്ങളുമായി ജീവിതം മുന്നോട്ടു പോകുന്നില്ല. നല്ല വീടാണ് മറ്റു കുഴപ്പങ്ങൾ ഒന്നും തന്നെ ഇല്ല. living room മറ്റു മുറികളുടെ അതേ ലെവലിൽ ശരിയാക്കുവാൻ മാത്രം പറഞ്ഞ് ഞാൻ മടങ്ങി. വടക്ക് കിഴക്ക് മുറി മാത്രം താഴ്ന്നാൽ ഒരു കുഴപ്പവുമില്ല. ഒരു വീട്ടിൽ താമസം തുടങ്ങിയാൽ 6 മുതൽ 12 വർഷം വരെ സാധാരണ ദോഷങ്ങൾ ബാധിക്കില്ല. Energy recharge കുറയുമ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്.

ഒരു വീട്ടിൽ ഞാൻ പോകേണ്ടി വന്നത് അവരുടെ വെറും സംശയം കാരണമാണ്. പ്രധാന Bed room തെക്ക് കിഴക്കാണ്. അവിടെ തെക്കോട്ടും, കിഴക്കോട്ടും ജനൽ ഉണ്ട്. തെക്ക് പടിഞ്ഞാറ് കാറ്റ് മുറിയിൽ കൂടി കടന്നു പോകുന്നുണ്ട്. അവിടെ കിടന്നാൽ കാൻസർ രോഗം വരുമെന്ന് വീട്ടുകാർ മാദ്ധ്യമങ്ങളിൽ കൂടെ ചിലർ പ്രവചിക്കുന്നത് കേട്ടു. അതോടെ അവരുടെ മാനസികനില തകരാറിലായി. എന്നാൽ കഴിഞ്ഞ 72 കൊല്ലമായി അവർ അവിടെ താമസിക്കുന്നു, ഒരു അസുഖങ്ങളും ഇല്ല.

സാധാരണ വീടിന്റെ കുഴപ്പം കൊണ്ട് യാതൊരു അസുഖവും വരില്ല. വാസ്തു നോക്കുന്നത് നമ്മുടെ Mental Health ഉം Peace of mind ഉണ്ടാകുന്നതിനും വേണ്ടിയാണ്. അടുക്കളയിൽ രാവിലത്തെ വെളിച്ചവും, കിടപ്പുമുറിയിൽ വൈകുന്നേരത്തെ വെയിലും വന്നാൽ Mental Power കിട്ടുന്നതാണ്. പോക്കു വെയിൽ കൊണ്ടാൽ **പൊന്നാകും** എന്നാണ് ചൊല്ല്.

വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അതിനായി മുൻകൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.



## തെക്കെ അമ്മൻ കോവിൽ പ്രതിഷ്ഠാദിനം

**2014 ജനുവരി 21ന് ചൊവ്വാഴ്ച (1189 മകരം 8-ാം തീയതി)**

രാവിലെ : ഗണപതിഹോമം
8 മണിക്ക് നവകം, പഞ്ചഗവ്യം
വൈകുന്നേരം : 6 മുതൽ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്

(നമ്മുടെ ആചാരങ്ങൾ തുടർച്ച)

# അവശ്യം അറിഞ്ഞിരിക്കേണ്ട പൊതുവായ കാര്യങ്ങൾ

**ഭസ്മധാരണം**

ഭസ്മധാരണത്തെ നിസ്സാരമായി കാണരുത്. ഭസ്മധാരണം മഹേശ്വരവ്രതമാണ്. സർവപാപനാശഹരവുമാണ്. ആചാരപരമായ ഒരു ചടങ്ങായിട്ടാണ് ഇതിനെ പലരും കാണുന്നത്. എന്നാൽ ശരീരശാസ്ത്രപരമായി ഭസ്മധാരണത്തിനു വളരെയേറെ പ്രാധാന്യമാണുള്ളത്. വിധിയാംവണ്ണം യഥാസ്ഥാനങ്ങളിൽ നിർദ്ദിഷ്ടസമയം ഭസ്മം ധരിക്കുന്നവർക്ക് ശരീരത്തിനും മനസ്സിനും ബുദ്ധിക്കും പുഷ്ടിവർധനയുണ്ടാകുന്നതാണ്.

പ്രാതഃകാലസ്നാനം കഴിഞ്ഞാലുടൻ പുരുഷൻമാർ ഭസ്മം കുഴച്ചു തൊടണം. ഇടത്തെ ഉള്ളംകൈയിൽ ഭസ്മമെടുത്ത് വലതു കരംകൊണ്ടടച്ചു പിടിച്ച് ഭസ്മധാരണമന്ത്രമോ, പഞ്ചാക്ഷരിമന്ത്രമോ ജപിച്ച് വെള്ളമൊഴിച്ചു കുഴച്ച് ചൂണ്ടുവിരൽ, നടുവിരൽ, മോതിരവിരൽ എന്നിവകൊണ്ട് ഭസ്മധാരണം നടത്തുക. ഭസ്മധാരണഫലശ്രുതിയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ശിരോമദ്ധ്യത്തിലും നെറ്റിയിലും ധരിച്ചാൽ പാപവിമുക്തി കിട്ടും. ശിശ്നകല്മഷമകറ്റാൻ നാഭിയിലും അന്യാശ്ലേഷകല്മഷം മാറികിട്ടാൻ പാർശ്വങ്ങളിലും ഭസ്മമണിയണം. സർവാംഗ ഭസ്മധാരണംകൊണ്ട് നൂറു ജന്മങ്ങളിലെ പാപങ്ങൾ നശിക്കും.

പ്രഭാതസ്നാനശേഷം മാത്രമേ ഭസ്മം കുഴച്ചുതൊടുവാൻ പാടുള്ളു. സ്ത്രീകൾ ഭസ്മം കുഴച്ചുതൊടുകയേ പാടില്ല.

നിർദിഷ്ടസ്ഥാനങ്ങളിൽ ഭസ്മം ധരിക്കുമ്പോൾ ചൊല്ലേണ്ട മന്ത്രങ്ങളും ആചാര്യൻമാർ ഉപദേശിച്ചു തന്നിട്ടുണ്ട്. ഭസ്മം ധരിക്കുമ്പോൾ അവ ജപിക്കണം. സ്ഥാനങ്ങളും മന്ത്രങ്ങളും താഴെ ചേർക്കുന്നു.

| | |
|---|---|
| ശിരസ്സിൽ | ഓം പരമാത്മനേ നമഃ |
| കാതുകളിൽ | ഓം ഗണപതയെ നമഃ |
| നെറ്റിയിൽ | ഓം പരബ്രഹ്മണേ നമഃ |
| പിൻകഴുത്തിൽ | ഓം പരബ്രഹ്മണേ നമഃ |
| മുൻ കഴുത്തിൽ | ഓം പുഷ്ണേ നമഃ |
| നെഞ്ചിൽ | ഓം പുഷ്ണേ നമഃ |
| നാഭിയിൽ | ഓം സ്കന്ദായ നമഃ |
| ഉരസ്സുകളിൽ | ഓം ഹവ്യവാഹനായ നമഃ |
| തോളുകളിൽ | ഓം ഹവ്യവാഹനായ നമഃ |
| ഇടതു കൈമുകളിൽ | ഓം വാമദേവായ നമഃ |
| ഇടതുകൈമദ്ധ്യം | ഓം പ്രഭഞ്നായ നമഃ |
| വലതു കൈത്തലം | ഓം ശശിനേ നമഃ |
| സർവാംഗം | ഓം നമശ്ശിവായ |

കാലുകളിൽ ഭസ്മം ധരിക്കുന്നത് കൈകളിലേതുപോലെ തന്നെ വേണം.

*(കടപ്പാട് : ഹൈന്ദവ ജീവിത ആചാരങ്ങളും അനുഷ്ഠാനങ്ങളും കുരുക്ഷേത്രപ്രകാശൻ )*

## അഭിനന്ദനങ്ങൾ



മികച്ച കേന്ദ്രീയ അദ്ധ്യാപകർക്കുള്ള കേരള റീജണൽ കേന്ദ്രീയ വിദ്യാലയ സംഘാടൻ 2013 അവാർഡിന് ശ്രീമതി. സി. എ. ചന്ദ്രിക അർഹയായി. കരയോഗാംഗമായ ശ്രീമതി. ചന്ദ്രിക എറണാകുളം കരയോഗാംഗമായ ശ്രീ. എ. രാവുണ്ണിമേനോന്റെ ഭാര്യയാണ്. ശ്രീമതി ചന്ദ്രികയ്ക്ക് എറണാകുളം കരയോഗത്തിന്റെ അഭിനന്ദനങ്ങൾ.

## അഭിനന്ദനങ്ങൾ



കേന്ദ്രീയ വിദ്യാലയ സംഘടന്റെ ഈ വർഷത്തെ റീജണൽ ഇൻസെന്റീവ് അവാർഡ് നേവൽ ബേസ് സ്ക്കുളിലെ സംഗീത അദ്ധ്യാപികയായ ശ്രീമതി പ്രിയ വി. കെ.യ്ക്ക് ലഭിച്ചിരിക്കുന്നു. കരയോഗാംഗമായ ശ്രീമതി സതീ രത്നത്തിന്റേയും പരേതനായ കാർത്തികേയ മേനോന്റെയും മകളാണ് ശ്രീമതി പ്രിയ. കേന്ദ്രീയ വിദ്യാലയ നമ്പർ 1 നേവൽബേസിലെ എസ്സ്. ആർ. പി. ജി. ട്ടി. അദ്ധ്യാപകനായ അജിത്തിന്റെ സഹധർമ്മിണിയാണ് ശ്രീമതി പ്രിയ. അഭിമാനകരമായ ഈ നേട്ടം കൈവരിച്ച ശ്രീമതി പ്രിയ. വി. കെ യ്ക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

## ദേശീയ പോളിയോ നിർമ്മാർജ്ജന തീവ്രയജ്ഞ പരിപാടി

പോളിയോ നിർമ്മാർജ്ജന തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി 19.01.2014 ഞായറാഴ്ച രാവിലെ 8 മണി മുതൽ വൈകുമ്പേരം 5 മണി വരെ, ടി. ഡി. എം. ഹാളിൽ വെച്ച് സൗജന്യ പോളിയോ മരുന്നു വിതരണം നടത്തുന്നതാണ്. ഈ സൗകര്യം എല്ലാവരും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്, ജനറൽ സെക്രട്ടറി

# ബാലലോകം



അയ്മനം രവീന്ദ്രൻ

**ജീവിതം കർമ്മ നിരതമാകണം**

പ്രിയകൂട്ടുകാരെ,

ഇതാ, ഒരു പുതുവർഷം കൂടി സമാഗതമായിരിക്കുന്നു. 2014-ാം മാണ്ടിൽ കൂട്ടുകാർ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.?

പുതിയ ലക്ഷ്യങ്ങൾ......പുതിയവേഗങ്ങൾ.....പുതിയ ചിന്തകൾ.......

അതെ....., നമ്മുക്ക് ഒരുപാട് മുന്നേറാനുണ്ട്.

കൂട്ടുകാരെ, മനുഷ്യജീവിതത്തിന് അത്ര ദൈർഘ്യമൊന്നുമില്ല. കിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. ജീവിതത്തെ വിജയത്തിലേക്ക് നയിക്കുക.



ഈ വർഷം എല്ലാവരും നന്നായി പഠിക്കണം. പരീക്ഷയ്ക്ക് ഇനികുറഞ്ഞ നാളുകൾ മാത്രമല്ലേ ഉള്ളൂ? A+ തന്നെ ആയിരിക്കണം നിങ്ങളുടെ ലക്ഷ്യം.

ചെറിയ ലക്ഷ്യങ്ങൾ വലിയ കുറ്റമാണ്. (Law aim is a crime) ഇതു പറഞ്ഞതാരാണന്നറിയാമൊ? ഭാരത്തിന്റെ മുൻപ്രസിഡണ്ട് ഡോ. അബ്ദുൾ കലാം.

ജീവിതത്തിൽ വലിയ സ്വപ്നങ്ങൾ കാണുക
വലിയ ലക്ഷ്യങ്ങൾ ഏറ്റെടുക്കുക.
കർമ്മ മണ്ഡലം എപ്പോഴും ഉയർത്തി നിർത്തുക.

നമ്മെയൊക്കെയും ബന്ധിച്ച സാധനം
കർമ്മമെന്നറിയേണ്ടതു മുമ്പിനാൽ.....

ജ്ഞാനപ്പാനയിൽ പൂന്താനം എഴുതിയ ഈ വരികൾ കൂട്ടുകാർ വായിച്ചിരിക്കുമല്ലൊ? ഭഗവത് ഗീതയിലും ഇതു തന്നെയാണ് പറയുന്നത്.

ലോകോയം കർമ്മബന്ധന: (പ്രാപഞ്ചിക ബന്ധനത്തിന് ഹേതു കർമ്മമാണ്.)

സ്നേഹിതരെ, ഈ പുതുവർഷത്തിൽ നിങ്ങൾ ഒരു പ്രതിജ്ഞ എടുക്കുക.
ഞാൻ വിശ്രമമില്ലാതെ പ്രവർത്തിക്കും
ഞാൻ സത്യനന്ധമായി കർമ്മം ചെയ്യും
സമൂഹനന്മയ്ക്കായി ഒരു ചെറിയ ഭാഗമെങ്കിലും എന്റേതായി കാഴ്ചവയ്ക്കും

## പഴഞ്ചൊല്ലുകൾ

അരമനരഹസ്യം അങ്ങാടിപ്പരസ്യം
അമിതമായാൽ അമൃതും വിഷം
അത്താഴം മുടക്കാൻ നീർക്കോലി മതി
അടിതെറ്റിയാൽ ആനയും വീഴും
അട്ടയെ കുളിപ്പിച്ചു മെത്തയിൽ കിടത്തിയാൽ കിടക്കുമൊ?

*കൂട്ടുകാർ ഇതിന്റെ പൊരുൾ എന്താണെന്ന് മനസ്സിലാക്കി കരയോഗ സൗഹൃദത്തിന് എഴുതി അയച്ചു തരുക.*

## ബാലകവിത

### പുതുമ

പുതുദിനമെത്തി സോദരരെ
പുതിയ പഥങ്ങൾ തേടീടാം
പുതുമകൾ ചേർത്തു വിളിച്ചീടാം
പുതുചിന്തകളിൽ ചേർന്നീടാം
പുതുഭാവനകൾ നിറിച്ചീടാം
പുതുമയിലാടി നടന്നീടാം

അയ്മനം

### തത്തമ്മേ



തത്തമ്മേ ചെറു തത്തമ്മേ,
പച്ചയുടുപ്പിട്ട തത്തമ്മേ.
ചുണ്ടു ചുമന്നൊരു തത്തമ്മേ
കിന്നാരം ചൊല്ലും തത്തമ്മേ.
കൂട്ടിലടച്ചതാരാണ്
കൂടുതുറന്നുവിടട്ടെ ഞാൻ. •
പൂച്ചേ കണ്ടാൽ പേടിക്കോ
മാനത്തേക്കു പറക്കാമോ.
തത്തമ്മേ ചെറു തത്തമ്മേ

**അക്ഷയ .എം**
4 ഡി. ഭാവൻസ്, ഗിരിനഗർ




**അക്ഷരകേളി**

കളത്തിലെ അക്ഷരങ്ങൾ ചേർത്ത് 11 വാക്കുകൾ ഉണ്ടാക്കുക.

| | | |
|---|---|---|
| ക | ര | പ |
| ല | വി | ത |

കവിത, കല, കവി, രവി, തവി, പത, പലക, വിത, തകര, തല, കര

കൂട്ടുകാരെ നിങ്ങൾ വരയ്ക്കുന്ന ചിത്രങ്ങൾ, പെയിന്റിങ്ങുകൾ, രചനകൾ എന്നിവ കരയോഗ സൗഹൃദത്തിന് അയച്ചു തരുക.

വിലാസം : എഡിറ്റർ, കരയോഗസൗഹൃദം, എറണാകുളം കരയോഗം, കൊച്ചി.
നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക . ഫോൺ : 9947736071

# ശ്രീരാഗം



ഡോ: ജയലക്ഷ്മി നന്ദകുമാർ

**വ**ളരെ മംഗളകരമായതും പുരാതനവുമായ ഒരു രാഗമാണ് ശ്രീരാഗം. ഇത് 22–ാ മത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ്. അസമ്പൂർണ്ണ മേളപദ്ധതിയിൽ 22–ാ മത്തെ രാഗത്തിന്റെ പേര് ശ്രീരാഗം എന്നായിരുന്നു. ത്യാഗരാജസ്വാമി 22–ാ മത്തെ രാഗത്തെ സമ്പൂർണ്ണ സ്വരങ്ങളോടു കൂടിയ ഖരഹരപ്രിയ എന്ന രാഗമാക്കി മാറ്റുകയും, ശ്രീരാഗത്തെ ജന്യരാഗമായി നിലനിർത്തുകയും ചെയ്തു. ശ്രീരാഗവും ഖരഹരപ്രിയയും രണ്ടാണെന്നു സംഗീതലോകത്തിനു വ്യക്തമാക്കി കൊടുത്തത് ത്യാഗരാജസ്വാമി ആണെന്ന് രാഗസുധാർണവം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി പ ധ നി പ മ രി ഗാ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതുഃശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതുഃശ്രുതി ധൈവതം, കൈശികി നിഷാദം.

അവരോഹണത്തിൽ സ്വരങ്ങൾ ക്രമമല്ലാതെ വരുന്നതു കൊണ്ട് ഇത് ഒരു വക്ര രാഗമാണ്. ഘനപഞ്ചകരാഗങ്ങളായ നാട്ട, ഗൗള, ആരഭി, വരാളി, ശ്രീ എന്നിവയിൽ ഉൾപ്പെടുന്നു.

'എന്തരോ മഹാനുഭാവുലു' എന്ന ശ്രീരാഗത്തിലുള്ള ത്യാഗരാജ പഞ്ചരത്നകൃതി ഏവർക്കും സുപരിചിതമാണ്. ഇതിൽ 'ധൈവതം' എന്ന സ്വരം ഉപയോഗിച്ചിട്ടേയില്ല എന്നത് ശ്രദ്ധേയമാണ്.

ഒരു മദ്ധ്യാഹ്ന രാഗമായിട്ടാണ് ശ്രീരാഗത്തെ കണക്കാക്കുന്നത്. ഭക്തി ഭാവമാണ് പ്രധാനമായും നിഴലിക്കുന്നത്. ശ്രീരാഗം അന്നും ഇന്നും തനതായ പ്രഭാവത്തോടെയും സ്വരസഞ്ചാരങ്ങളുടെ മനോഹാരിതയോടും കൂടി പരിലസിക്കുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. എന്തരോ മഹാനുഭാവുലു | ആദി | ത്യാഗരാജസ്വാമി |
| 2. വനജാസന വിനുത | രൂപകം | സുബ്ബരായ ശാസ്ത്രി |
| 3. ശ്രീകമലാംബികേ | ഏകതാളം | മുത്തുസ്വാമി ദീക്ഷിതർ |
| 4. അജിതാ ഹരേ ജയ | ചെമ്പട | കുചേല വൃത്തം (കഥകളി പദം) |
| 5.കരുണ ചെയ്വാനെന്തു | ആദി | ഇരയിമ്മൻ തമ്പി |

## ചലച്ചിത്ര ഗാനങ്ങൾ

| | | |
|---|---|---|
| 1 | അല്ലിയിളം പൂവോ | മംഗളം നേരുന്നു |
| 2 | ഏതോ വാർമുകിൽ | പൂക്കാലം വരവായി |
| 3 | പൂവേണം പൂപ്പട വേണം | ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങു വെട്ടം |
| 4 | പള്ളിത്തേരുണ്ടോ | മഴവിൽക്കാവടി |
| 5 | നീലരാവിലിന്നു നിന്റെ | കുടുംബസമേതം |
| 6 | രാവിൻ നിലാക്കായൽ | മഴവില്ല് |
| 7 | ഒരു ചെമ്പനീർ | സ്ഥിതി |
| 8 | ഒന്നാനാം കുന്നിൻമേൽ | മയിൽപ്പീലിക്കാവ് |
| 9 | ശ്രീരാഗാർദ്രം മലയാളം | ലളിത ഗാനം (ജയവിജയ) |
| 10 | വടക്കും നാഥാ സർവ്വം | ഭക്തിഗാനം (ടി. എസ്. രാധാകൃഷ്ണജി) |

# വിശേഷ ദിവസങ്ങൾ

**ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ**

| | | |
|---|---|---|
| ജനുവരി | 14 | മകരവിളക്ക് |
| | 17 | തൈപ്പൂയ്യം |
| | 23 | വിവേകാനന്ദ ജയന്തി |
| | 26 | റിപ്പബ്ലിക് ദിനം |
| | 30 | ഗാന്ധിസ്മരണ ദിനം |
| ഫെബ്രുവരി | 4 | എറണാകുളം ശിവക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 6 | മകരഭരണി |
| | 11 | എറണാകുളം ശിവക്ഷേത്രത്തിൽ ആറാട്ട് |
| | 12 | വളഞ്ഞമ്പലം ക്ഷേത്രത്തിൽ കൊടിയേറ്റ് |
| | 15 | ചോറ്റാനിക്കര മകം, പൂന്താനദിനം |

# ഭക്തിസങ്കല്പം

– ഗോപികുമാരൻ നായർ

**പു**രാതനകാലം മുതൽക്കേ മുക്തി, സ്വർഗ്ഗം, ബ്രഹ്മാനന്ദം എന്നിങ്ങനെ പല മട്ടിൽ വിശേഷിപ്പിക്കപ്പെടുന്ന ഉത്കൃഷ്ട ലക്ഷ്യത്തിലേയ്ക്ക് ജനങ്ങളെ നയിക്കാൻ വിഭിന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. ഭക്തിസങ്കല്പത്തിന്റെ ആദ്യകരങ്ങൾ ഋഗ്വേദസൂക്തങ്ങളിൽ തന്നെകാണാം. മനുഷ്യശക്തിക്കു പരിയായി ഈ ലോകത്തെ നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ടെന്ന് വേദകാലഘട്ടം മുതൽക്കേ ജനങ്ങൾ വിശ്വസിച്ചു വന്നു. ആ ശക്തിയെ ആരാധിക്കാനും അഭയം തേടാനുമുള്ള ആഗ്രഹത്തിൽ നിന്നാണ് ഭക്തി ഉടലെടുക്കുന്നത്.

ഉൽകൃഷ്ടമായ ഒരു മാനസികാവസ്ഥയാണ് ഭക്തി. മനുഷ്യഹൃദയത്തിൽ ഐക്യത്തിനുള്ള സ്വാഭാവിക പ്രചോദനമാണത്. ഭക്തി ഈശ്വരോൻമുഖമായ പ്രേമം തന്നെയാണ്. വിഷയവും വിഷയിയുമില്ലാതെ പ്രേമമുണ്ടാവില്ലല്ലോ. ഭക്തിയുടെ വിഷയം ഈശ്വരനാണ്. ഈശ്വരനോടുള്ള പരമമായ അനുരക്തിയാണ് ഭക്തി. സാപരാനുരക്തിരീശ്വരേ എന്നാണ് ശാണ്ഡീല്യസൂത്രം. ഈശ്വരമാഹാത്മ്യത്തെ അറിഞ്ഞതിന്റെ ശേഷം അദ്ദേഹത്തോടുള്ള അതിസ്നേഹത്തിനാണ് ഭക്തി എന്നു പറയുന്നത്.

ഈശ്വരാഭിമുഖമായി പരമമായ പ്രേമം ഉണ്ടാവണമെങ്കിൽ ഭൗതിക വസ്തുക്കളിലുള്ള അഭിരതി കൈവെടിയണം. അതിനാൽ ഭക്തിയിലേയ്ക്കുള്ള ആദ്യത്തെപടി വിരക്തിയാണ് എന്നു പറയാം. ഈ വിരക്തി ബോധപൂർവ്വം ഉണ്ടാക്കിയെടുക്കുന്നതല്ല. ഭക്തിയുടെ മാധുര്യം കുറച്ചെങ്കിലും അറിയാൻ കഴിഞ്ഞാൽ വിഷയാസക്തി ക്രമേണ ഇല്ലാതാകും. അതിനാൽ വിഷയസുഖം, ബോധപൂർവ്വം ഉപേക്ഷിക്കുകയല്ല, ഭക്തിയുടെ മാധുര്യം നിമിത്തമായ മറ്റൊന്നിലും ആഗ്രഹമില്ലാതാവുകയാണ് ചെയ്യുന്നത്. ഒടുവിൽ ഭൗതിക വസ്തുക്കളിൽ തോന്നുന്ന അഭിരതി, അനുരക്തി അതേ അളവിൽ ഈശ്വരോൻമുഖമായി പ്രവഹിക്കുന്നു. അതാണ് യഥാർത്ഥ ഭക്തിയാവുന്നത്.

സ്നേഹം എന്ന വികാരം നിർവ്വചനത്തിനു വിഷയമല്ലെങ്കിലും അതിന്റെ പ്രഭാവം ജീവിതത്തിൽ മനുഷ്യനനുഭവിക്കുന്നുണ്ട്. നശ്വരമായ പദാർത്ഥങ്ങളോടുള്ള മാനസബന്ധം എന്നാണ് സ്നേഹത്തിനർത്ഥം, ആ സ്നേഹം അനശ്വരമായ ഒന്നിനോടാവുമ്പോൾ ഭക്തിയാകുന്നു. ഭക്തി വിശുദ്ധമാകണമെങ്കിൽ അത് ഉദ്ദേശരഹിതവും, ഫലകാംക്ഷയില്ലാത്തതുമാവണം, നിഷ്കളങ്കഭക്തിയൊന്നുകൊണ്ടേ തന്നെ പ്രാപിക്കാൻ കഴിയൂ എന്ന് ഭഗവാൻ ഗീതയിൽ പറയുന്നു. സർവ്വകർമ്മങ്ങളും ഈശ്വരപ്രേമത്തിനായിട്ടു ചെയ്യുന്നു എന്ന മനോഭാവമായിരിക്കണം ഭക്തന്റേത്, പ്രേമത്തെതന്നെ പ്രേമിക്കുക എന്ന അവസ്ഥയാണിത്. അതിനാൽ ഭക്തി തന്നെ ഒരേ സമയം ലക്ഷ്യവും മാർഗ്ഗവുമാകുന്നു എന്നു പറയാം. ഈ പ്രേമം യാതൊന്നും യാചിക്കുന്നില്ല, ഒന്നിനെയും ഭയക്കുന്നില്ല, എല്ലായ്പ്പോഴും ആദർശത്തെ തന്നെ പ്രേമിക്കുകയും ചെയ്യുന്നു. ഈ ആദർശം ഈശ്വരനാണ്. ഇത്തരം പ്രേമത്തിന്റെ ഭക്തിയുടെ പരിധിയിൽ ഈശ്വരൻ ന്യായാധിപനോ അനുസരിക്കപ്പെടേണ്ടവനോ ആണെന്ന ബോധം ഉൾപ്പെടുന്നില്ല. എന്തെന്നാൽ ആ ബോധത്തിൽ ഭയമുണ്ട്, യഥാർത്ഥഭക്തി ഭയവിമുക്തമാണ്.

ജീവിതത്തിന്റെ പരമലക്ഷ്യം എന്ത് എന്ന അന്വേഷണം അനാദികാലം മുതലാരാംഭിച്ചതാണ്. മോക്ഷം അഥവാ ആത്മസാക്ഷാത്കാരം ആണ് അതെന്നു ചിലർ അഭിപ്രായപ്പെട്ടു. അത്യന്തിക സുഖമാണ് ജീവികൾ ആഗ്രഹിക്കുന്നത് എന്ന കാര്യത്തിൽ തർക്കമില്ല. അനശ്വരതയാണ് മനുഷ്യൻ ആത്യന്തിക സുഖമായി കരുതുന്നത്. മോക്ഷം, ആത്മസാക്ഷാത്കാരം എന്നീ സങ്കല്പങ്ങൾ അർത്ഥമാക്കുന്നതും ഇതു തന്നെയാണ്. ശാശ്വതാനന്ദപ്രാപ്തിക്കുള്ള മാർഗ്ഗം വ്യക്തികളെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിയുടെ അഭിരുചി വിഭിന്നങ്ങളാകും എന്നതുകൊണ്ടും സാധനാപദ്ധതിയിൽ ഭക്തി, കർമ്മം, ജ്ഞാനം എന്ന പ്രധാനമായ മൂന്നു മാർഗ്ഗങ്ങൾ ഉണ്ടായി. ഇവ പരസ്പര ഭിന്നങ്ങളല്ല. പരസ്പര പൂരകങ്ങളാണ്.

ഏതായാലും മോക്ഷസാധനകളിൽ താരതമ്യേന ക്ലേശരഹിതമായിട്ടുള്ള ഭക്തിയാണ് സാധാരണക്കാർക്കു പോലും ആത്മവികാസത്തിലൂടെ പരമലക്ഷ്യം സാക്ഷാത്കരിക്കാനുതകുന്ന എളുപ്പമാർഗ്ഗം എന്നു കാണാം. മറ്റു മാർഗ്ഗങ്ങളിൽ നിന്നു വ്യത്യസ്തമായി അവരവരുടെ പ്രയത്നത്തിനനുസരിച്ചുള്ള ഫലം, ശാന്തിയുടേയും സന്തോഷത്തിന്റേയും ആത്മവിശ്വാസത്തിന്റേയും രൂപത്തിൽ ലഭിച്ചുകൊണ്ടിരിക്കും എന്നത് ഭക്തിമാർഗ്ഗത്തിന്റെ സവിശേഷതയാണ്. തുടക്കം മുതൽക്കേ അൽപാല്പമായി ലഭിച്ചു തുടങ്ങുന്ന ഈ അനുഭൂതി മറ്റു മാർഗ്ഗങ്ങളിൽ സാധാരണമല്ല. ഈശ്വരസാക്ഷാത്കാരമാണ്, ഏതൊരു ഭക്തന്റേയും അത്യന്തികമായ ജീവിത ലക്ഷ്യം.

ജ്ഞാനം, കർമ്മം എന്നീ മറ്റു മാർഗ്ഗങ്ങളും ലക്ഷ്യപ്രാപ്തിക്കു സഹായിക്കുമെങ്കിലും ഭക്തിമാർഗ്ഗമാണ് കൂടുതൽ ശ്രേഷ്ഠം എന്ന് യോഗീവര്യൻമാർ പറയുന്നു. ഫലാസക്തി കൂടാതെ യഥാവിധി കർമ്മ മനുഷ്ഠിക്കാൻ ഉപദേശിക്കുന്ന കർമ്മമാർഗ്ഗത്തിന്റെ പദ്ധതി ക്ലേശകരമാണ്. ആത്മജ്ഞാനം നേടി അതിലൂടെ പരമപദം പ്രാപിക്കാനുപദേശിക്കുന്ന ജ്ഞാനയോഗവും സാധാരണക്കാരന് അപ്രാപ്യമാണ്. ലൗകിക വിഷയങ്ങളിൽ വിരക്തി വരാതെ ആസക്തിയോടെ തന്നെ ജീവിക്കുന്നവർക്ക് കർമ്മയോഗവും, എല്ലാറ്റിലും വിരക്തി വരുന്നവർക്കു ജ്ഞാനയോഗവും അധികമായ ആസക്തിയോ വിരക്തിയോ ഇല്ലാതെ ഭഗവദ്ഭക്തിയോടെ ജീവിക്കുന്നവർക്ക് ഭക്തിയോഗവും സ്വീകാര്യമാവുന്നു. എങ്കിലും എല്ലാത്തരം ജനങ്ങൾക്കും ഒന്നുപോലെ ആചരിക്കാവുന്നതും, താരതമ്യേന ലളിതവും, വേഗത്തിൽ ഫലപ്രാപ്തിയുണ്ടാകുന്നതും ആണ് ഭക്തിമാർഗ്ഗം. ഈ മേൻമകളുള്ളതു

കൊണ്ട് സാധാരണയായി ഏറെപ്പേരും മോക്ഷോപായമായി ഭക്തിമാർഗ്ഗത്തെ യാണ് അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും. ജ്ഞാനത്തെപ്പോലെ ഭക്തിയും പൂർവ്വജന്മസുകൃതികൾക്കു എളുപ്പത്തിൽ സിദ്ധിക്കുന്നതാണ്. ജ്ഞാനം തന്നെ ഭക്തിയിലേയ്ക്ക് നയിക്കാനുള്ള മാർഗ്ഗമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഭക്തി ഒരു വികാരാവേശം മാത്രമാവാതെ വർത്തിക്കാൻ ജ്ഞാനത്തിന്റെ നിയന്ത്രണത്തിൽപ്പെടുകയും വേണം.

ഭക്തിയെ സാധനകളിൽ ഒന്നായല്ലാതെ സാധ്യമായിത്തന്നെ കാണുന്നവരുണ്ട്. ഭക്തിയിലെത്തുക എന്നു തന്നെയാണവരുടെ ലക്ഷ്യം. അതിൽ കവിഞ്ഞ് ഒരു മുക്തി അവർ ലക്ഷ്യമാക്കുന്നില്ല. 16-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഭാരതമാകെ അലയടിച്ചുയർന്ന വൈഷ്ണവ ഭക്തി സാഹിത്യത്തിന് കേരളത്തിന്റേതായ സംഭാവന നൽകിയ ഒരു മഹത് വ്യക്തിയാണ് തുഞ്ചത്തെഴുത്തച്ഛൻ. കേരളീയ ജനതയെ ശാരീരികവും മാനസികവുമായ അലസതയിൽ നിന്നും തളർച്ചയിൽ നിന്നും മോചിപ്പിച്ച് പുതിയൊരുണർവും ഉന്മേഷവും ശക്തിയും പ്രദാനം ചെയ്യാൻ ഇദ്ദേഹത്തിന്റെ ഭക്തിരസപ്രധാനകളായ കൃതികൾക്കു കഴിഞ്ഞു. സാഹിത്യ ലോകത്തിൽ ഒരു സാംസ്കാരിക വിപ്ലവം കൈവരുത്തിയ എഴുത്തച്ഛന്റെ കൃതികൾ അനുവാചകരെ ഭക്തി ഭരിതരും, ആത്മജ്ഞാനികളും, സദാചാര നിരതരുമാക്കുവാൻ സഹായിച്ചു. സമൂഹത്തിന്റെ ശിഥിലമായ മാനസിക ജീവിതത്തെയും, വികലമായ ഭൗതിക ജീവിതത്തെയും, ഏകാഗ്രമാക്കി ഒരു ജനതയെ സാമൂഹിക ബോധത്തിലേക്കും, പ്രത്യാശയിലേക്കും നയിച്ച ഭക്തി പ്രസ്ഥാനത്തിന്റെ അനിഷേധ്യനായ ആചാര്യനാണ് തുഞ്ചത്തെഴുത്തച്ഛൻ.

എഴുത്തച്ഛന്റെ വ്യക്തി ജീവിതത്തെക്കുറിച്ച് നമുക്ക് ലഭ്യമായിട്ടുള്ള അറിവുകൾ ഐതിഹ്യങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രസിദ്ധമായ വെട്ടത്തുനാടിന്റെ മധ്യഭാഗമാണ് പൊന്നാനി താലൂക്ക്. ഈ താലൂക്കിൽ പ്പെട്ട തിരൂരിലെ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിന് അല്പം പടിഞ്ഞാറു മാറിയുള്ള തുഞ്ചൻ പറമ്പാണ് എഴുത്തച്ഛന്റെ ജൻമസ്ഥലമെന്ന് വിശ്വസിക്കപ്പെടുന്നു. കവിയുടെ പേര്, കാലഘട്ടം എന്നിവയെപ്പറ്റിയും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. 16-ാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവിതകാലമെന്ന് പൊതുവെ കരുതപ്പെടുന്നു.

ഭക്തിപ്രസ്ഥാനം കേരളീയാന്തരീക്ഷത്തിൽ വേരുറപ്പിച്ചത് എഴുത്തച്ഛന്റെ കാലഘട്ടത്തിലാണ്. ഭക്തിമാർഗ്ഗത്തെ ജനങ്ങൾക്കിടയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഇതിഹാസങ്ങളിലേയും, പുരാണങ്ങളിലേയും കഥാപാത്രങ്ങളെ ആചാര്യൻ ജനങ്ങൾക്കിടയിൽ പരിചയപ്പെടുത്തി. വൈഷ്ണവഭക്തി പ്രസ്ഥാനത്തിന്റെ രണ്ടു പ്രധാന ശാഖകളാണ് രാമഭക്തിയും കൃഷ്ണഭക്തിയും. ഈ രണ്ടു ശാഖകളിലുമായി കാവ്യരചന നടത്തി. രണ്ടു വിഭാഗക്കാരേയും അദ്ദേഹം ഒരു പോലെ തൃപ്തിപ്പെടുത്തി. മഹാവിഷ്ണുവിന്റെ അവതാരമായ ശ്രീരാമനെ കേന്ദ്രകഥാപാത്രമാക്കി ചിത്രീകരിച്ചുകൊണ്ട് എഴുത്തച്ഛൻ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടു രചിച്ചു. ശ്രീകൃഷ്ണനെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ട് മഹാഭാരതം കിളിപ്പാട്ടും. ഈ രണ്ടു കൃതികൾ മാത്രമാണ് എഴുത്തച്ഛന്റേതെന്ന് തീർത്തു പറയാവുന്ന രചനകൾ. ജനങ്ങളിൽ ആദ്ധ്യാത്മികതയും അതുവഴി ഭക്തിയും വളർത്തുകയായിരുന്നു എഴുത്തച്ഛന്റെ ലക്ഷ്യം. സമൂഹത്തെ സമുദ്ധരിക്കാൻ ഭക്തിക്കു മാത്രമേ സാദ്ധ്യമാവൂ എന്നദ്ദേഹം വിശ്വസിച്ചു. അതിനനുസൃതമായ രീതിയിൽ ഭക്തിക്കു പരമപ്രാധാന്യം നൽകികൊണ്ട് അദ്ധ്യാത്മ രാമായണ കിളിപ്പാട്ടും മഹാഭാരത കിളിപ്പാട്ടും അദ്ദേഹം രചിച്ചു. സംസ്കൃതത്തിലെ ഭക്തിരസപ്രധാനമായ അദ്ധ്യാത്മ രാമായണത്തെയാണ് ആചാര്യൻ തർജ്ജമക്കായി തെരഞ്ഞെടുത്തത്.

ഭാരതത്തിലെ രാമഭക്തി പ്രചാരണത്തിന് വളരെ സഹായിച്ച ഒരു കൃതിയാണ് സംസ്കൃതത്തിലെ വാല്മീകി രചിച്ച അദ്ധ്യാത്മ രാമായണം. രാമനെ ഈശ്വരനായല്ല ഒരു ആദർശ പുരുഷനായാണ് വാല്മീകി അവതരിപ്പിക്കുന്നത്. എന്നാൽ ഭക്തിയിലൂടെ ജനങ്ങളുടെ ധാർമ്മികബോധം ഉയർത്തുക എന്നതായിരുന്നു ആചാര്യന്റെ ലക്ഷ്യം. രാമനെ മഹാവിഷ്ണുവിന്റെ അവതാരമായ ഈശ്വരനായാണ് ഈ കൃതിയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈശ്വരനെ മനുഷ്യനായി കാണാനല്ല, മനുഷ്യനെ ഈശ്വരനായി ഉയർത്താനാണ് എഴുത്തച്ഛൻ ശ്രമിച്ചത്. ഇതിൽ രാമൻ പരബ്രഹ്മവും സീത മഹാമായയുമാണ്. മനുഷ്യമനസ്സിനെ ഭക്തിയിലൂടെ വിമലീകരിക്കുവാൻ എഴുത്തച്ഛൻ ശ്രമിച്ചു. അതിനുവേണ്ടി ഭക്തിയെ മുഖ്യഭാവമായി സ്വീകരിക്കുകയും വിഷ്ണു ഭക്തി പ്രചരിപ്പിക്കുന്നതിന് സഹായമാകും വിധം രാമകഥാഖ്യാനം നടത്തുകയും ചെയ്തു.

എഴുത്തച്ഛന്റെ സങ്കല്പത്തിലെ രാമൻ ഈശ്വരനാണ്. രാമനും സാക്ഷാൽ നാരായണനും കവിയുടെ ദൃഷ്ടിയിൽ ഒന്നാണ്. ഈ സർവ്വേശ്വര സങ്കല്പം വിശിഷ്ടാദ്വൈതത്തിലെ ഈശ്വര സങ്കല്പം തന്നെയാണ്. ദിവ്യാകാരത്തോടു കൂടിയ പരമോന്നത സത്തയാണല്ലോ വിശിഷ്ടാദ്വൈതത്തിലെ ഈശ്വരൻ. രാവണാദികളായ രാക്ഷസരെ വധിക്കുന്നതിനുവേണ്ടി ശ്രീരാമാവതാരവും സ്വീകരിച്ചു. അതിനാൽ ഈ രാമൻ സാക്ഷാൽ വിഷ്ണു തന്നെയാണ്. സീതയാകട്ടെ ജഗത്തിന്റെ സൃഷ്ടിസ്ഥിതിലയങ്ങൾ നിർവ്വഹിക്കുന്നവളായ ഭഗവാന്റെ മായദേവിയും. രാമൻ ദേവകാര്യത്തിനു വേണ്ടിയാണ് വനവാസത്തിനു പോകുന്നത് എന്നും അതിന് കാരണം മന്ഥരയോ കൈകേയിയോ അല്ലെന്നും അതിനാൽ ആരും ദുഃഖിക്കേണ്ടതില്ലെന്നും വാമദേവൻ ബോധ്യപ്പെടുത്തുന്നു.

**രാമനെചിന്തിച്ചു ദുഃഖിയായ്കാരുമേ**
**രാമരാമേതി ജപിപ്പിനെല്ലാവരും**
**നിത്യവും രാമരാമേതി ജപിക്കുന്ന**
**മർത്ത്യനു മൃത്യുഭയാദികളൊന്നുമേ**
**സിദ്ധിക്കയില്ലതെയല്ല കൈവല്യവും**
**സിദ്ധിക്കുമേവനുമെന്നതു**
**നിർണ്ണയം**

രാമനാമജപത്തിന്റെ മാഹാത്മ്യം ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. നിത്യവും ഭഗവന്നാമം ജപിക്കുന്നവർക്കു മൃത്യുഭയാദികളൊന്നും ഉണ്ടാവുകയില്ലെന്നു മാത്രമല്ല ആത്യന്തികമായ കൈവല്യം സിദ്ധിക്കുകയും ചെയ്യും.

നാമസങ്കീർത്തനത്തിൽ ആദ്യം മനസ്സുകൊണ്ട് ഈശ്വരരൂപം സങ്കല്പിക്കുന്നു. പിന്നീടു വാക്കുകൊണ്ടു

സ്തുതിക്കുന്നു. അതിനാൽ സ്മരണവും, ധ്യാനവും, കീർത്തനവും അനുഭവിക്കുന്നു. ഇടതടവില്ലാതെ ഭഗവൽനാമം ജപിക്കുന്നതുമൂലം മനസ്സിൽ മറ്റു വിഷയങ്ങൾ കടന്നു കൂടാതിരിക്കുകയും ക്രമേണ മനസ്സ് ഭക്തിയിൽ ലയിക്കുകയും ചെയ്യുന്നു. അറിഞ്ഞോ അറിയാതെയോ ഭഗവന്നാമം കീർത്തനം ചെയ്യുന്നതിനാൽ സകല പാപങ്ങളും വെള്ളത്തിൽ വീണ ഉപ്പു കട്ടപോലെ അലിഞ്ഞു പോകുന്നു. കലികാലത്ത് നാമസങ്കീർത്തനം വഴി മോക്ഷം നേടാൻ കഴിയുമെന്നു ഭാഗവതത്തിലും കാണാം. നാമസങ്കീർത്തനം പോലെ തന്നെയാണ് നാമജപവും.

പഞ്ചവടിയിൽ വച്ചു മുക്തി മാർഗ്ഗത്തെ കുറിച്ചു അറിയാൻ ആഗ്രഹം പ്രകടിപ്പിച്ച ലക്ഷ്മണന് ശ്രീരാമൻ നൽകുന്ന ഉപദേശത്തിൽ ഭക്തി, ജ്ഞാനം, കർമ്മം എന്നിവയെ കുറിച്ചു വിശദമായി പ്രതിപാദിച്ചിരിക്കുന്നു. ഓരോ വ്യക്തിയുടേയും വാസനയ്ക്കും, കഴിവിനും യോജിച്ചവിധം ഇതിൽ ഏതു മാർഗ്ഗവും അവർക്കു സ്വീകരിക്കാം. ഭക്തിസാധനകളായ സത്സംഗത്തിനും കർമ്മ മാർഗ്ഗത്തിനും ഇതിൽ ഊന്നൽ നൽകിയിരിക്കുന്നു.

മുപ്പതിലേറെ സ്ഥലങ്ങളിൽ തത്ത്വോപദേശങ്ങൾ, പതിനഞ്ചിലേറെ സ്തുതികൾ ഏതാണ്ട് അത്രയും ഭഗവദ് സ്വരൂപവർണ്ണനം ഇത്രയുമൊക്കെ രാമായണം കിളിപ്പാട്ടിൽ കാണാം. വേദോപനിഷത്തുക്കളിൽ കാണുന്ന മിക്ക ആശയങ്ങളേയും സംഗ്രഹിച്ചു സൂചനാരൂപത്തിലും ചേർത്തിരിക്കുന്നു. വേദവേദാന്തസാരസർവ്വസ്വമാണ് രാമായണം എന്നു പറയാം. മൂലഗ്രന്ഥകാരന്റെ മുഖ്യലക്ഷ്യം ധർമ്മമാർഗ്ഗപ്രതിപാദനമായിരുന്നു. ഭക്തിയുടെ വൈശിഷ്ട്യത്തെ പ്രതിപാദിക്കാനാണ് എഴുത്തച്ഛൻ പ്രധാനമായി ശ്രദ്ധിച്ചത്. വ്യക്തിയുടേയും സമുദായത്തിന്റേയും സർവ്വതോന്മുഖമായ വളർച്ചയായിരുന്നു അദ്ദേഹം ലക്ഷ്യമാക്കിയത്. അതിനു ഭക്തിയേക്കാൾ നല്ല മാർഗ്ഗമില്ല.

ഭക്തി സംവർദ്ധകങ്ങളായ 9 മാർഗ്ഗങ്ങളെ ആചാര്യൻ രാമായണത്തിൽ വിശദമാക്കുന്നുണ്ട്. അവ സത്സംഗം, രാമകഥാ വ്യാഖ്യാനം, ഗുരുഭക്തി, രാമപൂജാനുഷ്ഠാനം, രാമമന്ത്രോപാസന, രാമഭക്തന്മാരെ ആദരിക്കൽ, രാമൻ ബ്രഹ്മമാണെന്നു വിശ്വസിക്കുക എന്നിവയാണ്. രാമഭക്തി പ്രേരകമായ ഈ ക്രിയകൾ കാവ്യോചിതമായ രീതിയിൽ എഴുത്തച്ഛൻ അദ്ധ്യാത്മരാമായണത്തിൽ ഉടനീളം സന്നിവേശിച്ചിരിക്കുന്നു. കൗസല്യാസ്തുതി, അഹല്യാസ്തുതി , നാരദസ്തുതി എന്നീ സ്തുതികൾ ഭക്തിരസപ്രധാനങ്ങളാണ്. സത്സംഗത്തിന്റേയും ഗുരുഭക്തിയുടേയും പൂജാനുഷ്ഠാനത്തിന്റേയും മഹത്വം വ്യക്തമാക്കുന്ന സന്ദർഭങ്ങൾ ആഖ്യാനത്തിനിടയിൽ ഒട്ടേറെ സ്ഥലത്തു കാണാം.

**സത്ക്കരിച്ചീടു നീ സത്വരമെന്നുടെ**
**മർക്കടവീരരെയൊക്കവേ സാദരം**
**പ്രീതിയവർക്കും വന്നാലെനിക്കും വരും**
**പ്രീതിയതിന്നൊരു ചഞ്ചലമില്ലകേൾ എന്നും**
**എന്നെക്കനിവോടു പൂജിച്ചതിൽ ഫലം**
**വന്നുകൂടും കപിവീരരെ പൂജിച്ചാൽ**

എന്നും അയോദ്ധ്യയിലേക്ക് പുറപ്പെടുന്ന രാമൻ വിഭീഷണനോടു പറയുന്നിടത്ത് രാമ ഭക്തരെ ആദരിക്കുന്നതിന്റെ മഹത്വം വെളിപ്പെടുന്നു. സന്ദർഭവശാൽ ഒരീശ്വരനാമം ഉച്ചരിക്കേണ്ടഘട്ടം വന്നാൽ വിശേഷണ പദങ്ങൾ കൂട്ടിച്ചേർത്ത് അതിനു സ്ത്രോത്തിന്റെ രൂപം കൊടുക്കുക എഴുത്തച്ഛന്റെ പതിവാണ്. ഉപാസ്യരായ രാമകൃഷ്ണൻമാരെ വാഴ്ത്തുന്ന സമയത്ത്, മിതഭാഷിയായ കവി ഭക്തിയിൽ മുഴുകി വാചാലനാകുന്നു. ബാലകാണ്ഡത്തിൽ കൗസല്യ രാമനെ സ്തുതുക്കുന്നിടത്തും, പരശുരാമ സ്തുതിയിലും ഇപ്രകാരം ധാരാളം നാമങ്ങൾ വിശേഷണങ്ങളായി ഉപയോ ഗിച്ചിരിക്കുന്നു. മൂലത്തിൽ അതിന്റെ സൂചനപോലുമില്ല.

എഴുത്തച്ഛന്റെ സ്തുതികൾ അദ്ധ്യാത്മതത്വങ്ങളേയും നാമജപത്തേയും സമന്വയിപ്പിക്കുന്നു. ആവർത്തിച്ചു വരുന്ന പദങ്ങൾപോലും വ്യത്യസ്തമായ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ശ്രീരാമ, രാമ, ശ്രീരാമചന്ദ്ര ജയ... എന്നു തുടങ്ങുന്ന അദ്ധ്യാരാമയണത്തിലെ ആദ്യവരികളിലെ ശ്രീരാമ ശബ്ദത്തിനു തന്നെ ധാരാളം അർത്ഥങ്ങൾ ഉണ്ട്. കാവ്യരചനയുടെ ഉദ്ദേശ്യത്തിനു അനുയോജ്യമായ വിധത്തിലാണ് കവി നാമസ്മരണയെ സങ്കല്പിച്ചിട്ടുള്ളത്.

കൃതിയിൽ ഉടനീളം അതതു പ്രകരണങ്ങളിൽ അടിക്കടി സാരോപദേശങ്ങളും, സത്യദർശനങ്ങളും, തത്വകഥനങ്ങളും ഉടനീളം കാണാം. ഹനുമാൻ രാവണനെ ഉപദേശിക്കുന്ന ഭാഗത്തുള്ള അകതളിരിലറിവു കുറയുന്നവർക്കേറ്റമുള്ളജ്ഞാനമൊക്കെ നീക്കണം. ബുധജനം എന്ന വരികൾ ഈ പ്രവണതയും ഒരു സാധൂകരണം കൂടിയാവുന്നു. എഴുത്തച്ഛന്റെ ആത്മാർത്ഥതയുടെ ശരിയായ സ്വരം ഇവിടെ കേൾക്കാം. ഈ ഉപദേശതൃഷ്ണയാണ് അദ്ദേഹത്തെ ആചാര്യസ്ഥാനത്തേയ്ക്ക് ഉയർത്തുന്നത്.

രാമരാവണയുദ്ധം നടക്കുന്ന സമയത്തു ശ്രീരാമന്റെ സമീപം അഗസ്ത്യമുനി വന്നെത്തുന്നു. താപത്രയവും, വിഷാദവും എത്ര വിധത്തിലുള്ള ആപത്തുക്കളും അകറ്റുന്നുതും, ശത്രുനാശവും രോഗശാന്തിയും വരുത്തുന്നതും, സൽക്കീർത്തിയും ആയുസ്സും വർദ്ധിപ്പിക്കുന്നതുമായ ആദിത്യഹൃദയമന്ത്രം നിത്യം ജപിക്കാനും ആദിത്യ ഹൃദയം ജപിച്ചു ശത്രുനാശം വരുത്താനും രാമനെ ഉപദേശിച്ചു മുനിമന്ത്രം ഗ്രഹിപ്പിക്കുന്ന,

**സന്താപനാശകരായ നമോ നമഃ**
**അന്ധകാരാന്തകരായ നമോ നമഃ**
**ചിന്തമണേ! ചിദാനന്ദായതേ നമ ഃ**
**നീഹാരനാശകരായ നമോ നമഃ**
**മോഹവിനാശകരായ നമോനമ**
**ശാന്തായ രൗദ്രായ സൗമ്യായ ഘോരായ**
**കാന്തിമതാം കാന്തിരൂപായതേ നമഃ**
**സ്ഥാവരജംഗമാചാര്യായതേ നമഃ**
**ദേവായ വിശ്വൈക സാക്ഷിണേ തേ നമഃ**
**സത്യപ്രധാനായ തത്ത്വായതേ നമഃ**
**സത്യസ്വരൂപായ നിത്യം നമോ നമഃ**
**എന്നതാണ് ആദിത്യഹൃദയമന്ത്രം**

രാമായണത്തിലൂടെ ആചാര്യൻ ജനങ്ങളെ അദ്ധ്യാത്മിക തത്വങ്ങൾ ഉപദേശിക്കുകയും ഭക്തിമാർഗ്ഗത്തിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. എന്നാൽ ജനങ്ങളിൽ ധർമ്മ നിഷ്ഠ വളർത്താനാണ് മഹാഭാരതം കിളിപ്പാട്ടിലൂടെ എഴുത്തച്ഛൻ ശ്രമിക്കുന്നത്. "സത്യം വദ ധർമ്മം ചര" എന്നതാണ് ആർഷഭാരതസംസ്കാരം. ആ സംസ്കാരത്തെ വിളംബരം ചെയ്യുകയാണ് ആചാര്യൻ. ഭക്തികൊണ്ട് പരമാനന്ദ പ്രാപ്തിയുണ്ടാവുമെങ്കിലും കർമ്മാനുഷ്ഠാനവും പ്രധാനമാണെന്ന് ഭാരതം

ഉപദേശിക്കുന്നു. ഭക്തിയും ധർമ്മവും ഇതിൽ സമജ്ജസമായി സമ്മേളിച്ചിരിക്കുന്നു.

ധർമ്മരക്ഷകനും, ഭക്തവൽസലനുമായ കൃഷ്ണനനാണ് മഹാഭാരതത്തിലെ കേന്ദ്രകഥാപാത്രം. ഓരോ പർവ്വവും ആരംഭിക്കുന്നത് ഭഗവൽസ്തുതിയോടെയാണ്. താമരസാക്ഷൻ കഥ കേൾപ്പാൻ ആഗ്രഹിപ്പു ഞാൻ, പൈങ്കിളിപ്പൈതലേ ഭംഗിയിൽ ചൊല്ലു നീ, പങ്കജാക്ഷൻ കഥ പങ്കങ്ങൾ നീങ്ങുവാൻ, ചൊല്ലടോ ചൊല്ലടോ കൃഷ്ണലീലാമൃതം എന്നിങ്ങനെ കൃഷ്ണകഥയാണ് താൻ പറയുന്നതെന്നു കവി വ്യക്തമാക്കുന്നു. മഹാഭാരതം കിളിപ്പാട്ടിൽ ഭക്തിരസ പ്രധാനമായ ധാരാളം കൃഷ്ണസ്തുതികളുണ്ട്. അപൂർവ്വമായി ശിവസ്തുതികളും കാണാം.

എന്തും ചെയ്യുവാൻ സന്നദ്ധനാകുന്ന ആശ്രിതവൽസലനായ കൃഷ്ണനെ അവതരിപ്പിക്കുന്നതു വഴി അശരണരും നിസ്സഹായരും ആയവരെ രക്ഷിക്കുന്ന ഒരു സർവ്വേശ്വര സങ്കല്പമാണ് ആവിഷ്കരിക്കപ്പെടുന്നത്. മൂലഗ്രന്ഥകാരൻ ധർമ്മത്തിന് പരമ പ്രാധാന്യം നൽകിയപ്പോൾ എഴുത്തച്ഛൻ ഭക്തിക്കാണ് പ്രാധാന്യം നൽകിയത്.

രാമയണത്തിൽ രാമൻ ആരാധ്യനും ബഹുമാന്യനുമാണ്. ഭാരതത്തിലെ കൃഷ്ണൻ അവതാര പുരുഷനെന്നതിനേക്കാൾ നമ്മുടെ ഹൃദയത്തോടു ചേർന്ന് നിൽക്കുന്ന പൂർണ്ണവ്യക്തിയാണ്. അവതാരമാണെങ്കിലും മനുഷ്യവേഷം ധരിച്ചു അദ്ദേഹത്തിൽ മാനുഷികമായ വികാരങ്ങളും ദൗർബല്യങ്ങളും കാണാൻ കഴിയും. തന്റെ ഭക്തൻമാർക്കു വേണ്ടി എന്തു ത്യാഗവും ചെയ്യാൻ തയ്യാറാവുന്ന ധർമ്മനിഷ്ഠനായ ഒരു മിത്രമാണ് എഴുത്തച്ഛന്റെ കൃഷ്ണൻ. രക്ഷകനായ ഈശ്വരന്റെ ഭാവവും കവി കൃഷ്ണനിൽ അവതരിപ്പിക്കുന്നുണ്ട്. അദ്ദേഹം പലപ്പോഴും നിസ്സംഗനായും പ്രത്യക്ഷപ്പെടുന്നു. നിർവികാരതയോടെ യുദ്ധരംഗത്തു പെരുമാറുന്ന കൃഷ്ണൻ ഗാന്ധാരിയുടെ ശാപം ഏറ്റുവാങ്ങുന്ന സന്ദർഭത്തിലും പ്രകടമായി കാണുന്നത് ഈ നിസ്സംഗത തന്നെയാണ്. രക്ഷകൻ നിർമ്മലൻ എന്നീ നിലകളിലും മായാരൂപനായ കൃഷ്ണനെ കവി അവതരിപ്പിക്കുന്നുണ്ട്.

വർണ്ണനാപരമായ ശൈലിയാണ് എഴുത്തച്ഛൻ മഹാഭാരതം കിളിപ്പാട്ടിൽ സ്വീകരിക്കുന്നത്. കർമ്മ സിദ്ധാന്തങ്ങൾ, സാംഖ്യം, യോഗം തുടങ്ങിയ ദർശനങ്ങൾ ധർമ്മാർത്ഥ കാമമോക്ഷങ്ങൾ നേടാനുള്ള മാർഗ്ഗം എന്നിവയെല്ലാം പ്രതിപാദിച്ചുള്ളത് അശുഭമകറ്റാൻ മികച്ച ഒരുപായമായിട്ടുള്ളതുമാണ്. മഹാഭാരതകഥ ശ്രീകൃഷ്ണനെ പരാമർശിക്കാനവസരം കിട്ടുന്നിടത്തെല്ലാം ഭഗവന്നാമാവലി യഥേഷ്ടം പ്രയോഗിക്കുന്നതു കാണാം.

കൃഷ്ണഭക്തി ആവിഷ്ക്കരിക്കാൻ രണ്ടു രീതിയാണ് എഴുത്തച്ഛൻ സ്വീകരിക്കുന്നത്. സ്തുതിയും നാമോച്ചാരണവും കറകളഞ്ഞ ഭക്തിയുടെ പരിവേഷം മഹാഭാരതത്തിലെ സ്തുതികളിലും കാണാം. മഹാഭാരത കിളിപ്പാട്ടിന്റെ സമാരാധ്യതക്കുള്ള പ്രധാന കാരണം അതിലെ ഭക്തിരസം തുളുമ്പുന്ന ഭഗവൽ സ്തുതികളാണ്. കവി കൃഷ്ണനാമങ്ങൾ ഉച്ചരിച്ചു കാവ്യാന്തരീക്ഷം ഭക്തിസാന്ദ്രമാക്കുന്നു. ഈ സ്തുതികളിലും സങ്കീർത്തനങ്ങളിലും പലേടത്തും പരമാത്മാവ് നിർഗുണനും കേവലനുമായ ഭഗവാനായി പ്രത്യക്ഷപ്പെടുന്നു. കൃഷ്ണൻ, കരുണാകരൻ, കമലാകരൻ, വൃഷ്ണി കുലാധിപൻ, വിശൈക നായകൻ, വിഷ്ണു വിമലൻ, വിരിഞ്ചാദിവന്ദിതൻ, ജിഷ്ണു മുഖാമര സേവിതൻ, മാധവൻ എന്നിങ്ങനെ സഗുണരൂപത്തിൽ കണ്ടു കൊണ്ടുള്ള സ്തുതിയും കാണാം. ധാരാവാഹിയായ പദപ്രയോഗവും, ഭക്തിരസവും ഇത്തരം ഭാഗങ്ങളിൽ പ്രകടമാണ്. ആസ്തിക പർവ്വത്തിലെ ശിവസ്തുതി, സംഭവ പർവ്വത്തിലെ സൂര്യസ്തുതി, അതിലെ തന്നെ ശാർക്കു പക്ഷികളുടെ ജാതവേദസ്തുതി തുടങ്ങിയവയും എടുത്തു പറയാവുന്നതാണ്. സ്തുതികളിൽ കൂടുതൽ ഹൃദയാവർജ്ജകങ്ങളായവ വിഷ്ണുസ്തുതികളാണ്. സംഭവപർവ്വത്തിലെ ദേവകളുടെ വിഷ്ണുസ്തുതി സദാപർവ്വത്തിൽ ജരാസന്ധന്റെ തടവിൽ നിന്നു രക്ഷപ്പെട്ട രാജാക്കൻമാരുടെ നാരായണസ്തുതി, സംഭവപർവ്വത്തിലേയും ഉദ്യോഗപർവ്വത്തിലെയും വിശ്വരൂപ ദർശനം, ഭീഷ്മപർവ്വത്തിലെ ഭീഷ്മ സ്തുതിയും, ശാന്തിപർവ്വത്തിൽ യുധിഷ്ഠരൻ നടത്തുന്ന കൃഷ്ണ സ്തുതി എന്നിവ യെല്ലാം ഭക്തിഭാവം കൊണ്ടു അതീവ ഹൃദ്യമാണ്. ഇത്തരം സ്തുതികളാണ് മഹാഭാരതത്തിന്റെ ആന്തരചൈതന്യത്തിനു മാറ്റു കൂട്ടുന്നത്. വിഷ്ണു ഭഗവാന്റെ സഹസ്രനാമങ്ങളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളതാണ് നാരായണ നാമം. ഭക്തിയോടുകൂടി ഈ നാമം മാത്രം ചൊല്ലിയാലും വിഷ്ണു സഹസ്രനാമം ചൊല്ലിയ ഫലം സിദ്ധിക്കുമത്രേ.

വ്യക്തിയുടെ ജീവിതത്തെ മൂല്യാധിഷ്ഠിതമാക്കാനുള്ള ത്വര എഴുത്തച്ഛനിലുണ്ട്, അതിനനുസൃതമായി ധാരാളം ഉപദേശങ്ങളും ഭഗവൽകഥകളിലൂടെ അദ്ദേഹം നൽകുന്നുണ്ട്. ഇതു മിക്കവാറും വേദാന്തപരമായ വ്യാഖ്യാന മുൾക്കൊള്ളുന്ന പ്രാകരണങ്ങളിലൂടെയാണ്.

ദുഷ്ടകഥാപാത്രങ്ങളുടെ പതനം ആചാര്യനിൽ നിർമ്മബോധം ഉണർത്തുന്നതു കാണാം. ഇത് അദ്ദേഹത്തെ മറ്റു രാമകഥാകാരൻമാരിൽ നിന്നും വേർതിരിച്ചു നിർത്തുന്നു. ഭൗതിക ജീവിതത്തിന്റെ നിസ്സാരതയെ അതിവർത്തനം ചെയ്യാനുള്ള ഉദ്ബോധനം എഴുത്തച്ഛൻ നൽകുന്നു. ഭക്തിയിലൂടെ ജീവിതത്തെ ധർമ്മപ്രവണമാക്കി തീർക്കുക എന്നതാണ് ആചാര്യൻ ലക്ഷ്യമാക്കിയിരിക്കുന്നത്. സത്സംഗത്തേക്കാൾ നല്ലതായി ഒന്നുമില്ല എന്ന് സംഭവപർവ്വത്തിൽ വേദവ്യാസോൽപ്പത്തിയിൽ വ്യക്തമാക്കുന്നുണ്ട്. സത്സംഗത്തിന്റെ മഹിമ അവസരം കിട്ടുമ്പോഴെല്ലാം എടുത്തു കാണിക്കുന്നുണ്ട്.

**സത്സംഗം കൊണ്ടല്ലയോ നല്ലതു വന്നുകൂടും**
**നല്ലവരോടു കൂടി സംസർഗ്ഗമുണ്ടായ് വന്നാൽ**
**നല്ലതുമാകാത്തതുമുണ്ടാമെന്നിരിക്കലും**
**നല്ലതുപോകയില്ല പോകുമാകാത്തതെല്ലാം**
**നല്ലതില്ലേതും മറ്റു സത്സംഗത്തിനു സമം**

ചൂതിൽ തോറ്റ പാണ്ഡവരുടെ പത്നിയായ ദ്രൗപതിയെ ദുശ്ശാസനൻ രാജസഭയിൽ വച്ചു വസ്ത്രാക്ഷേപം ചെയ്യുന്നു. ഈ സമയത്തു ദ്രൗപതി സാക്ഷാൽ മഹാവിഷ്ണു സങ്കല്പത്തിലുള്ള കൃഷ്ണനെ വിളിച്ചു കേഴുന്നു. വിശ്വം മുഴുവനും വ്യാപിച്ചിരിക്കുന്ന

വനും, ജഗത്തിനു രക്ഷകനായിട്ടുള്ള വനുമായ വിഷ്ണു തന്നെയാണ് വൃഷ്ണികുലോൽഭവനായി കൃഷ്ണനായ വതരിച്ചിരിക്കുന്നത് എന്ന സത്യം കൃഷ്ണയ്ക്കറിയാം. ചക്രപാണിയും വരാഹനരസിംഹ സ്വരൂപനും ദയാപരനുമായ ശ്രീവാസുദേവൻ തന്നെ പരിപാലിക്കണേയെന്നാണ് ദ്രൗപതി ഉള്ളുരുകി പ്രാർത്ഥിക്കുന്നത്.

**നാരായണ ഹരേ! രാമ!ദയാപര!**
**വിഷ്ണോ! ജഗല്പതേ! വൃഷ്ണിക**
**ലോത്ഭവ!**
**കൃഷ്ണ! യദുപതേഃ പാഹി നമോ നമഃ**
**ശ്രീ വാസുദേവ!ധരണീധര ചക്ര**
**പാണേ! വരാഹനരസിംഹരാഘവാ**
**പത്മനാഭ!കൃഷ്ണ,രാമ!മുരഹരേ**
**പത്മാവലോകന!പത്മാലയാപതേ!**
**ദേവദേവ!ഹരേ!തേ നമോ നമഃ**
**ദേവാധിനാഥ!ഹരേ!തേ നമോ നമ!**
**ദേവകീനന്ദന!പാഹിനമോ നമ!**

വിരാടപർവ്വത്തിൽ ഉത്തരന്റെ ഭീതിയകറ്റാൻ അർജ്ജുനൻ പത്തുനാമങ്ങളും അവനെ കേൾപ്പിക്കുന്നു. ഈ പത്തു നാമങ്ങളും നിത്യം ജപിക്കുന്നവരെ എല്ലാ വിധ ഭയവും വിട്ടൊഴിഞ്ഞു പോവും എന്നും അറിയിക്കുന്നുണ്ട്.


**അർജ്ജുനൻ, ഫൽഗുനൻ, പാർത്ഥൻ**
**വിജയനും വിശ്രുതമായ പേർ**
**പിന്നെ ക്കിരീടിയും**
**ശ്വേതാശ്വനെന്നും ധനജ്ജയൻ,**
**ജിഷ്ണുവും**
**ഭീതിഹരൻ സവ്യസാചി**
**ബീഭൽസുവും**
**പത്തു നാമങ്ങളും നിത്യം ജപിക്കനീ**
**ഭക്ത്യഭയങ്ങളകന്നുപോം നിശ്ചയം**

കൃഷ്ണന്റെ ഉപദേശപ്രകാരം യുദ്ധവിജയത്തിനായി പാണ്ഡവർ അദ്ദേഹവുമൊത്ത് ഭീഷ്മരെത്തന്നെ അഭയം പ്രാപിക്കുന്നു. ഈ സന്ദർഭത്തിലും ഭീക്ഷ്മരുടെ ഭക്തിപൂർവ്വമുള്ള കൃഷ്ണസ്തുതി കാണാം.

**നരകഹര! ദുരിതഹര/മുരമഥന//**
**മധുമഥന!**
**നാരദസേവിത! നാരായണാ ഹരേ!**
**നിഗമമയ!നിഖിലജഗഭവന! ഹൃദി**
**സംഭവ!**
**നിഷ്കള! നിർഗുണ! നിശ്ചല!**
**നിർമ്മല!**
**നിരതിശയ! നിരുപമ! നിരജ്ജന/**
**നിരാധാര!**
**നൃത്യ! നിരാമയ!നീരജലോചന!**
**നിയമപരജനഹൃദയനിലയന/**
**നമോസ്തുതേ!**
**നിചജനാന്തക/നീതിസ്ഥിതികര!**
**നിഖിലനിശിചര നിവഹഗമനപര!**
**ദൈവമേ**
**നീരദവർണ്ണ! നിരാകുല! നിർമ്മമ!**
**നി വസ മമഹൃദിസതതമതിന്**
**തൊഴുതീടുന്നേൻ**
**നീളാകുചാഭോഗമേളാഭരണമേ!**
**നിജചരണ നളിനനതജന സുഖ**
**പരായണ**
**നിത്യം നമസ്തുതേ നിത്യം നമ**
**സ്തുതേ!**

♦

# വിദ്യാർത്ഥികളും രാഷ്ട്രീയവും



നല്ല കൂട്ടിപ്പിടുത്തമുള്ള വിദ്യാർത്ഥി സംഘടനയ്ക്ക് രാജ്യസേവനത്തിനുള്ള ശക്തമായ ഒരുപകരണമാകാൻ കഴിയും. അവരുടെ ലക്ഷ്യം ഒന്നുമാത്രമേ ആകാവൂ. മാതൃഭൂമിയുടെ സേവനം. അതിനവർക്ക് എന്തുചെയ്യാം എന്നു കണ്ടെത്തണം. നല്ല കുശാലുള്ള ഏതെങ്കിലും ശമ്പളത്തൊഴിലിനു പിറകേ പോകാനുള്ളതാകരുത് അവർക്കു വിദ്യാഭ്യാസം. സേവനജ്ഞാനമാണ് വിശിഷ്ടം. പ്രക്ഷോഭണങ്ങളിലൊക്കെ പങ്കെടുക്കുന്നത് വിദ്യാഭ്യാസം കഴിഞ്ഞിട്ടു മതി. പഠിപ്പുകാലം ജ്ഞാനവർദ്ധനവിനുള്ളതാണ്. ഇന്നത്തെ നിർദ്ദിഷ്ടമട്ടിലുള്ള വിദ്യാഭ്യാസം ജനവിരുദ്ധമാണ്. എന്നാൽ കുറെയൊക്കെ അത് ജനോപകാരപ്രദമാക്കാവുന്നതാണ്. അതു കൊള്ളാവുന്നതാണോ എന്നറിയാനുള്ള അല്പപരീക്ഷണമിതാണ്. അന്നവസ്ത്രാദികളുടെ ഉത്പാദനത്തിനു സഹായിക്കുമോ അത്? സഹായകമായ അറിവ് നന്ന്. ഇന്ന് നാടാകെ അരങ്ങേറുന്ന മനുഷ്യക്കുരുതി തടയാൻ ഫലപ്രദമായ എന്തു നീക്കമാണ് വിദ്യാർത്ഥിലോകത്തിൽ നിന്നുണ്ടായിട്ടുള്ളത്? ഇക്കാര്യത്തിൽ അവർക്ക് കാര്യമായൊന്നും ചെയ്യാനായിട്ടില്ലെന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല. അതിനാൽ വിദ്യാഭ്യാസത്തിന്റെ തകരാറെന്തെന്നു കണ്ടു പിടിക്കാനും സാധ്യമായ പരിഹാരങ്ങൾ വ്യക്തിപരമായ തലത്തിലെങ്കിലും ചെയ്യാനും സംഘടനകൾക്കു കഴിയണം. ഇത്തരം സൃഷ്ടിപരമായ സമീപനം രാജ്യത്തെ രാഷ്ട്രീയപ്രവർത്തനത്തിനും ഗുണകരമാണ്.

സ്വാതന്ത്ര്യസമരകാലത്ത് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ഞാൻ പറഞ്ഞതെല്ലാം വിസ്മരിക്കപ്പെട്ടിരിക്കുന്നു. കോളേജ്, സ്കൂൾ കുട്ടികളെ ഞാൻ രാഷ്ട്രീയത്തിന് ക്ഷണിച്ചിട്ടില്ല. അക്രമരഹിതമായ നിസ്സഹകരണത്തെക്കുറിച്ച് ഞാൻ ആവർത്തിച്ചു വ്യക്തമാക്കിയിട്ടുള്ളതാണ്. വിദ്യാർത്ഥികൾ സ്കൂളുകളും കോളേജുകളും ബഹിഷ്കരിക്കണമെന്നു ഞാൻ പറഞ്ഞു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മഹാസമരത്തിൽ പങ്കെടുക്കണമെന്നും ഇക്കാര്യത്തിൽ ദേശീയ മഹാവിദ്യാലയങ്ങളെയും കോളേജുകളെയും ഞാൻ പ്രോത്സാഹിപ്പിച്ചിരുന്നു.

ഹരിജൻ : 7.9.1947

# ദേവീസ്തവം

**(വ്യാസാദി ഋഷികൾ ചെയ്ത ദേവീസ്തവം മഹാഭാരതത്തിൽ നിന്ന്)**

- വി.കെ. ശങ്കരൻകുട്ടി

**നാ**രായണി, ത്രിഭൂവനേശ്വരി, ഭവതിക്ക് വന്ദനം, നീ സിദ്ധിയാണ്, ധൂതിയാണ്, നീ കീർത്തിയാണ്, വിദ്യയാണ്, ശ്രീയാണ്, സന്നതിയാണ്, മതിയാണ്, സന്ധ്യയാണ്, രാത്രിയാണ്, പ്രഭയാണ്, നിദ്രയാണ്, നീ കാളരാത്രിയുമാണ്.

ആര്യ, കാർത്ത്യായനി, ദേവി, കൌശികി, ബ്രഹ്മചാരിണി, സിദ്ധസേനന്റെ ജനനീ, ഉഗ്രചാരി, മഹാബല, ജയ, വിജയ, തുഷ്ടി, പുഷ്ടി, ദയ, ക്ഷമ, യമന്റെ ഭഗിനി, ജേഷ്ഠ, നീലകൌശേയവാസിനി, ബഹുവിരൂപ, പിരൂപ, അനേകരൂപിണി, വിരൂപാക്ഷി, വിശാലാക്ഷി, ഭക്തപരി രക്ഷിണി, ഘോരമായ ശൈലാഗ്രങ്ങൾ തോറും, പുഴകൾ തോറും, ഗുഹതോറും കാടുകൾ തോറും, പൂവനം തോറും, അല്ലയോ മഹാദേവീ, നീ അധിവസിക്കുന്നു.

പുളിന്ദന്മാരും, ബർബ്ബരന്മാരും, ശബരന്മാരും, ദേവീ നിന്നെ പൂജിക്കുന്നു. മയൂരപിഞ്ഛൂര ധ്വജിനി, നീ ലോകത്തെ കയറി നില്ക്കുന്നു. ദേവീ, നീ കുക്കുടം, ഛാഗം, മേക്ഷം, സിംഹം, വ്യാഘ്രം ഇവയോടുക്കൂടി ഉല്ലസിക്കുന്നു. നിഘണ്ടാനിനാദ ബഹളയായി വിന്ധ്യാവാസിനിയായി വിശ്രുതയായി വിരാജിക്കുന്നു. ത്രിശൂലിയും, പട്ടസം ധരിച്ചവളും ചന്ദ്രസൂര്യ പതാകിനിയും , കൃഷ്ണപക്ഷത്തിൽ നവമി, ശുക്ലപക്ഷത്തിലെ ഏകാദശി, ഇങ്ങനെ ഭവതി വിളങ്ങുന്നു. ബലദേവന്റെ ഭഗിനിയായി, രജനിയായി കലഹപ്രിയയായി, സർവ്വഭൂതാവാസയായി, ഭൂതനിഷ്ഠയായി, പരയായ ഗതിയായി നീ വിലസുന്നു. നന്ദഗോപന്റെ തനയ യായി അപരാജിതയായി, ചിരവാസയായി, സുവാസയായി, രൌദ്രിയായി സന്ധ്യയായി ദേവീ, നീ പ്രശോഭിക്കുന്നു.

പ്രകീർണ്ണ കേശിനി, മൃത്യു, സുരാ, മാംസ ബലിപ്രിയ, എന്നിങ്ങനെ അലക്ഷീരൂപത്തിൽ വന്ന ലക്ഷ്മിയായി, ദാനവവധത്തിന് ഉദ്യുക്തയായി ദേവീ, നീ വിളങ്ങുന്നു.

വേദങ്ങൾക്ക് സാവിത്രിയായി, ഭൂതഗണത്തിന് മാതാവായി, കന്യകൾക്ക് ബ്രഹ്മചര്യമായി, പ്രമദമാരിൽ സൗഭാഗ്യമായി, ഋത്വിക്കുകൾക്ക് വേദിയായി, യജ്ഞങ്ങൾക്ക് ദക്ഷിണയായി, കർഷകന്മാർക്ക് വയലായി, ഭൂതങ്ങൾക്ക് ധരിത്രിയായി, കപ്പൽ യാത്രക്കാർക്ക് സിദ്ധിയായി, സാഗരത്തിന് വേലയായി, യക്ഷർക്ക് യക്ഷിയായി, പ്രമഥനാഗർക്ക് സുരസമായി, നീ പ്രശോഭിക്കുന്നു. ബ്രഹ്മവാദികൾക്ക്ദീക്ഷയായി, പരമശോഭനയായി, ജ്യോതി സ്സുകൾക്ക് പ്രഭയായി, നക്ഷത്രങ്ങൾക്ക് രോഹിണിയായി, രാജദ്വാരങ്ങൾ ദുർഗ്ഗങ്ങൾ, നദീയോഗങ്ങൾ എന്നിവിടങ്ങളിൽ പൂർണ്ണയായി, ചന്ദ്രനിൽ പൂർണ്ണിമയായി, ബുദ്ധിയായി, ശുചിയായി, അംബികയായി, ദേവീ നീ പ്രശോഭിക്കുന്നു. വാല്മീകിയിൽ സരസ്വതിയായി, ദ്വൈപായനനിൽ സൂമിയായി, ഋഷികളിൽ ധർമ്മ ബുദ്ധിയായി, ദേവകളിൽ മാനസിയായി, ഭൂതങ്ങളിൽ സുരാദേവിയായി, സ്വകർമ്മത്താൽ ദേവീ നീ സ്തുതികളെ ഏല്ക്കുന്നു.

സഹസ്രദൃക്കായ ഇന്ദ്രന് നീ മനോഹരമായ അക്ഷികളാണ്. അഗ്നിഹോത്രികളായ തപസ്വികൾക്ക് നീ അരണീദേവിയാകുന്നു. സർവ്വഭൂതങ്ങൾക്കും നീ ക്ഷുധയാകുന്നു. ദേവൻമാർക്ക് നീ തൃപ്തിയാകുന്നു. സ്വാഹ, തുഷ്ടി, ധൃതി, മേധ, വസുക്കൾക്ക് വസുമതി എന്നിങ്ങനെ നാനാരൂപത്തിൽ നീ വിളങ്ങുന്നു. മനുഷ്യർക്ക് നീ ആശയാകുന്നു. കർമ്മം ചെയ്യുന്നവർക്ക് നീ പുഷ്ടിയാകുന്നു. നീ ദിക്കും വിദിക്കും ആകുന്നു. അപ്രകാരം അഗ്നി, ശിവ, പ്രഭ, ശകുനി, പൂതന ദാരുണയായ രേവതി ഇങ്ങനെയെല്ലാം വിളങ്ങുന്നു. സർവ്വ ഭൂതങ്ങൾക്കും നീ നിദ്രയാകുന്നു. ക്ഷത്രിയർക്ക് മോഹിനിയാകുന്നു. വിദ്യകളിൽ നീ ബ്രഹ്മവിദ്യയാകുന്നു. നീ ഓങ്കാരവഷൾക്രിയകളാകുന്നു. സ്ത്രീകളിൽ നീ പാർവ്വതിയാണെന്ന് പൌരാണികരായ ഋഷിമാർ പറഞ്ഞിട്ടുണ്ട്. പ്രജാപതി പറയുന്നു സാദ്ധ്വികളിൽ നീ അരുന്ധതിയാകുന്നു എന്ന്. വിവാദശീലർക്ക് നീ ഭേദമാകുന്നു. നീ ദേവികളിൽ പ്രസിദ്ധയായ ഇന്ദ്രാണി യാകുന്നു. നീ ഈ ചരാചരങ്ങൾ നിറഞ്ഞ ലോകത്തിൽ സർവ്വത്ര വ്യാപിച്ചിരിക്കുന്നു. എല്ലാ യുദ്ധങ്ങളിലും അഗ്നി കത്തുന്ന ഇടങ്ങളിലും, പുഴകളുടെ തീരങ്ങളിലും ഭയങ്കരമായ കാട്ടുപ്രദേശങ്ങളിലും പ്രവാസത്തിൽ, രാജബന്ധനത്തിൽ, ശത്രുവധത്തിൽ, പ്രാണത്യാഗത്തിൽ ഈ വക സന്ദർഭ ങ്ങളിലെല്ലാം നരൻമാർക്ക് നീ മാത്രമാകുന്നു രക്ഷ! അതിൽ യാതൊരു സംശയവുമില്ല!

ദേവീ, നീ എന്റെ ഹൃദയമാകുന്നു. നീ എന്റെ ചിത്തമാകുന്നു. നീ എന്റെ മനസ്സാകുന്നു. ദേവീ, നീ എന്നെ സകലപാപങ്ങളിൽ നിന്നും രക്ഷിക്കണേ! കനിയണേ! ♦

## ത്രിപുരസുന്ദരീ ചതുഃഷഷ്ട്യുപചാര സ്തോത്രം

നന്ദകുമാർ എൻ.മേനോൻ

**ആസവം അമൃതമാണിതാ ചഷക പൂരിതം തവ ധരിയ്ക്കനീ**
**ആചമിപ്പതിനു തീർത്ഥമിന്നു സുമശീതളം ഇതു കുടിയ്ക്കനീ**
**വീടികാ ഖദിര ചേർന്നു നല്ല കർപ്പൂരമൊത്തിതു ചവയ്ക്കനീ**
**ഉല്ലസിച്ചതിവിലാസമോടുമാനന്ദമൊത്തനി ചിരിയ്ക്കനീ**

വീടികാ= താമ്പൂലം. ഏലം, കരയാമ്പൂ, ജാതിക്കാ, ജാതിപത്രി, പച്ചക്കർപ്പൂരം മുതലായ സുഗന്ധ്യദ്രവ്യങ്ങൾ കൂട്ടിയ മുറുക്കാൻ.

# മംഗൾയാനിനു മംഗളം നേരുന്നു

– സി. രാമചന്ദ്രൻ (ISRO ശാസ്ത്രജ്ഞൻ, Rtd)

ഇന്ത്യയുടെ ഏറ്റവും പുതിയ ബഹിരാകാശപദ്ധതി ആയ മംഗൾ യാൻ എന്ന ചൊവ്വാ പര്യവേഷണ ഉപഗ്രഹം വിജയകരമായി വിക്ഷേപിക്കപ്പെട്ടത് രാജ്യത്തിന് അഭിമാനം നേടിത്തന്നിരിക്കുകയാണ്. ചാന്ദ്രയാനിന്റെ വിക്ഷേപണത്തിനു ശേഷം ജനശ്രദ്ധപിടിച്ചു പറ്റിയ ഒരു ദൗത്യമാണിത്. വിക്ഷേപണം വിജയകരമായിരുന്നുവെങ്കിലും ലക്ഷ്യത്തിലെത്താൻ ഒരു വർഷത്തിൽ താഴെ സമയമെടുക്കും. അതിനിടയിലുള്ള കാലയളവും ഉദ്വേഗം നിറഞ്ഞതായിരിക്കും.

ചാന്ദ്രയാനിന്റെ വിക്ഷേപണം നാലു ലക്ഷം കിലോമീറ്റർ മാത്രം അകലെയുള്ള ചന്ദ്രനിലേക്കായിരുന്നുവെങ്കിൽ ഇപ്പോഴിത് ഏകദേശം പത്തുകോടി കിലോമീറ്റർ അകലെ, ചൊവ്വയിലേയ്ക്കാണ്. ചൊവ്വയുടെ ഭ്രമണപഥത്തിലെത്തിയാൽ അത് ചൊവ്വയോടൊപ്പം 40ൽ പരം കോടി കിലോമീറ്റർ അകലെ വരെ എത്തിച്ചേരും. അതിന്റെ വിജയകരമായ യാത്രയ്ക്ക് എല്ലാ മംഗളങ്ങളും നേരാം. ചൊവ്വയുടെ ഭ്രമണപഥത്തിലെത്തിയാൽ അത് ചന്ദ്രയാൻ ചന്ദ്രനെക്കുറിച്ചെന്നപോലെ നിരീക്ഷണം നടത്തി ചൊവ്വയുടെ വിവരങ്ങൾ തരും. പഠനയോഗ്യമായ വിലപ്പെട്ട വിവരങ്ങൾ ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

ഇതിനു മുടക്കുന്ന പണത്തിനനുസരിച്ച എന്തു പ്രയോജനമാണ് ഇതുകൊണ്ടുണ്ടാകുന്നത് എന്ന വിമർശനപരമായ ചോദ്യം പല ഭാഗത്തുനിന്നും ഉയർന്നു വന്നു. ശാസ്ത്രസാങ്കേതിക രംഗത്ത് രാജ്യത്തിന്റെ മികവു തെളിയിക്കുന്ന ഇത്തരം സംരംഭങ്ങളിൽ നിന്ന് ഒഴിഞ്ഞു നില്ക്കുന്നത് ഒട്ടും അഭികാമ്യമല്ല. മംഗൾയാൻ പദ്ധതിക്ക് 400 കോടിയാണ് ചിലവ്. രാജ്യത്തിന്റെ മൊത്തം സാമ്പത്തിക നിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് വളരെ ചെറിയൊരു ശതമാനമേ വരൂ. മാത്രമല്ല ഇന്നു നടക്കുന്നു എന്നു പറയുന്ന അഴിമതികളുടെ തുകകൾ പോലും ഇതിനേക്കാൾ എത്രയോ ഭീമമാണ്.

നമ്മുടെ ഒരു അവയവം പ്രവർത്തനരഹിതമാകുമ്പോഴാണ് അതിന്റെ പ്രാധാന്യം നാം തിരിച്ചറിയുന്നത്. സാധാരണ നിലയിൽ അതറിയുന്നില്ല. കണ്ണുള്ളപ്പോൾ കണ്ണിന്റേയും, കേൾവിയുള്ളപ്പോൾ ചെവിയുടേയും മഹിമ നമുക്ക് വിവേചിച്ചറിയാനാവില്ല. വിദൂരങ്ങളിലെ ഉറ്റവരുമായി സംസാരിക്കുമ്പോഴാകട്ടെ, അകലങ്ങളിലെ കാഴ്ചകൾ സ്വീകരണമുറിയിലിരുന്നു കാണുമ്പോഴോട്ടെ, കാലാവസ്ഥാ വിവരങ്ങൾ മുൻകൂട്ടി അറിയുമ്പോഴാകട്ടെ, പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പു ലഭിക്കുമ്പോഴാകട്ടെ ഇതു ബഹിരാകാശ ഗവേഷണവുമായി ബന്ധപ്പെട്ട ഗുണഫലങ്ങളാണെന്ന് ആരും ഓർക്കാറില്ല. കിഴക്കൻ തീരത്ത് അടുത്തയിടെ വീശിയടിച്ച ഫൈലിൻ എന്ന ചുഴലിക്കാറ്റിന്റെ ഗതി ഒരു ദൃക്സാക്ഷി വിവരണമെന്നോണം നൽകിക്കൊണ്ട് എല്ലാ പ്രതിരോധ പ്രവർത്തനങ്ങളും സമയബന്ധിതമായും കാര്യക്ഷമമായും നിർവ്വഹിക്കുവാൻ സഹായിച്ചതും നമ്മുടെ അപായ മുന്നറിയിപ്പു ഗ്രഹങ്ങളുടെ കുറ്റമറ്റ പ്രവർത്തനമാണ്. എല്ലാ ശാസ്ത്ര പരീക്ഷണങ്ങളും ഉടനടി സാമ്പത്തിക നേട്ടം തരണമെന്നു ശഠിക്കാനാവില്ല.

പ്രാചീന കാലം മുതൽ തന്നെ ചൊവ്വ ഗ്രഹം മനുഷ്യന്റെ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു; അതൊരു ഗ്രഹമാണെന്നു തിരിച്ചറിയുകയും ചെയ്തിരുന്നു. ചൊവ്വയിൽ മനുഷ്യനെപ്പോലുള്ള ജീവികളുണ്ടെന്നും ഒരു കാലത്ത് വിശ്വസിച്ചിരുന്നു. എച്ച്. ജി. വെൽസിന്റെ പ്രസിദ്ധമായ ഗോളാന്തരയുദ്ധം എന്ന കൃതി ചൊവ്വാ മനുഷ്യനും ഭൗമ മനുഷ്യനും തമ്മിലുള്ള യുദ്ധത്തിന്റെ കഥ പറയുന്നതാണ്. ദൂരദർശിനിയിലൂടെ നോക്കുമ്പോൾ കണ്ട ചില ചാലുകൾ ജലസേചനത്തിന്റെതാണെന്നു തെറ്റിദ്ധരിച്ചതിനാലുള്ള വ്യാഖ്യാനങ്ങളാകാം ഭാവനയെ ഉദ്ദീപ്പിച്ചിരിക്കുക. ടെലസ്കോപ്പുകൾ കണ്ടുപിടിക്കുന്നതിനു മുൻപും ചൊവ്വയെ സംബന്ധിച്ച ചില വിവരങ്ങൾ ജ്യോതിഷികൾ കണ്ടെത്തിയിരുന്നു. ചൊവ്വ ഒരു ഗ്രഹമാണെന്നും അത് ഏതാണ്ട് 700 ദിവസം കൊണ്ട് ക്രാന്തി വൃത്തത്തിൽ ഒരു വട്ടം സഞ്ചരിക്കുന്നു എന്നും മനസിലാക്കിയിരുന്നു. എന്നാൽ ഗ്രഹങ്ങളെല്ലാം ദൂമിയെയാണ് വലം വയ്ക്കുന്നതെന്നാണ് അവർ ധരിച്ചിരുന്നത്. മാത്രമല്ല സൂര്യനും ചന്ദ്രനും ഗ്രഹങ്ങളാണെന്നു തെറ്റിദ്ധരിക്കുകയും ചെയ്തു; ഭൂമി ഒരു ഗ്രഹമാണെന്നു തിരിച്ചറിഞ്ഞതുമില്ല. അവർ ഗ്രഹമെന്നു ധരിച്ചിരുന്ന ഏഴു ഗോളങ്ങളുടെ പേരുകളാണ് ആഴ്ചയിലെ ഓരോ ദിവസങ്ങൾക്കും നൽകിയത്.

ഗ്രഹങ്ങളെല്ലാം സൂര്യൻ എന്ന നക്ഷത്രത്തെയാണ് വലം വയ്ക്കുന്നത് എന്ന അറിവ് വലിയ ഒരു വിപ്ലവമായിരുന്നു. കോപ്പർ നിക്കസ് അത് കണ്ടുപിടിക്കുകയും ബ്രൂണോ അത് വിളിച്ചു പറയുകയും ചെയ്തപ്പോൾ വലിയ കോലാഹലവുമുണ്ടായി. ബൈബിളിലെ പല കഥാസന്ദർഭങ്ങളും മതപണ്ഡിതന്മാർ വ്യാഖ്യാനിച്ചിരുന്നത് പൊള്ളയാണെന്നു വന്നു. ബ്രൂണോ റോമൻ നഗരത്തിൽ ജീവനോടെ ചുട്ടുകരിക്കപ്പെട്ടു.

സൂര്യനിൽ നിന്ന് നാലാമത്തെ ഗ്രഹമാണ് ചൊവ്വ. അതിനുമുൻപ് ബുധൻ, ശുക്രൻ, ഭൂമി എന്നിവയാണ്. ഇതു നാലും തറ ഉറപ്പുള്ള ചെറിയ ഗ്രഹങ്ങളാണ്. ചൊവ്വയ്ക്കപ്പുറമുള്ള വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ എന്നിവ വാതക ഭീമന്മാരാണ് ; തറയ്ക്ക് ഉറപ്പില്ല. അകലം കാരണം ദൃശ്യമാകാത്ത അവസാനത്തേതു രണ്ടും ടെലസ്കോപ്പു നിലവിൽ വന്നതിനു ശേഷം മാത്രമാണ് കണ്ടു പിടിക്കപ്പെട്ടത്. ചൊവ്വയെ ഭൂമിയിൽ നിന്ന് രണ്ടു വർഷത്തിലൊരിക്കൽ നാലുമാസം മാത്രമേ കാണാൻ കഴിയൂ. മറ്റുകാലങ്ങളിൽ അത് പകൽ സമയത്തായിരിക്കും ആകാശത്തുണ്ടാകുക; അകലവും കൂടും. ഭൂമിയോട് അടുക്കുമ്പോൾ ആറുകോടിയും അകലുമ്പോൾ 40 കോടിയും കിലോമീറ്റർ അകലത്താ

യിരിക്കുമത്. ചുവന്ന നിറത്തിൽ കാണുന്നത് അതിന്റെ ഉപരിതലം തുരുമ്പു പൊടി കൊണ്ടു മൂടിക്കിടക്കുന്നതിനാലാണ്.

1960 മുതൽ തന്നെ ചൊവ്വ പര്യവേഷണം നടക്കുന്നുണ്ട്. പണ്ടത്തെ സോവ്യറ്റ് യുണിയനും, ഇപ്പോൾ റഷ്യയും, നാസയും, ഈസയും (യൂറോപ്യൻ സ്റ്റേറ്റ് ഏജൻസി) ചൊവ്വയിലേയ്ക്കുളള ഓട്ടപ്പന്തയത്തിലുണ്ട്. പിറകേ തന്നെ ജപ്പാനും ചൈനയുമുണ്ട്; ഇപ്പോൾ ഇതാ ഇന്ത്യയും. ഇതിനു മുൻപത്തെ 51 ഭൗത്യങ്ങളിൽ 21 എണ്ണം മാത്രമേ വിജയിച്ചിട്ടുള്ളൂ. ചൈനയും ജപ്പാനും പരാജയമായി നാസയുടെ സ്പിരിറ്റ് റോവർ ചൊവ്വയിലിറങ്ങി സഞ്ചരിച്ച് പരീക്ഷണങ്ങൾ നടത്തി. എല്ലാ പരീക്ഷണങ്ങളും ചൊവ്വയിൽ ജീവനുണ്ടെന്ന വിശ്വാസത്തെ തകർത്തെറിയുവാൻ പോന്നതായിരുന്നു. ചൊവ്വയ്ക്ക് ശരിയായ ഒരന്തരീക്ഷമില്ല എങ്കിലും ഇടക്കിടെ പൊടിക്കാറ്റുയരും. അമർന്നു കിടക്കുന്ന അഗ്നിപർവ്വതങ്ങളുണ്ട്. അവിടെ ദ്രവ രൂപത്തിൽ ജലമില്ല. കാർബൺഡൈഓക്സൈഡും ജലവും കലർന്ന് ഉറഞ്ഞു കിടക്കുന്നു. ധ്രുവങ്ങളിൽ കാണുന്ന മഞ്ഞുതൊപ്പി ഇതാണ്. കാലാവസ്ഥക്കനുസരിച്ച് തൊപ്പി വലുതാകുകയും ചെറുതാകുകയും ചെയ്യുന്നത് ടെലസ്കോപ്പിലൂടെ കാണാം.

ഭൂമിക്ക് ചന്ദ്രൻ എന്ന പോലെ ചൊവ്വയ്ക്ക് രണ്ടുപഗ്രഹങ്ങളുണ്ട്. ഫോബോസ്, ഡിമോസ് എന്നിവ. ടെലസ്കോപ്പിലൂടെ ഇവയെ കാണാം. ഗോളാകൃതിയില്ലാത്ത വിലക്ഷണ ഗ്രഹങ്ങളാണിവ. ഇടിച്ചു കഷണങ്ങളായതു കൊണ്ടോ, ഗോളാകൃതി പ്രാപിക്കാൻ വേണ്ടും ഗുരുത്വമില്ലാത്തതു കൊണ്ടോ ആകാമിത്. ഒരു കാലത്ത് ചൊവ്വ ഭൂമിയെപ്പോലെ ചൂടും മർദ്ദവും അന്തരീക്ഷവും ജലവുമടങ്ങിയ ജൈവയോഗ്യമായ ഒരിടമായിരുന്നു എന്നാണ് ശാസ്ത്രജ്ഞന്മാരും വിശ്വസിക്കുന്നത്. കാലാവസ്ഥ മാറി മാറി വരുമ്പോൾ നിലനില്പിനുളള സമരത്തിൽ ജീവികൾ പരാജയപ്പെട്ടു പോയതുമാകാം.

മനുഷ്യനെ ചൊവ്വയിലിറക്കുന്ന ഒരു ദീർഘകാല പദ്ധതിക്ക് നാസ രൂപം നൽകുന്നുണ്ട്. ജീവയോഗ്യമായ ഒരു അന്തരീക്ഷം ഒരു ഭാഗത്തെങ്കിലും കൃത്രിമമായി സൃഷ്ടിച്ചെടുക്കാനാകുമോ എന്നും ചിന്തിക്കുന്നുണ്ട്. സാങ്കേതിക പ്രശ്നങ്ങളേക്കാളുപരി സാമ്പത്തീക പ്രശ്നങ്ങളാണ് പ്രതിബന്ധം. ചൊവ്വയിൽ മനുഷ്യനെ ഇറക്കുന്നത് ആഗോള സഹകരണ പദ്ധതിയിലൂടെ ആകാനാണ് സാധ്യത.

ഇപ്പോൾ ഭൂമിയെ വലം വയ്ക്കുന്ന മംഗൾയാൻ അതിന്റെ ഭ്രമണപഥത്തിന്റെ വ്യാസം ക്രമേണ വർദ്ധിപ്പിച്ച് നവംബർ 30 നാണ് ചൊവ്വയുടെ നേരെ യാത്രയാകുക. ദീർഘവൃത്താകൃതിയിൽ സഞ്ചരിച്ച് അടുത്ത വർഷം സെപ്റ്റംബർ 21 ന് ചൊവ്വയുടെ ഭ്രമണ പഥത്തിൽ എത്തിച്ചേരും. വിജയകരമായ ദൗത്യത്തിനു വേണ്ടി മംഗളം നേരാം.

ചില സ്ത്രീകളുടെ ഗ്രഹനില നോക്കുമ്പോൾ ചൊവ്വയുടെ സ്ഥാനം അവർക്ക് മംഗളകരമല്ല എന്ന ഒരു വിശ്വാസം നിലവിലുണ്ട്. അതു മൂലം അനവധി സ്ത്രീകൾ അവിവാഹിതകളായി തുടരുകയോ ഗ്രഹനില തിരുത്തുകയോ ചെയ്യുന്നുണ്ട്. ഗ്രഹനില എന്നത് തികച്ചും ആപേക്ഷികമായ ഒരു സംഗതി മാത്രമാണെന്ന് ഇന്ന് മനുഷ്യന് തിരിച്ചറിവുണ്ട്. ഗ്രഹങ്ങൾ ഭൂമിയെയല്ല സൂര്യനെയാണ് വലം വയ്ക്കുന്നത്. ചൊവ്വയ്ക്കുണ്ടെന്നു പറയുന്ന വക്രഗതി പോലും ഭൂമിയിൽ നിന്നു നോക്കുമ്പോഴത്തെ കാഴ്ചയിലെ അപഭ്രംശം മൂലമുണ്ടാകുന്നതാണ് അല്ലാതെ ഒരു വക്രഗതിയുമില്ല. കെപ്ലറും ന്യൂട്ടനും വരച്ച വരയിൽ നിന്നു കടുകിട മാറുവാൻ ഒരു ഗ്രഹത്തിനും സാധ്യമല്ല. അതിനാലാണ് ഗ്രഹങ്ങളിലേയ്ക്ക് കൃത്യതയോടെ സ്ഥാനം നിർണ്ണയിച്ച് ഉപകരണങ്ങളയയ്ക്കുവാൻ മനുഷ്യന് സാധ്യമാകുന്നത്. എന്നാൽ നമുക്ക് ഒരു പരിധിക്കുള്ളിൽ ഇഷ്ടാനുസരണം മാറി സഞ്ചരിക്കുന്നതിന് വിലക്കുകളില്ല. വിശ്വാസം മനുഷ്യനെ രക്ഷിക്കാനല്ലാതെ ശിക്ഷിക്കുവാൻ ഉതകാതിരിക്കട്ടെ. ♦

---

**മിനിക്കഥ**

# പാവം ചാത്തു



- ഉണ്ണി വാരിയത്ത്

പെട്ടന്നായിരുന്നു ചാത്തു ചത്തു പോയത്.

അറിയാത്തവർക്കു വേണ്ടി ചാത്തുവിനെ പരിചയപ്പെടുത്താം. വിഭാര്യൻ. മകൻ മുംബൈയിൽ. മകൾ ഡൽഹിയിൽ. ഒന്നിനും ഒരു കുറവുമില്ലായിരുന്നു.

ഒരിക്കലും ചായമോ, ചമയമോ ഉപയോഗിക്കാത്ത വ്യക്തിയാണ് ചാത്തു. അത് നാടറിഞ്ഞ വിശേഷം. ആ ചാത്തുവാണ് ചത്തത്.

വിവരമറിഞ്ഞ് മക്കൾ പറന്നെത്തി. കുളിപ്പിച്ചു കിടത്തിയ ജഡത്തിൽ കോടി പുതപ്പിച്ചു. മുഖം മിനുക്കി മോടി പിടിപ്പിച്ചു. ചുരുക്കത്തിൽ, ആർക്കും തിരിച്ചറിയാനാവാത്ത വിധമായി ചാത്തുവിന്റെ ജഡം.

ചത്തു കിടന്നാലും ചമഞ്ഞു കിടക്കണമെന്ന് പഴമക്കാർ പറയാറുണ്ട്. പക്ഷെ ജഡത്തിനെന്തിന് ജാഡ?

ഉയിർത്തെഴുന്നേറ്റ് രണ്ടു പച്ചത്തെറി പറയാനാവാതെ പാവം ചാത്തു!

# ചേരവംശ ചരിത്രം

- കെ. ജി. പത്മനാഭൻ പിള്ള

സംഘകാവ്യസമാഹാരമായ പതിറ്റുപ്പത്തിൽ നിന്നാണ് ചേരവംശ ചക്രവർത്തിമാരായിരുന്ന എല്ലാവരുടെയും ചരിത്രം അറിയുന്നത്. പതിറ്റുപ്പത്ത് പത്തു കവിതകളുടെ സമാഹാരമാണ്. പത്തു കവിതകൾ ഓരോന്നും ഓരോ ചേരചക്രവർത്തിമാരെ കീർത്തിക്കുന്നതാണ്. ഓരോ കവിതയും എഴുതിയത് അതാതു കാലത്തെ സംഘകാലകവികൾ. ഈ പത്ത് കവിതകളിൽ ആദ്യത്തേതും അവസാനത്തെതും കണ്ടു കിട്ടിയിട്ടില്ല. ഈ രണ്ടു ചക്രവർത്തിമാരെപ്പറ്റിയുള്ള ചെറിയ വിവരങ്ങൾ, മറ്റു പല കാവ്യങ്ങളിൽ നിന്നും കിട്ടിയവ, ചേർത്തുവച്ച്, ചില അഭ്യൂഹങ്ങൾ മാത്രമെ നമ്മുടെ കൈവശമുള്ളൂ.

സംഘകാലം എന്നാൽ ഏതു കാലമാണ്, ചരിത്രകാരന്മാരുടെ ഇടയിൽ പല അഭിപ്രായങ്ങളുണ്ട്. ദക്ഷിണേന്ത്യൻ ചരിത്രത്തിലെ വളരെ പ്രധാനമായ കാലമാണ് സംഘകാലം. ക്രിസ്തുവിന് പിന്നീട് ഒന്നു മുതൽ മൂന്നാം നൂറ്റാണ്ടുവരെ എന്ന് ചില ചരിത്രകാരന്മാർ പറയുന്നു. അതല്ല അഞ്ചോ ആറോ നൂറ്റാണ്ടുവരെ നീണ്ടു നിന്നിരുന്നു എന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ഏതായാലും, തുച്ഛമായ ചില ചരിത്രലക്ഷ്യങ്ങൾ ഒഴിച്ചാൽ, അക്കാലത്തെ ദക്ഷിണഭാരതത്തിലെ പ്രധാന രാജവംശങ്ങളായ ചേര, ചോള, പാണ്ഡ്യ വംശത്തിലെ രാജാക്കന്മാരെപ്പറ്റി സംഘകവിതയിൽ നിന്നുള്ള വിവരങ്ങൾ അല്ലാതെ മറ്റു വിവരങ്ങൾ ലഭ്യമല്ലെന്ന് എല്ലാ ചരിത്രകാരന്മാരും സമ്മതിക്കുന്നു.

ഉതിയൻ ചേരൽ എന്ന ചേര ചക്രവർത്തിയാണ് ചേരവംശസ്ഥാപകൻ എന്നാണ് പരക്കെ വിശ്വാസം. ഈ രാജാവിനെപ്പറ്റിയായിരിക്കാം പതിറ്റുപ്പത്തിലെ ഒന്നാം കവിതയിൽ പറഞ്ഞിരിക്കുന്നത്. അദ്ദേഹത്തിന് വലിയ ഭോജനശാല ഉണ്ടായിരുന്നു. സമയകാല ഭേദമില്ലാതെ, അവിടെ വരുന്നവർക്കെല്ലാം, മൃഷ്ടാന്ന ഭോജനം കൊടുത്തിരുന്നു. ഭാരതയുദ്ധകാലത്ത് പാണ്ഡവ സൈന്യത്തിനും കൗരവ സൈന്യത്തിനും മുഴുവൻ ഉതിയൻ ഭക്ഷണം എത്തിച്ചു കൊടുത്തിരുന്നു എന്നു പറയപ്പെടുന്നു. അങ്ങിനെ പെരുംഞ്ചോറ്റുദയൻ എന്ന ബിരുദവും കിട്ടി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന, കേരളീയനായ കവി മാമൂലനാരും, പെരിഞ്ചോറ്റുദയനെ പുകഴ്ത്തിപ്പാടിയിട്ടുണ്ട്. കവികൾ എത്രമാത്രം പുകഴ്ത്തുന്നുവോ അതിനനുസരിച്ചാണ് രാജാവ് അവർക്ക് പദവികളും സ്വർണ്ണവും ഗ്രാമങ്ങളും ദാനം ചെയ്യുന്നത്. അതു കൊണ്ട് രാജാക്കന്മാരെപ്പറ്റി വർണ്ണിക്കുമ്പോൾ കവികൾ ആകാശംമുട്ടെ അതിശയോക്തി കലർത്തുന്നു.

ചേരന്മാരുടെ ആദ്യവാസസ്ഥലം കുട്ടനാട്ടിലുള്ള കുഴുമൂർ ആയിരുന്നു. കുട്ടനാട്ടുകാരനായിരുന്നതുകൊണ്ടാണ് ചേരരാജാക്കന്മാരെ കുട്ടുവൻ എന്ന് വിളിച്ചിരുന്നത്. ഉതിയൻ ചേരലിന് വാനവരമ്പൻ എന്ന് ബിരുദവും ഉണ്ടായിരുന്നു. വാനവൻ + അമ്പൻ (ദേവനാം പ്രിയൻ) എന്നായിരിക്കാം അതിന്റെ അർഥം, വാനവരമ്പൻ (ആകാശം അതിർത്തിയായുളളവൻ) എന്നാണെന്നും ചിലർ വിചാരിക്കുന്നു.

വെണ്ണി എന്ന സ്ഥലത്ത് കരികാലചോളനുമായുണ്ടായ യുദ്ധത്തിൽ ഉതിയന്റെ മുതികിൽ (പുറത്ത്) അമ്പ് തറച്ചു. മുതുകിൽ അമ്പേറ്റുക എന്നാൽ യുദ്ധത്തിൽ തിരിഞ്ഞോടിയപ്പോൾ അമ്പു കൊണ്ടു എന്നാണൽത്ഥം. ഒരു യുദ്ധവീരന് അതിൽ കൂടുതൽ അപമാനമില്ല. അവിടെത്തന്നെ ഇരുന്ന് രാജാവ്, വാൾ കയ്യിൽ പിടിച്ചുകൊണ്ട് ഉപവാസം അനുഷ്ഠിച്ച് മരിച്ചു. അതാണ് അന്നത്തെ ആചാരം വടക്കു നോക്കിയിരിക്കുക എന്നാണ് ഈ പ്രക്രിയയുടെ പേര്. രാജാവായാലും പടയാളിയായാലും മുതികിൽ മുറിവേറ്റവൻ തിരിച്ച് നാട്ടിൽ പോകില്ല.

ഉതിയൻ ചേരൽ 40 വർഷം കേരള സാമ്രാട്ടായിരുന്നു. മുരഞ്ചിയൂർ നഗരായർ എന്നൊരു കവി, പുറനാനൂറിൽ അദ്ദേഹത്തിന്റെ യശസ്സ് മധുരപദങ്ങൾ കൊണ്ട് വർണിച്ചിരിക്കുന്നു.

ഉതിയന്റെ പുത്രൻ, ഇമയവരമ്പൻ നെടും ചേരലാതൻ 58 വർഷം നാടു ഭരിച്ചു. ഇതിൽ 25 വർഷവും അച്ഛന്റെ കീഴിൽ യുവരാജാവായിരുന്നു. യുവരാജാവായി അഭിഷേകം ചെയ്യുമ്പോൾ മുതൽ രാജ്യഭരണം കണക്കാക്കുന്നതാണ് അന്നത്തെ രീതി. ഇമയവരമ്പൻ, വാനവരമ്പൻ തന്നെ. ആതൻ എന്നാൽ അച്ഛൻ പിതാവ്, ചേരലാതൻ ചേരരുടെ പിതാവ്. പതിറ്റുപത്തിൽ നെടും ചേരലാതന്റെ കീർത്തി കുമട്ടൂർ കണ്ണനാർ പാടിയിരിക്കുന്നു. ഈ കവിക്ക് രാജാവ് 500 ഗ്രാമങ്ങൾ 38 വർഷത്തേയ്ക്ക് കരമൊഴിവാക്കിക്കൊടുത്തു. അകനാനൂറിൽ മാമൂലനാറും ഈ രാജാവിനെ വാഴ്ത്തുന്നുണ്ട്. ഇദ്ദേഹം വലിയ ഭക്തനായിരുന്നു. രാജാവിനെ അനുകരിച്ച് പ്രജകളും ക്ഷേത്രവഴികളിൽ കൂട്ടം കൂടി നിന്നു. അതേ സമയം വലിയ യുദ്ധവീരനുമായിരുന്നു. വടക്കുനിന്നുള്ള നന്നനേയും കൊള്ളക്കാരായ കദംബരെയും സമുദ്രതീരത്ത് പാർത്തിരുന്ന യവനരേയും, നെടുംചേരലാതൻ യുദ്ധത്തിൽ തോല്പിച്ചു. ഹിമവാൻ മുതൽ, തെൻകുമരി (കന്യാകുമാരി) വരെയുള്ള രാജാക്കന്മാരെ തോല്പിച്ച്, ഹിമവാന്റെ കൊടുമുടിയിൽ ചേരവംശത്തിന്റെ അടയാളമായ വില്ല് കൊത്തിവച്ചതു കൊണ്ടാണ് നെടുംചേരലിന് വില്ലവൻ എന്ന പേര് കിട്ടിയതെന്ന് കവി കണ്ണനാൾ പാടിയിട്ടുണ്ട്.

കദംബരെ തോല്പിച്ച് അവരുടെ കാവൽ വൃക്ഷമായ കടമ്പ് മുറിച്ച് പോർമുരശുണ്ടാക്കി നെടുംചേരൽ. കദംബരെ തോല്പിച്ചു എന്നു പറയുമ്പോൾ, നെടുംചേരൽ, കൃസ്തുവർഷം നാലാം നൂറ്റാണ്ടിന് മുമ്പല്ല ജീവിച്ചിരുന്നത് എന്ന് തെളിയുന്നു. പ്രശസ്ത ചരിത്രകാരൻ പി. ടി. ശ്രീനിവാസൻ അയ്യങ്കാരുടെ അഭിപ്രായ

മാണിത്. യുദ്ധവീരൻ എന്നതു കൂടാതെ രാജാവ് വലിയ പ്രജാവത്സലനായിരുന്നു. കള്ളും, ദശയുള്ള ആട്ടുമാംസം കൊണ്ടുള്ള പുഴുക്കും കൊട്ടാരത്തിൽ വരുന്നവർക്കെല്ലാം കൊടുത്തിരുന്നു.

അടുത്ത ഭരണാധികാരിയായ പൽയാനെച്ചെൽക്കെഴുക്കുട്ടുവന് വളരെയധികം ആനകളുണ്ടായിരുന്നു. മൂന്നാം പത്തിൽ പാലൈ ഗൌതമനാർ ഇദ്ദേഹത്തെ വാഴ്ത്തുന്നു. പാലൈ ഗൗതമനാർ പാലക്കാരൻ ആയിരിക്കാം എന്നാണ് ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം. പാലൈപ്പാട്ടുകൾ പാടിയിട്ടുള്ളതു കൊണ്ടാണ് ഈ പേരു വന്നതെന്ന് മറ്റു ചില ചരിത്ര കാരൻമാർ അവകാശപ്പെടുന്നു. പക്ഷെ ഗൗതമൻമാർ പാലൈപ്പാട്ട് ഒന്നും പാടിയിട്ടില്ല പോലും.

കിഴക്കൻ സമുദ്രത്തിൽ നിന്നും പടിഞ്ഞാറൻ സമുദ്രത്തിൽനിന്നും, കൊമ്പനാനകളെ നിരത്തി നിർത്തി, ഒരു പകൽക്കൊണ്ട് വെള്ളം കൊണ്ടുവന്നാണ് രാജാവിന്റെ അഭിഷേകം നടത്തിയതെന്ന് ഗൗതമനാർ വാഴ്ത്തുന്നു. ഇതു കൊണ്ടാണ് രാജാവിന് പൽയാനൈ എന്ന ബിരുദം ലഭിച്ചതു പോലും. പക്ഷെ ഇദ്ദേഹം മഹാരാജാവായി പട്ടം കെട്ടിയിട്ടില്ല. ഭരിച്ച 25 വർഷക്കാലവും യുവരാജാവായി വാണതേയുള്ളൂ. കൊങ്ങുനാട് (കോയമ്പത്തൂർസേലം ഭാഗം) അക്രമിച്ച സൈന്യത്തെ നയിച്ചത് ഇദ്ദേഹമായിരുന്നു. ആദ്യകാലം വലിയ സമരപ്രിയനായിരുന്നെങ്കിലും അവസാനം യുദ്ധത്തിൽ നിന്നെല്ലാം പിന്തിരിഞ്ഞ് ഒരു വിരക്ത ജീവിതം നയിച്ചു. വൈദിക ബ്രാഹ്മണരുടെ ഉപദേശപ്രകാരം പല യാഗങ്ങൾ നടത്തി. ഗൗതമനാരുടെ ആഗ്രഹപ്രകാരം, അദ്ദേഹത്തിനും പത്നിക്കും സ്വർഗം പൂകാൻ കവിയെക്കൊണ്ടു തന്നെ തുടർച്ചയായി പത്തുയാഗം ചെയ്തു കൊണ്ടിരിക്കുമ്പോൾ പാർപ്പാനെയും പാർപ്പിനിയെയും കാണാതായി. അവർ ഉടലോടെ സ്വർഗം പൂകി എന്നാണ് വിശ്വാസം. അടുത്ത സുഹൃത്തായ പാരതായനന്റെ (ദരദ്വാജന്റെ) ഉപദേശമനുസരിച്ച് യുദ്ധമെല്ലാം നിർത്തി ജനസേവനത്തിൽ മുഴുകി. ഇരുപത്തഞ്ച് വർഷത്തെ ഭരണത്തിന് ശേഷം രാജാവ് രാജ്യം ഉപേക്ഷിച്ച് കാട്ടിൽ പോയി. അവിടെ താമസിച്ച് ശാന്തിയോടും സമാധാനത്തോടും സമാധി പ്രാപിച്ചു.

നെടുംചേരലാതന്റെ മകനായ കളംകായ് കണ്ണിനാർ മുടിചേരൽ അടുത്തതായി രാജ്യഭാരം ഏറ്റു വളരെ സമർഥനായ ഒരു ഭരണാധികാരി ആയിരുന്നു ഇദ്ദേഹം. പതിറ്റുപത്ത് നാലാം ദശകത്തിൽ കാപ്പിയാറ്റു കാപ്പിനിയാർ ഇദ്ദേഹത്തെ വാഴ്ത്തുന്നു. യുവരാജാവായി അഭിഷേകം കഴിച്ചപ്പോൾ, പനനാരുകൊണ്ടുള്ള കിരീടവും രത്നങ്ങൾക്കു പകരം കളങ്കായ്കളും അണിഞ്ഞിരുന്നതുകൊണ്ടാണ് കളങ്കായ്ക്കണ്ണിനാർ മുടി എന്ന പേർ കിട്ടിയത്. പല രാജ്യങ്ങളും ആക്രമിച്ച് കീഴടക്കി എങ്കിലും, പൽയാനെപ്പോലെതന്നെ, ഇദ്ദേഹവും രാജ്യഭാരം ഏറ്റില്ല. 25 വർഷം രാജാവായി വാണ ശേഷം അച്ഛൻ ജീവിച്ചിരുന്നപ്പോൾ തന്നെ ഇദ്ദേഹം മരണമടഞ്ഞു. വിജയം വരിച്ചു കഴിഞ്ഞാൽ വളരെ സൗമ്യ പൂർവ്വമാണ് ഈ രാജാവ് ശത്രുക്കളോട് പെരുമാറിയിരുന്നത്. ഏഴിമല (പൂഴിനാട്)യിലെ നന്നനായിരുന്നു ഏറ്റവും വലിയ എതിരാളി. നന്നന്റെ പുന്നാട് (കുടക്) ആക്രമണം ഇദ്ദേഹത്തെ രോഷാകുലനാക്കി. എയിനന്റെ നേതൃത്വത്തിൽ ഒരു വലിയ ചേരസൈന്യത്തെ അയച്ചു. പാഴി യുദ്ധത്തിൽ, നന്നൻ ചേരസൈന്യത്തെ ദയനീയമായി പരാജയപ്പെടുത്തി. പക്ഷെ അധികം താമസിയാതെ, വാൽകുടിച്ചേരൽ, വാകപ്പെരുന്തുറെ യുദ്ധത്തിൽ നന്നനെ വധിച്ചു. അവന്റെ കാവൽമരമായ വാക മുറിച്ചു. അവന്റെ പുഴിനാട് ചേരസാമ്രാജ്യത്തോട് ചേർത്തു.

നന്നൻ ഏഴിമലയിൽ വളരെയധികം സ്വർണ്ണം കുഴിച്ചിട്ടിരുന്നു എന്നാണ് വിശ്വാസം. വടക്കേ മലബാറിൽ നിന്നാണ്, ഏറ്റവും കൂടുതൽ സ്വർണ്ണ നാണയങ്ങൾ ആർക്കിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് കുഴിച്ചെടുത്തിട്ടുള്ളത്. 491ൽ അടിച്ച റോമൻ നാണയവും ഈ ശേഖരത്തിൽ ഉണ്ട്. ഇത് ആരുടെ ശേഖരമായിരിക്കാം? കാലഗണന നിർണയിക്കുന്നതിൽ, കിട്ടിയ അപൂർവ്വം ചില ചരിത്ര ലക്ഷ്യങ്ങളിൽ ഒന്നാണ് ഇത്. നാർമുടിചേരൽ തകടൂരിലെ (സേലം, ധർമപുരി) ശക്തനായ നാടുവാഴിയായ നെടുമാൻ അഞ്ചിയെ കീഴടക്കി. അയാളുടെ ചോരകൊണ്ട് പായസം ഉണ്ടാക്കി. വെട്ടി എടുത്ത കൈ ചട്ടുകമായി ഉപയോഗിച്ചു. ആ പായസം നിവേദിച്ച് യുദ്ധദേവതയെ പൂജിച്ചു. ഖഡ്ഗത്തെ പൂജിച്ച കുളിപ്പിച്ച് അലങ്കരിച്ച് നദിയിലേക്കെഴുന്നുള്ളിക്കുന്ന ആറാട്ടുത്സവം നടത്തി. (ഇന്നത്തെ ആറാട്ടുത്സവം പഴയ ആറാട്ടിന്റെ അവശിഷ്ഠമാകാം.) ഇദ്ദേഹത്തെ കീർത്തിച്ച് പാട്ടുപാടിയ കപ്പിയാറ്റ് കാപ്പിനിയർക്ക് 24000 പണവും തെക്കൻ ദേശവും ദക്ഷിണ നൽകി. രാജാവ് പൊതുവെ വലിയ ദാനശീലനായിരുന്നുവെന്ന് എല്ലാ കവികളും പാടുന്നു.

അക്കാലത്ത് കേരളത്തിന്റെ വടക്കെ അറ്റം പൂഴിനാട്, തെക്കേ അറ്റം നാഞ്ചിനാട്. നാഞ്ചിനാട് മുതൽ വടക്കോട്ട് പോകുമ്പോൾ വേണാട്, കുട്ടനാട്, കുടനാട്, കാൽക്കരനാട്, പൂഴിനാട് എന്നിങ്ങനെയായിരുന്നു. ഇരുപത്തഞ്ചു വർഷം നാടുഭരിച്ച ശേഷം നാർമുടി, പഞ്ച ഭൗതിക ശരീരം ഉപേക്ഷിച്ചു. പിന്നീട് ചേരചക്രവർത്തിയായത് ചേരവംശത്തിന്റെ അഭിമാന ഭാജനമായ, ഏതൃ പൗരുഷം കുത്തിയുടക്കുന്ന ചെങ്കുട്ടുവൻ ആയിരുന്നു. വേൽക്കെഴുക്കുട്ടുവൻ എന്നാണ് ശരിയായ പേര്. ചേരൻ ചെങ്കുട്ടുവൻ, കടൽചിറകോട്ടിയ ചെങ്കുട്ടുവൻ എന്നെല്ലാം അദ്ദേഹത്തിന് പേരുണ്ട്. നന്നൻ തോറ്റശേഷം. നന്നന്റെ കവിയായിരുന്ന പരണർ ചേര സാമ്രാജ്യത്തിലേയ്ക്ക് പോന്നു. പരണരാണ് വേൽക്കെഴുക്കുട്ടുവന്റെ അപദാനങ്ങൾ അഞ്ചാം പത്തിൽ പാടിയിട്ടുള്ളത്. നെടുംചേരലാതന് ചോളരാജാവായ മണിക്കിള്ളിയുടെ പുത്രിയും അനുരാഗിണിയുമായ ശോണയിൽ ജനിച്ചവനും ചെന്താമരപോലെ സുന്ദരനും ആയിരുന്നു വേൽക്കെഴുക്കുട്ടുവൻ എന്ന് കേരളോദയം എന്ന സംസ്കൃത ചരിത്ര കാവ്യത്തിൽ ഡോ. കെ. എൻ. എഴുത്തച്ഛൻ പാടുന്നു.

നന്നന്റെ സൈന്യത്തെ, ചോള രാജാക്കന്മാരുടെ സഹായത്തോടു കൂടി, നന്നന്റെ തന്നെ വിയലൂർക്കോട്ടയിൽ വച്ച് പരാജയപ്പെടുത്തി. സ്വന്തം കിടപ്പുമുറിയിൽ തന്നെ ഒരു കട്ടിലിൽ യുദ്ധഭേരി പുതപ്പിട്ട് മൂടി അദ്ദേഹം

അക്കാലത്ത് കരികാലൻ എന്ന ചോള രാജാവ് ഉയർന്നുവരാൻ തുടങ്ങിയിരുന്നു. കേരളചക്രവർത്തിയും ചോളനും തമ്മിൽ വെണ്ണിയിൽ വച്ച് ഭയങ്കര യുദ്ധം നടന്നു. ചോളന്റെ ചതിച്ചയക്കപ്പെട്ട അമ്പ് ചേരരാജാവിന്റെ മുതുകിൽ തറച്ചു. ഈ മാനഹാനി കാരണം ചേരൻ വാളുമേന്തി വടക്കു നോക്കി ഉപവസിച്ച് മരിക്കുകയാണുണ്ടായത്.

മരിച്ചാലും ജനങ്ങൾ ചേരരാജാവിനെയാണ് ബഹുമാനിക്കുന്നത് എന്ന കണ്ട ചോളൻ, വളരെ അസൂയപ്പെട്ടു. പുകഴ്ത്തിപ്പാടിയ നച്ചെള്ളിയാർ എന്ന കവയിത്രിയെ ചോളൻ തട്ടിക്കൊണ്ടു പോയി.

ഈ തോൽവിയോടെ ചേരവംശത്തിന്റെ പതനം ആരംഭിച്ചു എന്ന് കരുതാം. കുറെക്കാലം കൂടി വംശം നിലനിന്നു എങ്കിലും ചേരൻ പഴയ പ്രതാപം ഒരിക്കലും വീണ്ടെടുത്തില്ല.

ഈക്കാലമെല്ലാം സാധാരണ മനുഷ്യർ എങ്ങനെ ജീവിച്ചിരുന്നു? അവരെക്കുറിച്ച് വളരെക്കുറച്ച് വിവരങ്ങളെയുള്ളൂ. കവികൾ തങ്ങളുടെ കവിതകളിൽ, പ്രത്യേകിച്ച് ഉദ്ദേശിക്കാതെ വന്ന ചില വരികളിൽ നിന്നും വാക്കുകളിൽ നിന്നും മാത്രമാണ് സാധാരണക്കാരെപ്പറ്റി നമുക്ക് കിട്ടുന്ന അറിവ്. കൃഷിയിടങ്ങളിൽ സുന്ദരികളായ കർഷക സ്ത്രീകൾ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നു. മാനിറച്ചിയുമായി കാട്ടിൽ നിന്ന് വേടന്മാർ വന്ന്, ഇറച്ചികൊടുത്ത് നെല്ല് വാങ്ങിക്കൊണ്ടു പോയിരുന്നു. യുവാക്കൾ പത്നിമാരൊത്ത് ഉത്സവവേളകളിൽ കുരവക്കൂത്താടി. പത്തായത്തിൽ സൂക്ഷിച്ചിരിക്കുന്ന വിത്തെടുത്ത് കള്ളു കുടിച്ച് നശിക്കുന്ന മദ്യപന്മാരും, ഇന്നത്തെപ്പോലെ അന്നും ഉണ്ടായിരുന്നു. പത്തറുപതു കൊല്ലം മുമ്പുവരെ, ഇങ്ങനെയൊക്കെത്തന്നെയാണ് നമ്മുടെ നാട്ടുമ്പുറങ്ങളിൽ നടന്നിരുന്നത്.

ഇരുമ്പൊറൈശാഖ: സഹ്യാദ്രിക്ക് പടിഞ്ഞാറ് ചേരവംശം ക്ഷയിച്ചു തുടങ്ങിയിരുന്നു എങ്കിലും സഹ്യന് കിഴക്ക് ചേരവംശത്തിന്റെ മറ്റൊരു ശാഖ ഉയർന്നു വന്നുകൊണ്ടിരുന്നു. മറ്റൊരു ശാഖ എന്നു പറയേണ്ടതില്ല. ചേരവംശം

ശുദ്ധമാക്കിയ, ഹിമാലയ ശിലയിൽ കൊത്തിയ ദേവീവിഗ്രഹം കുട്ടുവൻ പ്രതിഷ്ഠിച്ചു. പത്തിനീദൈവത്തിന്റെ പ്രതിഷ്ഠയോടു കൂടി, തന്റെ സുകൃതം പ്രതിഷ്ഠിക്കപ്പെട്ടപോലെ അദ്ദേഹത്തിന് തോന്നി.

നിസ്സാരകാര്യങ്ങളിൽ, ഉറ്റമിത്രങ്ങളായ ചോളനേയും പാണ്ഡ്യനേയും തോല്പിക്കാൻ രാജാവ് പുറപ്പെട്ടപ്പോൾ, മാടലൻ എന്ന ബ്രാഹ്മണ മന്ത്രി വിലക്കി. യുദ്ധങ്ങളെല്ലാം മതിയാക്കൂ, ഇനി സംസാര സാഗരത്തെ തരണം ചെയ്യാനുള്ള മാർഗം നോക്കൂ എന്ന് ഉപദേശിച്ചു. അദ്ദേഹം തന്റെ വാൾ നിലത്തു വച്ചു. ദാനധർമങ്ങളിൽ മുഴുകി. വാടാമാലകൾ വിരിച്ച് ചന്ദനച്ചാർത്തു പുരട്ടി വച്ചിരുന്ന പാനകളിലെ മണി നിറമാർന്ന മദ്യം, തനിക്കായി ഒട്ടും കരുതിവയ്ക്കാതെ പാണന്മാർക്കും കൂത്തന്മാർക്കും (നൃത്തം ചെയ്യുന്നവർക്കും) പകർന്നു നൽകുന്ന ചേരന്റെ ദാനശൌണ്ഡതയേ പരണർ ഭംഗിയായി വർണിച്ചിട്ടുണ്ട്. 55 വർഷം ചക്രവർത്തിയായി ഭരിച്ച് ലോകതൃഷ്ണയെല്ലാം തീർത്ത രാജാവ്, പെരിയാറിൽ കുളിച്ചും, ചിലപ്പതികാരം മുതലായ പ്രബന്ധങ്ങൾ വായിച്ചും, സ്വസ്ഥനായി, ശാന്തനായി അന്തരിച്ചു പരണർ മഹാകവി എഴുതുന്നു: ചന്ദ്രനും സൂര്യനും ആകാശത്തിൽ ഒരോന്നേയുള്ളൂ. കേരള ചരിത്രത്തിൽ ചെങ്കുട്ടവനും ഒന്നേ ഉള്ളൂ.

ആടുകോട് പാട്ട് ചേരലാതൻ. നെടും ചേരലാതന്റെ മകനായ ഈ രാജാവ്, നാർമുടി ചേരലിന്റെ നേരെ അനുജനായിരുന്നു. ആറാം പത്തിൽ, കാക്കപ്പടി നിയാർ നച്ചെള്ളിയാർ എന്ന കവയിത്രി ഇദ്ദേഹത്തിന്റെ കീർത്തി പാടിയിട്ടുണ്ട്. 38 വർഷം രാജ്യം ഭരിച്ച ഈ രാജാവ്, 38 വർഷവും യുവരാജാവായിരുന്നു. അടർക്കളത്തിൽ വിജയം വരിച്ചതിന് ശേഷം, തുണങ്കക്കൂത്ത് ആടുന്നതിൽ ഈ ചേരലാതനുള്ള സാമർഥ്യം കൊണ്ടാണ് അദ്ദേഹത്തെ ആടുകോട് പാട്ട് എന്ന് വിളിച്ചിരുന്നത്. പക്ഷെ പ്രത്യേകമായി ഒരു യുദ്ധവും നയിച്ച തായി പറയുന്നില്ല. ഇദ്ദേഹത്തിന്റെ ആസ്ഥാനം നൌറ എന്ന് വിദേശ ചരിത്രകാരന്മാർ പറയുന്ന നറവ്, മംഗലാപുരം ആയിരുന്നു എന്ന് ചില ചരിത്രകാരന്മാർ പറയുന്നു.

പൂജിക്കാറുണ്ടായിരുന്നു. ഏഴു രാജാക്കന്മാരെ തോല്പിച്ച അടയാളമായി ഏഴ് രത്നങ്ങൾ ധരിച്ച ഒരു മാല അദ്ദേഹം അണിഞ്ഞിരുന്നു. അദ്ദേഹം കൊന്ന ശത്രുക്കളുടെ വിധവകൾ തല മുണ്ഡനം ചെയ്ത്, അഞ്ജനവും ആഭരണവും വെടിഞ്ഞ്, എള്ളും ഇലക്കറികളും തിന്ന് നിലത്ത് കിടന്നുറങ്ങി. (അന്നത്തെ വിധവകൾക്ക് വിധിച്ചിരുന്ന കഠിന ആചാരമാണ് ഇത്). വൈധവ്യം ആചരിച്ച വിധവകളുടെ, നറുമണം വീശുന്ന കൂന്തൽ കൊണ്ട് വടം ഉണ്ടാക്കിയാണ് വേപ്പുമരം കയറ്റിയ വണ്ടികളിൽ ചേരൻ ആനയെക്കെട്ടാൻ ഉപയോഗിച്ചിരുന്നത്. തന്റെ സ്വാലനായ നളൻ കിള്ളി എന്ന ചോളരാജാവിനെ എതിർത്ത ഒൻപതു രാജാക്കന്മാരെ ചെങ്കുട്ടുവൻ പരാജയപ്പെടുത്തി. കടൽക്കൊള്ളക്കാരെ അമർച്ച ചെയ്തപ്പോൾ വിദേശീയർ നിർഭയരായി, കച്ചവടത്തിന് വരാൻ തുടങ്ങി. അങ്ങനെ കേരളത്തിലെ കുരുമുളകിന്റെയും ഏലത്തിന്റെയും കീർത്തി ലോകം മുഴുവൻ പരന്നു. ഇളംകുളം കുഞ്ഞൻ പിള്ളയുടെ അഭിപ്രായത്തിൽ ചേർത്തല മുതലായ സ്ഥലങ്ങളെല്ലാം ഈ കാലത്തായിരിക്കാം കടൽ പിൻവാങ്ങി കരയായത്. ചക്രവർത്തി തന്റെ വേൽ എറിഞ്ഞ് കടലിനെ പിറകോട്ടിറക്കിയതാണെന്ന് പരണർ പാടുന്നു.

മരിച്ചുപോയ തന്റെ അമ്മയുടെ അസ്ഥി ഗംഗയിൽ കൊണ്ടുപോയി ഒഴുക്കി. പോകുന്ന വഴിക്കുള്ള എല്ലാ ഉത്തരആര്യരാജാക്കന്മാരെയും തോല്പിച്ച് അവരോട് കപ്പം വാങ്ങി. എതിർത്ത കനകനെയും വിജയനെയും തടവിൽപിടിച്ച്, ഹിമാലയത്തിൽ നിന്നും, ഭക്തിയുടെയും വിനയത്തിന്റെയും ശിലകൾ ചുമപ്പിച്ച് തന്റെ രാജധാനിയിൽ കൊണ്ടുവന്നു. കുറെക്കാലം അവരെ ചേരരാജധാനിയിൽ താമസിപ്പിച്ചിട്ട് പത്തിനീ ദേവി ആയ കണ്ണകിയുടെ പ്രതിഷ്ഠ കൊടുങ്ങല്ലൂരിൽ നടത്തിക്കഴിഞ്ഞ്, വളരെ സ്വർണവും സമ്മാനങ്ങളും കൊടുത്ത് തിരിച്ചയച്ചു.

ദിഗ്വിജയം കഴിഞ്ഞ് നഗരാതൃത്തിയിൽ എത്തിയപ്പോൾ പ്രജകൾ മുഴുവനും ചക്രവർത്തിയെ സ്വീകരിക്കാൻ എത്തിയിരുന്നു. ഗംഗാജലത്തിൽ

തന്നെ. ഈ ചേരശാഖയിലെ രാജാക്കന്മാർ അമരാവതി തീരത്തെ കരുവൂർ (കരൂർ) ആസ്ഥാനമാക്കിയാണ് ഭരിച്ചിരുന്നത്. കരുവൂരേറിയ ഓൾവാകോ പെരുച്ചേരൽ ഇരുമ്പൊറൈ എന്ന ചേരരാജകുമാരൻ ആയിരിക്കണം. കരുവൂർ ആദ്യമായി പിടിച്ചടക്കിയത്. കൊങ്ങുനാട് (കോയമ്പത്തൂർ പ്രദേശം) പിടിച്ചടക്കിയ ശേഷമേ കരുവൂർ എത്താൻ സാധ്യതയുള്ളൂ. ഈ രാജകുമാരൻ തന്നെയായിരിക്കണം അന്തുവൻ ചേരൽ ഇരുമ്പൊറൈ. അന്തുവൻ ചേരലിനെക്കുറിച്ച്, ഏണിച്ചേരി മുടമോചിയാർ പുറനാനൂറ് 13 ൽ സ്മരിച്ചിട്ടുണ്ട്. പെരുനർക്കിള്ളി എന്ന ചോളരാജാവുമായി അന്തുവൻ ചേരൽ യുദ്ധം ചെയ്തതായും കരുവൂരിൽ താമസിച്ചിരുന്നതായും അതിൽ നിന്ന് ഗ്രഹിക്കാം. പക്ഷെ, ചേരവംശസ്ഥാപകനായ ഉതിയനും, അന്തുവൻ ചേരലും തമ്മിലുള്ള ബന്ധം എന്താണെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. സഹോദരന്മാർ ആകാം. നെടുംചേരലാതന്റെ ഭാര്യാസഹോദരിയെ ആണ് അന്തുവന്റെ പുത്രൻ ചെൽവക്കടുംങ്കോ വിവാഹം ചെയ്തത്.

ചെൽവക്കടുങ്കോ വാഴിയാതൻ. സംഘ കാല കവികളിൽ പ്രധാനിയായ കപിലർ 7-ാം പത്തിൽ ഇദ്ദേഹത്തെപ്പറ്റി പാടുന്നു. ഈ രാജാവിന്റെ അച്ഛൻ അന്തുവൻ ചേരലും അമ്മ പൊറൈയെൻ മഹാദേവിയുമായിരുന്നു. ഭാര്യ നെടുംചേര ലാതന്റെ ഭാര്യയുടെ അനുജത്തി ആയിരുന്നു. അന്തുവന്റെ ആസ്ഥാനം കരുവൂർ ആയിരുന്നെങ്കിലും ചെൽവക്കടുംങ്കോയുടെ ആസ്ഥാനം തൊണ്ടിയായിരുന്നു.(പടിഞ്ഞാറൻ സമുദ്രതീരം) കൂടുതൽ കാലവും യുവരാജാവായിരുന്നെങ്കിലും നെടുംചേരലിന് ശേഷം അല്പകാലം വാണിരിക്കാം. 25 വർഷം നാടുവാണിരുന്ന ഈ രാജാവ് ചോളരുടെയും പാണ്ഡ്യരുടെയും സംയുക്ത സൈന്യങ്ങളെ തോല്പിച്ചു എന്നും പറയപ്പെടുന്നു. പുതിയ ഗ്രാമങ്ങൾ വളരെ ഉണ്ടാക്കി. വലിയ ഭക്തനായിരുന്നു. യാഗങ്ങൾ വളരെക്കഴിച്ചു. കവികളോട് വലിയ ആദരവും സൗമനസ്യവുമുണ്ടായിരുന്ന രാജാവ് കപിലർക്ക് ഒരുലക്ഷം സ്വർണ നാണയവും ഒരു കുന്നിൽ നിന്ന് നോക്കിയാൽ കാണാവുന്നത്ര ഭൂമിയും ദാനം ചെയ്തു. ശതൃക്കളില്ലാതിരുന്ന ആ രാജാവിന്റെ നാട്ടിൽ എങ്ങും ലക്ഷ്മി നൃത്തം ചെയ്തു. ജനപ്രേമമായിരുന്നു രാജാവിന്റെ കവചം. വലിയ വിഷ്ണു ഭക്തനായിരുന്നു അദ്ദേഹം. യുദ്ധമൊക്കെ ഉപേക്ഷിച്ച്, വിഷ്ണു പാദങ്ങളിൽ ഹൃദയമർപ്പിച്ച് അവസാന നാളുകൾ കഴിച്ചു.

പെരുഞ്ചേരൽ ഇരുമ്പൊറൈ. പതിറ്റുപത്ത് എട്ടാം പത്തിൽ അരിശിൽ കീഴാർ എന്ന കവിയാണ് ഇദ്ദേഹത്തെപ്പറ്റി പാടിയിട്ടുള്ളത് തന്നെപ്പറ്റി പുകഴ്ത്തിപ്പാടിയ കവിത കേട്ട് തന്റെ കൊയിലാളോടു കൂടി (പട്ടമഹിഷി) പുറത്തുവന്ന രാജാവ് തന്റെ അരശുകട്ടിൽ (സിംഹാസനം) തന്നെ കവിക്ക് ദാനം ചെയ്തു. കൂടാതെ കോയിലകത്തുള്ളതെല്ലാം കൊടുക്കുകയും 9 ലക്ഷം കാണവും (കാണം കിട്ടുന്ന ഭൂമി) ദാനം ചെയ്തു. കവി, സിംഹാസനവും മറ്റെല്ലാം തിരസ്കരിച്ചു. അങ്ങയുടെ മന്ത്രിയായി ജീവിതകാലം മുഴുവനും വാഴാൻ അനുവദിക്കണം എന്നപേക്ഷിച്ചു. രാജാവ് അതിനനുവദിച്ചു.

ചെൽവക്കടുംങ്കോവിന് പെരുന്തേവിയിൽ ജനിച്ച ഈ രാജാവ് 17 വർഷം യുവരാജാവായി വാണു. തകടൂർ എറിന്ത (ധർമപുരി നശിപ്പിച്ച) പെരുഞ്ചേരൽ എന്നാണ് ഇദ്ദേഹം പ്രശസ്തി ആർജിച്ചത്. തകടൂരിലെ ഏഴിനിയെ ചോള പാണ്ഡ്യരോടൊപ്പം തോല്പിച്ചു. പൂഴിനാടും കൊല്ലി മലയും (സേലത്ത് നാമക്കൽ, ആറ്റൂർ ഉള്ളമല) കുതിരമലയും പിടിച്ചടക്കി ചോളരെ തോല്പിച്ചതിനെ തുടർന്ന്, ചോളരുടെ പൂകാർ രാജധാനിപോലും കുറെക്കാലം ചേരരുടെ കൈവശമായിരുന്നു എന്നു കരുതപ്പെടുന്നു. ചേരരുടെ ശക്തി അത്യുച്ചത്തിൽ എത്തിയ വേൽക്കെഴുക്കുട്ടുവന്റെ കാലത്തായിരിക്കണം. പെരുഞ്ചേരൽ യുവരാജാവായി വാണത്. പെരുഞ്ചേരലിന്റെ വിജ്ഞാനത്തെപ്പറ്റിയും ദാനമഹിമയെപ്പറ്റിയും അരിശിൽ കീഴാർ പാടുന്നു. ധർമോപദേശം നൽകേണ്ട പുരോഹിതൻ കീഴാറിന് പോലും അറിവ് നൽകിയ രാജാവാണ് പെരുഞ്ചേരൽ. മോചികിനാർ എന്ന കവി അറിയാതെ, ഇരുമ്പൊറൈയുടെ മുരശു കട്ടിലിൽ കിടന്നുറങ്ങിപ്പോയി. രാജാവ് ഇതു കണ്ടപ്പോൾ കവിയെ ഉണർത്താതെ വെൺചാമരം എടുത്ത്, വീശിക്കൊടുത്തു. കവി ഉണർന്നു നോക്കുമ്പോൾ രാജാവ് വീശുന്നതാണ് കണ്ടത്. പരിഭ്രമിച്ച് അദ്ദേഹം ക്ഷമായാചനമായി ഒരു പാട്ടുപാടി. ഈ പാട്ട് പുറനാനൂറിൽ കാണാം (പുറം 50)

ഇളംചേരൽ ഇരുമ്പൊറൈ പതിറ്റുപ്പത്ത് ഒൻപതാം പത്തിൽ പെരുങ്കുന്റൂർ കിഴാർ എന്ന കവി ഈ രാജാവിന്റെ കീർത്തി പാടിയിട്ടുണ്ട്. പെരുഞ്ചേരലിന്റെ മകനാണ് ഇളം ചേരൽ. അമ്മ അന്തുവൻ ചെള്ള. ചോള പാണ്ഡ്യ രാജാക്കന്മാരെ ഈ രാജാവും യുദ്ധത്തിൽ തോല്പിച്ചതായി പറയപ്പെടുന്നു. കൂടാതെ ചിറ്ററചനായ (ചെറിയ നാടുവാഴി) വിച്ചിയേയും തോല്പിച്ചു. പിതാവ് പെരുഞ്ചേരൻ, തന്റെ സുന്ദരിയായ പെരുന്തേവി, ഗർഭം ധരിക്കാൻ വേണ്ടി യാഗങ്ങളും ദാനധർമ്മങ്ങളും നടത്തി ലഭിച്ച സൽപ്പുത്രനും ദാനധർമ്മങ്ങളും വിനയവും അടക്കവും തികഞ്ഞ, രാജധർമ്മങ്ങളെല്ലാം അറിയുന്നവനും ആയിരുന്നു എന്ന് അരിശിൽ കീഴാർ പാടിയ പുത്രനാണ് ഇളം ചേരൽ. ജ്ഞാനിയായ ഇദ്ദേഹം പഞ്ചേന്ദ്രിയങ്ങളായ തന്റെ അഞ്ചു കോട്ടകളെ ആദ്യം കീഴ്പ്പെടുത്തി. പിന്നീടാണ് ശത്രുക്കൾ, കല്ലും മണ്ണും കൊണ്ടു കെട്ടിയ കോട്ടകൾ കീഴടക്കിയത്. വൃക്ഷലതാദികളോടും പുല്ലിനോടു പോലും അദ്ദേഹത്തിന് സ്നേഹമായിരുന്നു. തന്നെക്കുറിച്ച് പാടിയ കവി പെരുങ്കുൻറൂർ കീഴാറിന്, കുചേലന് കൃഷ്ണൻ പെയ്തതുപോലെ അനവധി ധനവും, മുൻകൂട്ടി അറിയിക്കാതെ ഒരു വീടും സമ്മാനിച്ചു.

ഒരേ വംശം : ഇളം ചേരലിന്റെ പൂർവീകനായി ഒരു മാന്തരനെ ഒൻപതാം പത്തിലും ചെങ്കുട്ടുവന്റെ പൂർവീകനായി ഒരു മാന്തരനെ ചിലപ്പതികാരത്തിലും വിശേഷിപ്പിച്ചിട്ടുണ്ട്.

വിവരങ്ങൾ ചേർത്തു വായിക്കുമ്പോൾ മാന്തരൻ എന്ന രാജാവല്ലേ ചേരവംശ പ്രതിഷ്ഠാപകൻ എന്ന് സംശയം തോന്നിപ്പോകും. (ഇളംകുളം കുഞ്ഞൻ പിള്ള) ചേരവംശത്തിലെ മൂന്നു ശാഖക്കാരും (വഞ്ചി, തകടൂർ, തൊണ്ടി) ഒരേ വംശത്തിൽപ്പെട്ട വരാണെന്ന് വരുന്നു. അവരിലുള്ള

യുവരാജാക്കന്മാരിൽ ഏറ്റവും മൂത്തയാൾ, മുതുകൂറായി (മഹാരാജാവായി) നാടുവാണിരുന്നു. ബാക്കി എല്ലാവരും അവരവരുടെ നാട്ടിൽ മുതുകൂർ രാജാവിനെ മുൻനിർത്തി ഭരിക്കുന്നു. മിക്കവാറും സ്വതന്ത്രരായി. അവിടെ അധികാരവടം വലിയില്ല. എല്ലാവർക്കും സംതൃപ്തി നാട്ടുകാർക്കും സമാധാനം. കുറ്റുവാഴ്ച സമ്പ്രദായം എന്ന് ഈ പിൻതുടർച്ചാക്രമത്തെ വിശേഷിപ്പിക്കുന്നു. 1500 വർഷത്തിന് മുമ്പുള്ള കേരളത്തിലെ ഭരണസമ്പ്രദായമാണ് ഇത് എന്നോർക്കുമ്പോൾ എത്ര അഭിലഷണീയമായ ഒരു രാജ്യഭരണ സമ്പ്രദായം ആയിരുന്നു അത് എന്ന് തോന്നിപ്പോകും. പ്രധാന ചേരവംശ ചരിത്രം ഇതോടെ അവസാനിക്കുന്നു. ഇതു കഴിഞ്ഞുള്ള ചേരരാജാക്കന്മാരെപ്പറ്റി ഒരു കവിയും നീണ്ട കീർത്തി കാവ്യങ്ങൾ പാടിയിട്ടില്ല. ചേരരാജാക്കന്മാരുടെ ശത്രുരാജാക്കന്മാർക്കു വേണ്ടി അവരുടെ കവികൾ പാടിയ പാട്ടിൽ, ചിലയിടത്ത് ചില ചേരരാജാക്കന്മാരെ തോല്പിച്ച കഥകൾ ഉണ്ടെന്നു മാത്രം. ശക്തരായ ഭരണാധികാരികൾ കേരളത്തിൽ പിന്നീട് ചേരവംശത്തിൽ ഉണ്ടായില്ല. നാമമാത്രമായി ഭരിച്ച ചേരവംശ രാജാക്കന്മാർ പിന്നീട് പലരും ഉണ്ടായി. അവരെപ്പറ്റി കിട്ടിയിട്ടുള്ള വിവരങ്ങൾ കോർത്തിണക്കി ഡോ. കെ. എൻ. എഴുത്തച്ഛൻ എന്ന ബഹുഭാഷാ പണ്ഡിതൻ രചിച്ച കേരളോദയം എന്ന സംസ്കൃത ചരിത്രകാവ്യത്തെ ആധാരമാക്കിയാണ് ഇനിയുള്ള എന്റെ ചേരവംശ ചരിത്രം തുടരുന്നത്. ചേരരാജാക്കന്മാർ സഹ്യന് കിഴക്ക് ശക്തരായി ഭരണം നടത്തുന്ന കാലത്ത്, പടിഞ്ഞാറൻ ചേരരാജാക്കന്മാർ, ചെങ്കുട്ടുവന്നു ശേഷം, മോശമായി, നാമമാത്രമായി തുടർന്നു. ചെങ്കുട്ടവൻ തന്റെ ഗുരുവായ പരണനെത്തന്നെ, മകനെ പഠിപ്പിച്ചു വലുതാക്കാൻ ഏല്പിച്ചിരുന്നു. കുട്ടവൻ കോത പിതാവിനെപ്പോലെ തന്നെ സുന്ദരനും ആകാരവടിവൊത്തവനുമായിരുന്നെങ്കിലും പിതാവിന്റെ ബല, വീര്യവേഗങ്ങൾ ഇല്ലാത്തവനായിരുന്നു. അതിസുന്ദരിയായ ഭാര്യയിൽ ആസക്തനായിരുന്നു അദ്ദേഹം. രാജ്യഭരണം മന്ത്രിയെ ഏല്പിച്ച് രതീസാമ്രാജ്യ പാലനം ഏറ്റെടുത്തു. പാട്ടും പ്രേമവും മാത്രമായി അദ്ദേഹത്തിന്റെ കർമ കാണ്ഡം. പക്ഷെ ദൗർഭാഗ്യവശാൽ ഈ രതി സാമ്രാജ്യം അധികകാലം നീണ്ടില്ല. ചെറുപ്പത്തിൽ തന്നെ ഭാര്യ മരിച്ചു. പത്നീചരമത്തിൽ ദുഃഖിച്ച് രാജാവ് ഒരു സുന്ദര സംസ്കൃത വിലാപ കാവ്യമെഴുതി. (ശ്രദ്ധിക്കുക: അന്നേ സംസ്കൃതം രാജാക്കന്മാരുടെ ഭാഷയായിക്കഴിഞ്ഞിരുന്നു.) വിലപിച്ച് വിലപിച്ച് അദ്ദേഹവും വീണു. ജനങ്ങൾ രണ്ടുപേരുടെയും ദേഹം ഒരു പൂമ്പട്ടിൽ കിടത്തി, കണ്ണുനീരിൽ നനച്ച് ദഹിപ്പിച്ചു. അടുത്ത രാജാവ് പെരുങ്കടുങ്കോ ആയിരുന്നു. തമിഴ് കാവ്യലക്ഷ്മി ആയിരുന്നു ഇദ്ദേഹത്തിന്റെ പ്രണയിനി. പാലക്കലി എന്ന കാവ്യമാല ഉണ്ടാക്കി തമിഴ് ഭാഷയെ അലങ്കരിച്ചു. മാത്രമല്ല, ഉഗ്രപ്പെരുവഴുതി എന്ന പാണ്ഡ്യനെക്കൊണ്ട് കലിത്തൊകൈ എന്ന പ്രധാന സംഘകൃതിയും എഴുതിച്ചു. പാലൈക്കലി എഴുതിയതിനാൽ രാജാവിന് പാലൈപെരുകടുംകോ എന്ന പേരും കിട്ടി. രാജാവിന്റെ കവിതാഭ്രാന്ത് ജനങ്ങൾക്കും പിടികൂടി. അങ്ങിനെ രാജ്യത്തിൽ, കുറച്ച് നല്ല കവികളും വളരെ കവിജളന്മാരും ഉണ്ടായി. മാവെങ്കോ എന്ന അടുത്ത രാജാവ് വലിയ നായാട്ടു ഭ്രാന്തനായിരുന്നു. പ്രഭുക്കന്മാരെ അവരുടെ നായാട്ടിലുള്ള വൈദഗ്ധ്യമനുസരിച്ചാണ് രാജാവ് ആദരിച്ചിരുന്നത്. കാളപ്പോരിലും വലിയ കമ്പമായിരുന്നു രാജാവിന്, ചോളരേയും പാണ്ഡ്യനേയും സേവിച്ച് വലിയ പ്രയത്നവും ബുദ്ധിമുട്ടും ഇല്ലാതെ കുറെക്കാലം നാടുവാണു. വഞ്ചൻ എന്ന അടുത്ത രാജാവ് ഒരു രസികനും സ്ത്രീജിതനും ആയിരുന്നു. കൊട്ടാരം മുഴുവൻ സുന്ദരിമാരെക്കൊണ്ട് നിറച്ചു. യവനസുന്ദരിമാരിൽ ആയിരുന്നു കൂടുതൽ കമ്പം. അദ്ദേഹത്തിന്റെ മറ്റൊരു ചാപല്യം നൃത്തരംഗങ്ങളിൽ, വിദൂഷകന്റെ വേഷം കെട്ടി പ്രജകളെ ചിരിപ്പിക്കുക എന്നതായിരുന്നു. ഒരിക്കൽ സ്ത്രീ വേഷം കെട്ടി ആഭരണങ്ങൾ അണിഞ്ഞ് സുഹൃത്തുക്കളുടെയിടയിൽ സഭയിൽ വന്നു. ഇങ്ങനെ നഗരവും വംശവും നശിച്ചുകൊണ്ടിരുന്ന കാലത്ത്, പാണ്ഡ്യൻ കഴുകനെപ്പോലെ നഗരം തീയിട്ടെരിച്ചു. കൂടാതെ ചോളരാജാവായ കിള്ളിവളവൻ ചേരനെ ആക്രമിക്കാൻ പുറപ്പെട്ടു. ആലത്തൂർ കീഴാർ എന്ന കവി അദ്ദേഹത്തെ സമവാക്യങ്ങൾ കൊണ്ട് തടയാൻ നോക്കി. പക്ഷെ നടന്നില്ല, അമിതഭോഗം കൊണ്ട് വളഞ്ഞ ചേരന്റെ ശരീരവും വില്ലും പലതായി മുറിച്ചു. ചേരരാജാവ് യുദ്ധത്തിൽ മരിച്ചു.

മാനോക്കോത്തുനപ്പ ശിലയാർ എന്ന ചോളസദസ്യയായ കവിയത്രി ചേരന്റെ സ്മശാന കാവ്യമെഴുതി. ഒരു കാലത്ത്, യുദ്ധവീരന്മാരായ ചേരന്മാരെ, ഉള്ളുകൊണ്ട് സ്നേഹിച്ചിരുന്നവരായിരുന്നു നപ്പശിലയാരും മറ്റെല്ലാ കവികളും. അങ്ങനെ ചേരവംശം നാമാവശേഷമായി. ചേരവംശം നാമാവശേഷമായെങ്കിലും അവിടത്തെ ജനങ്ങൾ മുഴുവനും എവിടെപ്പോയി? അടിക്കടി യുദ്ധമുണ്ടായെങ്കിലും ഒരു നാട്ടിലെ ജനങ്ങൾ മുഴുവനും മരിച്ചുപോയി എന്ന് കരുതാൻ പറ്റില്ലല്ലോ. ശക്തനായ ഭരണാധികാരികൾ പുറമെ നിന്ന് വന്ന്, പുതിയ ആയുധങ്ങൾ കൊണ്ട് അക്രമിക്കാൻ തുടങ്ങിയപ്പോൾ, വെറും വില്ലും അമ്പും വാളും കുന്തവുമായി ധർമയുദ്ധമുറകളിലേൽപ്പെട്ടിരുന്ന പഴയ രാജാക്കന്മാരും അവരുടെ പ്രജകളും പിടിച്ചുനിൽക്കാൻ പറ്റാതെ നാടുവിട്ട കാട്ടിൽപ്പോയി. ദാരിദ്രവും, രോഗപീഢനകളോടും, വന്യമൃഗങ്ങളോടും മല്ലിട്ട് നൂറ്റാണ്ടുകൾ കൊണ്ട്, അവരുടെ എണ്ണം ചുരുങ്ങി. കാടുകളിൽ, വിവിധ ഗോത്രങ്ങളിൽ വസിക്കുന്ന ആദിവാസികളാകാം, ചേരരുടെ അനന്തരാവകാശികൾ. വില്ലവർ എന്ന ആദിവാസികളാകാം ചേരരുടെ പിൻമുറക്കാർ എന്നാണ്, ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം. വില്ല് ആയിരുന്നല്ലോ ചേരരുടെ അടയാളം. നാട്ടിൽ കൃഷിപ്പണിയും മറ്റും ചെയ്തു ജീവിക്കുന്ന പുലയർ (ചെറുമർ) ആകാം ചേരർ എന്ന് മറ്റുചില ചരിത്രകാരന്മാർ പറയുന്നു. പേരിൽ ചെറുമർക്ക് ചേരരോട് സാമ്യം ഉണ്ടല്ലോ. പക്ഷെ ചരിത്രത്തിന് അന്തിമതീർപ്പ് എന്നൊന്നില്ലല്ലോ. എതിരായി എന്തെങ്കിലും ലക്ഷ്യം കിട്ടുന്നത് വരെ ഇപ്പോഴത്തെ ചരിത്രം നിലനിൽക്കും. ♦

# കാറ്റേ നീ വീശണമിപ്പോൾ

– (കെ. രാമചന്ദ്രൻ മുൻ ജില്ലാ ജഡ്ജി)

**അ**ടുത്തു നടന്ന ചില അസംബ്ളി തിരഞ്ഞെടുപ്പു ഫലങ്ങൾ നമ്മുടെ രാഷ്ട്രത്തിന് ഒരു പുതിയ ഉണർവ്വ് പ്രദാനം ചെയ്തിട്ടുണ്ടെന്ന് തോന്നുന്നതിൽ തെറ്റില്ല, പ്രത്യേകിച്ച് ദില്ലിയിലെ തിരഞ്ഞെടുപ്പു ഫലങ്ങൾ. നമ്മുടെ രാഷ്ട്രം ജനാധിപത്യ സംവിധാനത്തെ അവലംബിച്ച് ആറു പതിറ്റാണ്ടു പിന്നിട്ടു കഴിഞ്ഞിരിക്കുന്നു. ജനായത്ത ഭരണം വേണ്ടുവോളം വേരുപിടിച്ച രാഷ്ട്രങ്ങളിൽ അഭിമാനപൂർവ്വം മുൻപന്തിയിൽ നമുക്കു സ്ഥാനമുണ്ട്. അയൽ രാഷ്ട്രങ്ങൾ മിക്കതും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വേച്ഛാധിപത്യ മാർഗ്ഗങ്ങളിലൂടെയാണ് നീങ്ങുന്നത് എന്നിരുന്നാലും നമ്മുടെ രാഷ്ട്രത്തിലെ ജനാധിപത്യ സംവിധാനം ശരിയായ ദിശയിലൂടെയാണോ പ്രയാണം ചെയ്യുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഭരണഘടന വിഭാവനം ചെയ്യുന്ന മതേതര സോഷ്യലിസ്റ്റ് റിപ്പബ്ളിക് ഒരു യാഥാർത്ഥ്യമായിത്തീരുവാൻ ഇനിയും നിരവധി കാതങ്ങൾ സഞ്ചരിക്കേണ്ടതുണ്ട്. മാത്രമല്ല, ആ തത്വങ്ങൾ ബലഹീനമാക്കി, പോരാ ബലിയർപ്പിച്ചുകൊണ്ട്, നീങ്ങികൊണ്ടിരിക്കുകയാണ്. തത്വദീക്ഷയില്ലാത്ത, സ്വന്തം കീശ മാത്രം ശ്രദ്ധിക്കുന്ന രാഷ്ട്രീയക്കാർ, ഈ രാജ്യം എവിടെകൊണ്ട് ചെന്നാക്കും എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു.

അഴിമതിയാണ് ഈ രാജ്യത്തെ കാർന്നുകൊണ്ടിരിക്കുന്ന മഹാരോഗം. ഏത് സർക്കാർ ആയാലും, ഏതു ഭരണകക്ഷിയാണെങ്കിലും, ഒറ്റയ്ക്കോ കൂട്ടായോ ഭരിച്ചാലും അടി മുതൽ മുടി വരെ അഴിമതിയിൽ മുങ്ങിക്കുളിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഈ ദുരവസ്ഥയിലാണ് ദില്ലിയിൽ നടന്ന തിരഞ്ഞെടുപ്പിലെ ഫലങ്ങൾ നല്ലവരുടെ ശ്രദ്ധയ്ക്ക്, വിധേയമാകേണ്ടത്. ഒട്ടും രാഷ്ട്രീയപാരമ്പര്യമില്ലാത്ത ആം ആദ്മി പാർട്ടി, വേരുകൾ ഉറച്ചെന്ന് സ്വയം കരുതുന്ന രാഷ്ട്രീയ പാർട്ടികളെ, ഞെട്ടിച്ചുകൊണ്ട് തങ്ങളുടെ വിജയപതാക നാട്ടുകയുണ്ടായി. ഈ അസാധാരണ സംഭവം തീർച്ചയായും എല്ലാ സജ്ജനങ്ങളും സഹർഷം സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നു. അഴിമതി എന്ന ദുർഭൂതത്തെ തുടച്ചു നീക്കാനുള്ള ആത്മാർത്ഥമായ പരിശ്രമത്തെ ജനങ്ങൾ സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്നാണ് ഈ തിരഞ്ഞെടുപ്പ് ഫലങ്ങളുടെ മുഖ്യമായ സന്ദേശം.

അഴിമതിയെന്നാൽ കൈക്കൂലി വാങ്ങൽ മാത്രമല്ല, സ്വജനപക്ഷപാതം, അനർഹമായ സമ്പാദ്യങ്ങൾ, അർഹിക്കാൻ യോഗ്യതയില്ലാത്ത പദവികളിൽ കയറികൂടുക, കയറിപറ്റിയാൽ, ആ ജീവനാന്തം അതിൽ തൂങ്ങി പിടിക്കുക, അർഹരായവർക്ക് അവസരങ്ങൾ കിട്ടാതിരിക്കാൻ ഏതൊരു ഹീനമായ മാർഗവും സ്വീകരിക്കുക ഇതെല്ലാം ഇന്നത്തെ ഔദ്യോഗിക പദവിയിലുള്ള നേതാക്കൻമാർക്ക് മാത്രമല്ല എല്ലാ രാഷ്ട്രീയ നേതാക്കൻമാരുടെയും കർമ്മപഥം ആണല്ലോ. സ്ഥാനമാനങ്ങളും ആദായപദവികളും പങ്കിട്ട് എടുത്ത് നാടൊട്ടുക്കും വിഹരിച്ച് നടക്കുന്ന പാർലമെന്റ്, അസംബ്ളി അംഗങ്ങളും, എന്തിന് തദ്ദേശഭരണ സമിതിക്കാരും നടമാടുന്ന നാടാണല്ലോ നമ്മുടേത്. നിയമക്കുരുക്കിൽ പെടുന്നില്ലെങ്കിലും, ശിക്ഷ നൽകാൻ പര്യാപ്തമല്ലെങ്കിലും, ഈ വക വിക്രിയകൾ ജനസേവനത്തിലെ പുഴുക്കുത്തുകൾ ആണെന്നും അവയെല്ലാം അഴിമതിയാണെന്നും ജനങ്ങൾ വിധിക്കുമെന്ന ഒരു കാലം വന്നുകൊണ്ടിരിക്കുകയാണ്.

ആം ആദ്മി പാർട്ടിക്ക് ഒരുപക്ഷേ അധികാരമോഹമില്ലാതിരിക്കാം. എന്നാൽ അധികാരമോ ഭരണമോ കിട്ടിയാൽ അവരുടെയും ഗതി ഇതാകുമോ എന്നു ഭയപ്പെട്ടാൽ തെറ്റില്ല. ചക്കരകുടത്തിൽ കൈയിട്ടാൽ നക്കാത്തവർ ആരുണ്ട്? എന്തൊക്കെയായാലും അഴിമതിക്കാർ അല്ലാത്തവരെയാണ് ജനം സ്വീകരിക്കുക എന്ന ഒരു സന്ദേശം നമ്മുടെ നാട്ടിൽ ആദ്യമായാണ് ഇത്രയും സുശക്തമായി ആവിർഭവിച്ചിരിക്കുന്നത്.

ആ പ്രവണതയ്ക്ക് കാര്യമായ സ്ഥാനം കിട്ടിയാൽ, മഹാത്മാഗാന്ധിയുടെ നാട്ടിൽ, ദൈവത്തിന്റെ സ്വന്തം നാട്ടിലും, കാര്യങ്ങൾ കുറെ മെച്ചപ്പെടും. ഇതിനായി വോട്ടർമാർ ചെയ്യേണ്ടത് കിട്ടുന്ന സ്ഥാനാർത്ഥികളിൽ ആരാണ് അഴിമതിക്കാർ അല്ലാത്തത് അയാൾക്കായി സമ്മതിദാനാവകാശം വിനിയോഗിക്കുക. പാർട്ടി ഏതായാലും സ്ഥാനാർത്ഥി അഴിമതിക്കാരനാണെങ്കിൽ നിക്ഷേധവോട്ട് ഉണ്ടല്ലോ, സഖാവേ, അതിനെ ആശ്രയിക്കാം. എല്ലാ രാഷ്ട്രീയപാർട്ടികളും തങ്ങളുടെ സ്ഥാനാർത്ഥികൾ അഴിമതികാരല്ലന്ന് ഉറപ്പാക്കണം. ഒന്നിൽ കൂടുതൽ, ഏറിയാൽ രണ്ടു പ്രാവശ്യം, പിന്നീട് സ്ഥാനാർത്ഥിയാകാൻ സമ്മതിക്കരുത്. അധികാരം അഴിമതിയാണ്, കൂടുതൽ അധികാരം കൂടുതൽ അഴിമതിയാണ് എന്നല്ലെ പ്രമാണം. അഴിമതിക്കാർ അല്ലാത്ത ജനപ്രതിനിധികൾ ഭൂരിപക്ഷമുള്ള ഒരു സർക്കാരിനു മാത്രമെ ജനോപകാരപ്രദമായ പദ്ധതികൾക്ക്, അഴിമതി പുരളാതെ നടപ്പിലാക്കുവാൻ, കഴിയൂ എന്ന് മനസിലാക്കേണ്ട കാലം സംജാതമായിരിക്കുന്നു. അന്തരീക്ഷം ഇപ്പോൾ ആശാവഹമാണ്. കാറ്റേ നീ വീശണമിപ്പോൾ എന്ന് പറഞ്ഞാൽ മതിയോ? കാറ്റേ നീ ആഞ്ഞടിക്കണം എന്നു പറയണ്ടേ? ♦

## എറണാകുളം കരയോഗം വിമൺസ് ഫോറം

എല്ലാ മാസവും രണ്ടാം ബുധനാഴ്ചയും നാലാം ബുധനാഴ്ചയും ഉച്ചയ്ക്ക് നാലു മണിക്ക് വിമൻസ് ഫോറത്തിന്റെ യോഗം ഉണ്ടായിരിക്കും. പ്രസ്തുത യോഗത്തിൽ, പ്രഗത്ഭരായ അഭിഭാഷകർ, സാമൂഹ്യപ്രവർത്തകർ, ഡോക്ടർമാർ തുടങ്ങിയവർ സാമൂഹ്യ പ്രതിബന്ധതയുള്ള വിഷയങ്ങളെ അധികരിച്ച് സംസാരിക്കുന്നതാണ്. കരയോഗാംഗങ്ങളായ എല്ലാ സഹോദരിമാരും യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# കേൾക്കലിനുള്ള അവകാശം

## "സാധാരണക്കാരന്റെ ലോക്പാൽ"

– പ്രൊഫ: വി. പി. ജി. മാരാർ

സുതാര്യതയും കാര്യക്ഷമതയും ഉത്തരവാദിത്വവും നല്ല ഭരണത്തിന് അവശ്യം ഉണ്ടാകേണ്ട കാര്യങ്ങളാണ്. ഭരണതലത്തിൽ സുതാര്യത ഉറപ്പുവരുത്തുകയാണ് വിവരാവകാശ നിയമം കൊണ്ടുദ്ദേശിക്കുന്നത്. സമയബന്ധിതമായി സേവനം ഉറപ്പാക്കുന്നതിലൂടെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് സേവനാവകാശ നിയമത്തിന്റെ ലക്ഷ്യം. എന്നാൽ ശരിയായ ഉത്തരവാദിത്വ ബോധത്തിന്റെ അഭാവത്തിൽ ഈ രണ്ടു നിയമങ്ങളുടേയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുകയില്ല. ഇത് പരിഹരിക്കുക എന്ന ലക്ഷ്യമാണ് കേൾക്കലിനുള്ള അവകാശ (Right to Hearing) നിയമത്തിലുള്ളത്. ഭരണതലത്തിലുള്ള തീരുമാനങ്ങൾക്ക് ബന്ധപ്പെട്ടവർ വിശദീകരണം നൽകുകയും, തെറ്റുകൾ സംഭവിക്കുന്ന പക്ഷം അവ തിരുത്തപ്പെടുകയും ചെയ്യണം. ഭരണതലത്തിൽ കൈക്കൊണ്ട ഒരു നയത്തെക്കുറിച്ചോ, പരിപാടിയെക്കുറിച്ചോ, പദ്ധതിയെക്കുറിച്ചോ കാര്യകാരണസഹിതമുള്ള വിശദീകരണം സമയബന്ധിതമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും കേട്ട് പരിഹാരം ലഭിക്കുവാനും ഗൗരവമായ കൃത്യവിലോപത്തിനും ബന്ധപ്പെട്ട വ്യക്തി ശിക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തുവാനും സാധാരണക്കാരന് അവകാശം നൽകുന്ന നിയമമാണ് കേൾക്കലിനുള്ള അവകാശ നിയമം. പരാതി സ്വീകരിക്കപ്പെടുവാനും ഒരു നിശ്ചിതസമയത്തിനകം പരാതിക്കാരന് സൗകര്യപ്രദമായ സ്ഥലത്തു വച്ച് പരാതിയിന്മേലുള്ള വിശദീകരണം ഉദ്യോഗസ്ഥനിൽ (Public Hearing Officer) നിന്നും കേൾക്കുവാനും, നിശ്ചിതസമയത്തിനകം തീരുമാനം രേഖാമൂലം കൈപ്പറ്റുവാനും ഇത് അവസരം നൽകുന്നു. പരാതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തൃപ്തികരമായ വിശദീകരണം തേടി പരിഹാരം ഉണ്ടാകുവാൻ നിയമപരമായി അധികാരം ലഭിക്കുന്നതിനാൽ പരാതി സമർപ്പിക്കുന്ന പൗരൻ ചെറിയ കാലയളവിലേക്കെങ്കിലും അക്ഷരാർത്ഥത്തിൽ ഒരു ഓംബുഡ്സ്മാന്റെ പദവിയിലേയ്ക്ക് ഉയർത്തപ്പെടുന്നു എന്നതാണീ നിയമത്തിന്റെ പ്രത്യേകത. സേവനാവകാശനിയമത്തിന് കൂടുതൽ ശക്തി പകരുന്ന ഈ നിയമം സാധാരണക്കാരന്റെ ലോക്പാൽ എന്നാണ് അറിയപ്പെടുന്നത്.

താഴെതട്ടിലുള്ള ഉദ്യോഗസ്ഥർ (Lower Bureaucracy) ക്കായി കേന്ദ്രസർക്കാർ കൊണ്ടു വന്നിട്ടുള്ള ബില്ലിൽ (Citizens Right to Grievance Redressal Bill ) സേവനാവകാശവും, കേൾക്കലിനുള്ള അവകാശവും ഉൾപ്പെടുത്തിയുട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം പോലെ സാധാരണക്കാരെ ബാധിക്കുന്ന അതിപ്രധാനമായ ചില നിയമങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് കാര്യങ്ങൾ പോകാതിരിക്കാൻ അവരെ കൂടുതൽ ഉത്തരവാദബോധമുള്ളവരാക്കി മാറ്റേണ്ടതുണ്ട്. പൊതു ജനസേവകരായ ഉദ്യോഗസ്ഥർ അവരുടെ കർത്തവ്യം വേണ്ടപോലെ നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള അവകാശം ജനങ്ങൾക്ക് ലഭിക്കേണ്ടതുമുണ്ട്. ഈ നിയമം അതിന് ഏറെ ഉപകരിക്കും എന്നതിന് സംശയമില്ല.

പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ശക്തമായ ആവശ്യം ഉണ്ടാകാതെ തന്നെ ഇപ്രകാരം ഒരു നിയമം പാസ്സാക്കുവാൻ തയ്യാറായ രാജസ്ഥാനിലെ ശ്രീ. അശോക് ഗെഹ് ലോട്ടിന്റെ നേതൃത്വത്തിലുള്ള മുൻ സർക്കാരിനെ പ്രശംസിക്കേണ്ടിയിരിക്കുന്നു. 2012 ആഗസ്റ്റ് ഒന്നിന് ഈ നിയമം (The Rajasthan Right to Hearing Act, 2012) രാജസ്ഥാൻ സർക്കാർ അംഗീകരിച്ചു. ഇതു പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ പരാതികൾ സ്വീകരിച്ച് രസീതു നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി ലഭിച്ച് 15 ദിവസങ്ങൾക്കകം ഉദ്യോഗസ്ഥൻ (Public Hearing Officer) ഒരു നിശ്ചിത സ്ഥലത്തു ഹാജരായി മറുപടി നൽകി പരാതിക്കാരനെ ബോധ്യപ്പെടുത്തി പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. സാധാരണ ജനങ്ങൾക്ക് പെട്ടന്ന് എത്തിച്ചേരാൻ കഴിയുന്ന സ്ഥലങ്ങളാണ് കേൾക്കലിനായി (Hearing ) തെരഞ്ഞെടുത്തിട്ടുള്ളത്. പബ്ലിക് ഹീയറിംഗ് അസിസ്റ്റൻസ് ബൂത്ത് എന്ന പേരിലറിയപ്പെടുന്ന ഈ സ്ഥലങ്ങളായി നിശ്ചയിച്ചിരിക്കുന്നത് പഞ്ചായത്തുകളിലുള്ള രാജീവ്ഗാന്ധി സേവാ കേന്ദ്രങ്ങളാണ്. ഈ സ്ഥലങ്ങളിൽ ഉദ്യോഗസ്ഥർ ഒരു നിശ്ചിത ദിവസം (വെള്ളിയാഴ്ച) ഹാജരായി പരാതിക്കാരനെ സമാധാനം ബോധിപ്പിച്ചിരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ അന്നേക്ക് 7 ദിവസത്തിനകം ഈ കാര്യത്തിലുള്ള തീരുമാനം രേഖാമൂലം നൽകിയിരിക്കണം. 21 ദിവസങ്ങൾക്കകം പരാതിയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും അവസാനിപ്പിക്കേണ്ടതുണ്ട്. വീഴ്ചയുണ്ടാകുന്ന പക്ഷം പരാതിക്കാരന് ഒന്നാം അപ്പീലും തുടർന്ന് രണ്ടാം അപ്പീലും സമർപ്പിക്കുവാൻ നിയമമമുണ്ട്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന് 500 രൂപ മുതൽ 5000 രൂപ വരെ പിഴ ചുമത്തുവാനും അത് ശമ്പളത്തിൽ നിന്നും പിടിക്കുവാനും വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ വകുപ്പു തല അച്ചടക്ക നടപടികളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശിക്ഷിക്കപ്പെടുന്ന ഉദ്യോഗസ്ഥന് റിവിഷന് സൗകര്യം നൽകിയിട്ടുണ്ട്. സിവിൽ കോടതികളെ ഇതിലിടപെടുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കയാണ്. സർക്കാരുദ്യോഗസ്ഥരുടെ (റിട്ടയർ ചെയ്തവരും) സേവനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിവരാവകാശ നിയമ പ്രകാരവും, സേവനാവകാശ നിയമ പ്രകാരവും വരുന്ന കാര്യങ്ങൾ എന്നിവ ഒഴിവാക്കപ്പെട്ടിരിക്കുന്നു. സേവനാവകാശ നിയമത്തിന് ശക്തി പകരുന്ന ഈ നിയമം രാജസ്ഥാനിൽ വിജയകരമായി പരീക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് സേവനാവകാശ നിയമം വന്നിട്ട് ഒരു വർഷം ആകാൻ പോകുന്നു. ഈ ദിശയിൽ കാര്യമായ പുരോഗതിയൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഉത്തരവാദിത്വങ്ങളിൽ നിന്നും ഒളിച്ചോടുവാനുള്ള പ്രവണത എല്ലാ രംഗങ്ങളിലും പൊതുവെ ഇന്ന് ദൃശ്യമാണ് അതുകൊണ്ട് ഭരണത്തിന്റെ വിവിധ തലങ്ങളിൽ എന്ത് എങ്ങനെ സംഭവിക്കുന്നു എന്നറിയുവാൻ സംവിധാന മുണ്ടാകേണ്ടിയിരിക്കുന്നു. ''കേൾക്കുവാനുള്ള അവകാശ നിയമം" ഇവിടേയും നടപ്പിലാക്കേണ്ടിയിരിക്കുന്നു. ♦

# ശില്പി



- പറവൂർ രാജഗോപാൽ

കരവിരുതാൽ പണിതൊരുക്കുന്നിതാ
വിവിധ വൈവിദ്ധ്യമേറുന്ന ശില്പങ്ങൾ
കലയുണർത്തുന്ന കമനീയ മാതൃകാ
ചടുലവിദ്യതൻ ആചാര്യനൽസുതൻ.
അകലെയുൾക്കാട്ടിൽ നിന്നു കണ്ടെത്തിടും
അതിഗംഭീരമാം വൻതരുക്കാതലിൽ
മൃദുതരമാ,യുളികൊണ്ടൊരാകൃതി
പകരുവോളം പിടച്ചിലാണാത്മാവിൽ.
കല്ലിലുളിവെയ്ക്കേ കരളിലായ് ഇറ്റുന്ന
കദന നൊമ്പരം പ്രാണന്റെ നീറ്റലിൽ
അനഘകാന്തി വടിവൊത്ത മട്ടിലായ്,
കരമൊരുക്കുന്നു പ്രതിമാന ഭംഗികൾ.
തെളിമയാർന്നുള്ള തരുവിലും കല്ലിലും
കരളിൽമൊട്ടിടും ഛായാസ്വരൂപങ്ങൾ
ഉടലുരുക്കിയടർത്തി മാറ്റുന്ന, തിൽ
കപടഭംഗി തന്നംശപ്പകിട്ടുകൾ.
തെളിയുണർവായെഴുന്നിടും ശില്പത്തെ
അതിവിമോഹന സ്വപ്നസാരൂപ്യത്തെ
എത്രയെത്രനാൾ കണ്ടുനിന്നീടിലും
ഇച്ഛതീരുമോ സ്രഷ്ടാവിനല്പവും?
വെൺമനോഹരശില്പസങ്കല്പങ്ങൾ
ഉണ്മയോടുറങ്ങുന്നതിലേതിലും
വേണമുൾക്കാഴ്ച കണ്ടറിഞ്ഞീടുവാൻ
തൊട്ടറിഞ്ഞവ സൃഷ്ടിപ്പതിന്നുമായ്.

കല്ലിലും തടിത്തണ്ടിലായീടിലും
ഉള്ളുരുകിയാണാപ്പണിശാലയിൽ
കണ്ടു കണ്ടു കൊതിതീർന്നിടും മുൻപേ
കൊണ്ടു പോകുമാശില്പങ്ങൾ വാങ്ങുവോർ.
കാഞ്ചനം തന്നെ തന്നുവെന്നാകിലും
മൂല്യതുല്യത നേടുവാനൊക്കുമോ
വ്യാജഭാവമാണന്നേരം ശില്പിതൻ
ആനനം ധരിച്ചീടുമാനന്ദവും.
കഷ്ടമേറെ സഹിച്ചും, വിയർത്തു മാ
തങ്കമേറെ തളർത്തിയും സൃഷ്ടിച്ച
മുഗ്ദ്ധ ശില്പസ്വരൂപത്തെ ശില്പിയാം
അച്ഛനെങ്ങനെ വിസ്മരിച്ചീടുവാൻ?
സ്വന്തം ചോരയിൽ ജന്മംകൊടുത്ത, തി
മോദപൂർണ്ണം വളർത്തിയ പുത്രിയെ
മറ്റൊരാളിന്നു കൈപിടിച്ചേല്പിക്കേ,
നൊന്തുപോയിടുമച്ഛന്നു നെഞ്ചകം.
കൈതരിക്കുമാകാൽവണ്ണപൊള്ളിടും
ഉടലുരുകിയാ ദേഹം വിയർത്തിടും
ചുട്ടുപൊള്ളുന്ന ഹൃദയാഗ്നി തന്നിലാ
ദുഃഖം നീറിയൊടുങ്ങും മിഴികളിൽ
മണ്ണിലും മരത്തണ്ടിലും കല്ലിലും
മണ്മറയാത്ത ചാരുതചേർത്തിടും
ശില്പികൾ അവർ ശില്പങ്ങൾക്കച്ഛൻമാർ
എത്രയുമഭിവന്ദ്യരെന്നോർക്കണം.

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം ജനുവരിമാസം പരിപാടികൾ**

| തീയതി | പ്രാർത്ഥന | ഇന്നത്തെ ചിന്താവിഷയം | മുഖ്യപ്രഭാഷണം | വിഷയം | കൃതജ്ഞത |
|---|---|---|---|---|---|
| 16.01.14 | കോമളവല്ലി | ആർ. പുരുഷോത്തമൻ | കെ.എം.എസ്. കുട്ടി | റുപ്പീ റീവാല്യേഷൻ | |
| 23.01.14 | ടി. എൻ. ടി. നായർ | ടി.കെ.ശ്രീകുമാരൻ നായർ | ഡോ: സി. മാധവൻ നായർ | മൊബൈൽ ടവർ | ഡോ: സി. മാധവൻ നായർ |
| 30.01.14 | സുമതി | സുമതി ശ്രീകുമാർ | പി. ജയരാമൻ | Predictiably irrational | ടി.ബി. കൃഷ്ണൻ നായർ |
| 06.02.14 | എ. എൻ. കെ മേനോൻ | കെ.എം.എസ്. കുട്ടി | അഡ്വ. രാമചന്ദ്രൻ നായർ | വാർണ്ണാശ്രമങ്ങൾ | എസ്.ശ്രീകുമാർ |

# ശങ്കര ഭജനം

- പി. ബാലഗോപാലൻ

കൈലാസവാസനാം ഭഗവാൻ മഹാദേവൻ
എറണാകുളത്തു വന്നവതരിച്ചു.
കുടുംബസമേതനായ് വാണരുളുന്നൊരു
എറണാകുളത്തപ്പ എൻ പ്രണാമം.
കാലത്തെണീറ്റു കുളിച്ചും കൊണ്ടോടി ഞാൻ
നിർമ്മാല്യദർശന മോഹവുമായ്
നടതുറപ്പും നോക്കി കണ്ണിമ വെട്ടാതെ
ഒരു നോക്കു കാണാൻ കൊതിച്ചു നിന്നു.
നിർമ്മാല്യവും കഴിഞ്ഞഭിഷേകവും തൊഴുതു
ശ്രീമൂലസ്ഥാനത്തു പോയ് വണങ്ങി
പാർവ്വതീദേവിയോടൊന്നിച്ചു നിൽക്കുന്ന
ശ്രീപരമേശ്വരാ കൈ തൊഴുന്നേൻ
പിന്നെ ഗണപതിനടയിൽ വന്നടിയങ്ങൾ
ഏത്തമിട്ടേത്തമിട്ടേത്തമിട്ടു
മുരുകനേയും സർപ്പരാജാവിനേയും
കണ്ടു വണങ്ങി തൊഴുതു നിന്നു.
കുങ്കുമാഭീഷിക്ത പാർവതി ദേവിയെ
പലവട്ടം തൊഴുതു നമസ്കരിച്ചു
സ്ത്രോത്രങ്ങൾ പലതും ഉരുവിട്ടു കൊണ്ടു ഞാൻ
ക്ഷേത്ര പ്രദിക്ഷിണം പൂർത്തിയാക്കി.
ഉഷ പൂജ നടയടച്ചപ്പോൾ ഭഗവാന്റെ
തിരുമുമ്പിൽ കൈകൂപ്പി നിന്നനേരം
പഞ്ചാക്ഷരീ മന്ത്രമുച്ചത്തിൽ കേൾക്കുമാ
റെല്ലാരും നാമജപത്തിൽ മുങ്ങി.
കൂവളമാലയും രുദ്രാക്ഷമാലയും ചാർത്തി
ഭഗവാനെതിർത്ത പൂജ
ഈ മഹൽ ദർശനം കണ്ടു വണങ്ങി ഞാൻ
മുജ്ജന്മ പാപ ശമനത്തിനായ്
ശീവേലി കൊട്ടി ഭഗവാന്റെ കൂടെ പ്രദിക്ഷിണം
മൂന്നു കഴിഞ്ഞതെന്നാൽ
അതിലൂടെ അനുഭവിക്കുന്നോരു ആഹ്ലാദം
പറഞ്ഞറിയിക്കാനും സാധ്യമല്ല.
ഭഗവാന്റെ പ്രിയപ്പെട്ട പന്തീരടി പൂജ
തൊഴുതു വണങ്ങാനായ് കാത്തു നിന്നു
നാമജപവുമായ് ഭക്തരെല്ലാവരും
ഒരു നോക്കു കാണാനായ് വെമ്പി നിന്നു.
മേൽശാന്തി തന്ന നെയ് ഭക്തിയോടെ വാങ്ങി
ശിവഭജനത്തോടെ സേവിക്കുമ്പോൾ
എറണാകുളത്തപ്പ എന്നുടെ ഭാഗ്യ
മോർത്തെൻ മനമൊന്നു നിറഞ്ഞൊഴുകി.
ചുറ്റമ്പലത്തിൽ പ്രദിക്ഷിണം വയ്ക്കുമ്പോൾ
നന്തി ഭഗവാനെയും വണങ്ങി
അയ്യപ്പസ്വാമിയേം നാഗങ്ങളേയും
വലം വച്ചു തൊഴുതു നമസ്കരിച്ചു.
രാമഭക്തൻ ഹനുമാൻ സ്വാമിയേയും
വേലായുധനേയും ദർശിച്ചു ഞാൻ
നവഗ്രഹ പ്രതിഷ്ഠയിൽ ഒമ്പതു പ്രദക്ഷിണം
പൂർത്തിയാക്കികൊണ്ട് ഞാനിറങ്ങി.
ആയിരം കുടം കൊണ്ടഭിഷേക തീർത്ഥവും
സേവിച്ചു ഗംഗയാം അമ്മേയോർത്ത്
കളഭാഭിഷേകവും ചാർത്തിയ ഭഗവാനെ
മതിവരുവോളം ഞാൻ കണ്ടു നിന്നു.
ഉച്ചപൂജ തൊഴാൻ ധ്യാനിച്ചു നിൽക്കവെ
തീർത്ഥജലത്തിനാൽ കൺ തുറന്നു
കണ്ടു ഭഗവാന്റെ ദിവ്യരൂപം അപ്പോൾ
കണ്ണടക്കാതെ ഞാൻ നോക്കി നിന്നു.
ഉച്ച ശീവേലിയും കൊട്ടി കലാശിച്ചു
തിരുനട പൂട്ടിയിറങ്ങിടുമ്പോൾ
അതുവരെയുള്ള പ്രസാദവും വാങ്ങിച്ചു
നേരെ ഭവനത്തിലേക്കു പോയി.
നാലുമണിക്കു നട തുറന്നപ്പോഴും
പ്രൗഢമാം ഭഗവാന്റെ രൂപം കണ്ടു
ചുറ്റു വിളക്കിലും മറ്റു വിളക്കിലും
എണ്ണയൊഴിച്ചു തിരിയുമിട്ടു.
കർപ്പൂര ദീപ പ്രഭയാൽ ഭഗവാന്റെ
സുന്ദര രൂപത്തിൽ നോക്കി നിന്നു
കണ്ണുകൾ പിൻവലിക്കാൻ കഴിയാതെ ഞാൻ
തൊഴു കൈകളോടെ നടയിൽ നിന്നു.
അത്താഴ പൂജ കഴിഞ്ഞു ഭഗവാനെ
സാഷ്ടാംഗമായി നമസ്കരിച്ചു
മേൽശാന്തി തന്ന പ്രസാദവും വാങ്ങിച്ചു
തൃപ്പുകക്കായി ഞാൻ കാത്തു നിന്നു.
ഒന്നല്ല രണ്ടല്ല മുന്നു പ്രദക്ഷിണം
ഭഗവാനൊടൊത്തു ഞാൻ വച്ചിടുമ്പോൾ
ഇതിൽ പരമാനന്ദം എവിടന്നു കിട്ടു
മെൻ എറണാകുളത്തപ്പ ശിവശങ്കര.

♦

# വംശാന്ത്യം

– ജി. മാധവൻ നായർ

**നെ**ഞ്ചിനുള്ളിൽ ഒരു നെരിപ്പോട് നീറുന്ന പോലെ നാണിയമ്മയ്ക്ക് തോന്നി. അതിനെ തുടർന്നു ശ്വാസതടസ്സവും. തല കുമ്പിട്ടിരുന്ന് വായു വലിച്ചെടുക്കുവാനുള്ള ശ്രമവും അമ്പേ പരാജയപ്പെട്ടു പോയി. കിടക്കയിൽ നിന്നെഴുന്നേറ്റ് തലയിണ യ്ക്കടിയിൽ വച്ചിട്ടുള്ള ഞെക്ക് വിളക്ക് പ്രകാശിപ്പിച്ചു. തല്പത്തിനോട് ചേർന്നുള്ള മേശപ്പുറത്ത് വച്ചിരിക്കുന്ന ടംബ്ലറിൽ നിന്നു ഒരിറക്ക് വെള്ളം കുടിച്ചു. ജലം, തൊണ്ടയിലൂടെ കീഴോട്ടിറങ്ങാൻ നന്നേ ബദ്ധപ്പെട്ടു. ചുവരിലിരിക്കുന്ന വയസ്സൻ ഘടികാര ത്തിലേയ്ക്ക് ഒന്നു വെളിച്ചം വീശി. മണി രണ്ടു കഴിഞ്ഞിരിക്കുന്നു.

തലയിണകൾ ഉയർത്തിവച്ച്, സാവ ധാനം മെത്തയിലേയ്ക്ക് ചാഞ്ഞ്, ദേവീസ്ത്രോത്രം ഉരുവിട്ടു. തൊട്ടടുത്ത മുറിയിൽ മകന്റെ ഭാര്യ കിടപ്പുണ്ട്. പ്രയാസമേറിയാൽ അവളെ വിളിക്കാം. അല്ലാതെ നിദ്രയിലാണ്ടുപോയ മരു മകളെ എന്തിനു ബുദ്ധിമുട്ടിക്കണം.

മൺമറഞ്ഞു പോയ ഭർത്താവി നേയും, അകാലത്തിൽ അപകടത്തിൽ പ്പെട്ടു അസ്തമിച്ചു പോയ അമ്മു മോളേയും അതുപോലെതന്നെ, യശഃ ശരീരനായ പ്രിയപുത്രനേയും പെട്ടെ ന്നോർത്തു പോയി. ജീവിതവസന്ത ത്തിൽ, സൗഭാഗ്യങ്ങളൊന്നും അനുഭവി ക്കാതെ, വിട്ടുപോയ മകന്റെ മുഖം, മറക്കാൻ കഴിയുന്നില്ല. അവരുടെ യെല്ലാം വേർപാട്, കഴിഞ്ഞിട്ടും ഇപ്പോൾ എല്ലാവർക്കും ഒരു ഭാരമായി പരമ്പര യിലെ, ഒടുവിലത്തെ പടുമരമായവ ശേഷിക്കുകയാണ് താൻ. ഇമകൾ പൂട്ടി, അങ്ങിനെ കിടന്ന് മയങ്ങിപ്പോയി.

നേരം വെളുത്തിട്ടുണ്ടാകും. മരു മകൾ വന്ന് വിളിച്ചു. തിരിച്ചങ്ങോട്ടു ഉരിയാടാൻ ശ്രമിച്ചു. പക്ഷേ വാക്കുകൾ പുറത്തേയ്ക്കു വരുന്നില്ല. അതിനാൽ നെഞ്ചു തടവുകയും, കഴുത്ത് അമർത്തു കയും, നാസാരന്ധ്രങ്ങൾ അടച്ചുപിടിച്ച്, കൈകൾ ചലിപ്പിച്ച് പ്രയാസം കാണി ക്കുകയും ചെയ്തു. പെട്ടെന്ന് കാര്യം ഗ്രഹിച്ച പുത്രഭാര്യ ഉടൻ തന്നെ ആശുപത്രിയിൽ പോകാമെന്ന് പറഞ്ഞു, മുറിക്ക് പുറത്തിറങ്ങി.

തൊട്ടടുത്ത്, അതേ വളപ്പിൽ തന്നെ താമസിക്കുന്ന മകന്റെ വീട്ടിൽ ചെന്ന് അവൾ, അവന്റെ അച്ഛാമ്മയുടെ സ്ഥിതി ധരിപ്പിച്ചു, തിരികെ വീട്ടിലേയ്ക്കു മടങ്ങി. ഒട്ടും വൈമനസ്യമില്ലാതെ, അവൻ വസ്ത്രങ്ങൾ മാറി ഭാര്യയോടു കുട്ടികളുണർന്നിട്ടില്ല എന്ന് പറഞ്ഞ് കൊണ്ട് അമ്മ താമസിക്കുന്ന വീട്ടി ലേയ്ക്ക് ചെന്നു. മെത്തയിൽ ശയിച്ചി രുന്ന വയസ്സായ സ്ത്രീ, പ്രയാസപ്പെട്ടു കണ്ണുകൾ വിടർത്തി അവനെ നോക്കി. പേരക്കിടാവു പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞു.

അച്ഛാമ്മേ, നമുക്ക് ഡോക്ടറെ കണ്ടിട്ടു വരാം. അതിനു മറുപടിയായി അവർ തലയൊന്നനക്കി. ഇതിനിടക്ക് ആ പരിസരത്തു തന്നെ താമസിക്കുന്ന അവന്റെ അനുജൻ, അമ്മ വിവര മറിയിച്ചതിനെ തുടർന്നു ഓടിയെത്തി വന്ന യുവാവ്, വൃദ്ധയുടെ ശോഷിച്ച കൈകൾ കൂട്ടിപിടിച്ച്, ആശ്വാസ വാക്കുകളുതിർത്തു.

ചേട്ടാ, ഇപ്പോൾ തന്നെ പോകാം, അല്ലേ? അയാൾ ജ്യേഷ്ഠനോട് കാര്യം തിരക്കി. നീ കാറെടുത്തു കൊണ്ടു വരൂ, നമുക്കുടൻ തന്നെ തിരിക്കാം. മൂത്ത യാൾ അത് പറഞ്ഞ നിമിഷം, ഇളയ യാൾ കാർ എടുക്കുന്നതിലേയ്ക്ക് വീടിന്റെ മുൻവശത്തേയ്ക്ക് പോയി. എല്ലാവരും കൂടി വയസ്സായ സ്ത്രീയെ താങ്ങിയെടുത്ത് വാഹനത്തിന്റെ പിൻസീറ്റിൽ മെല്ലെ ചാരിയിരുത്തി. ഒരു ഭാഗത്ത് മരുമകളും, മറുഭാഗത്ത് അവരുടെ ഇളയമകന്റെ ഭാര്യയും ഇരുപ്പുറപ്പിച്ചു. അനിയൻ കാറിന്റെ സാരഥിയായപ്പോൾ, ജ്യേഷ്ഠൻ, അവന്റെ ഇടതു വശത്ത് സ്ഥലം പിടിച്ചു.

അടുത്തുതന്നെയുള്ള സഹകരണ ആശുപത്രിയിലേയ്ക്ക് ശകടം വേഗ ത്തിൽ യാത്രതിരിച്ചു. അവിടെ അപ്പോൾ വലിയ തിരക്കനുഭവപ്പെട്ടില്ല. ആതുരാല യത്തിലെ സഹായിയും, ചെറുപ്പക്കാരും ചേർന്നു രോഗിയെ കസേരയിലിരുത്തി, ചുമതലയുള്ള ദിഷഗ്വരയിരിക്കുന്ന മുറിയിലേയ്ക്ക് കൊണ്ടു വന്നു. അടുത്തയിട ബിരുദം നേടി വന്ന നന്നേ ചെറുപ്പമായ ഒരു പെൺകുട്ടിയായിരുന്നു അവർ.

പ്രാഥമിക പരിശോധന കഴിഞ്ഞ പ്പോൾ ഉടൻ, അടുത്തു തന്നെയുള്ള അത്യാഹിതവിഭാഗത്തോടു ചേർന്നുള്ള മുറിയിലേയ്ക്ക് വൃദ്ധയെ, ചലിക്കുന്ന മഞ്ചലിലെത്തിച്ചു അവിടെയുള്ള പ്രാണവായു നിറച്ച കുറ്റി കൊണ്ടു വന്ന്, അതിനകം മെത്തയിൽ കിടത്തി യിരുന്ന രോഗിയുടെ, നാസാരന്ധ്ര ങ്ങളിലേയ്ക്ക് കുഴലിന്റെ മുഖം മൂടുന്ന അറ്റം പിടിപ്പിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ, അത് വിടുവിച്ചു. ശ്വാസോച്ഛ്വാസം ക്രമാനുഗതമാകുകയും, തടസ്സം നീങ്ങുകയും ചെയ്തതോടെ രോഗി ഉഷാറായി.

ഹൃദയ സംബന്ധമായ തകരാറുകൾ, കണ്ടില്ലെങ്കിൽ കൂടി, ജീവചൈതന്യ മേറാൻ പ്രാപ്തമായ ഒരു കുത്തിവയ്പ് എടുത്തു. അല്പസമയത്തെ വിശ്രമത്തി നുശേഷം, ആശുപത്രി അധികൃതരുടെ അവലോകത്തിനും, അംഗീകാരത്തിനു ശേഷം പ്രവേശിക്കപ്പെട്ട സ്ത്രീയെ, അവിടെ നിന്നും വിടുതൽ ചെയ്യിച്ചു, ബന്ധുക്കൾ വീട്ടിലെത്തിച്ചു.

പുത്രവധു തനിക്കു തന്നിരിക്കുന്ന തട്ടകത്തിലെത്തിയ പാടേ, അവർ കിടക്കയിലമർന്ന്, കണ്ണുകളടച്ചു ധ്യാന നിമഗ്നയായി. സുപരിചിതമായ ദേവി സ്ത്രോത്രം, കൃത്യമായി മനസ്സിലേക്കാ വാഹിക്കപ്പെടുന്നില്ല, എന്നിരുന്നാലും വീണ്ടും, വീണ്ടും തുടക്കത്തിലേയ്ക്ക് ചെന്ന്, അവിടെനിന്നും ഒരൊഴുക്കോടെ വരുന്നതിലേയ്ക്ക് കഠിനാധ്വാനം ചെയ്തു.

അതിനിടയിൽ, ശാരീരിക ക്ഷീ ണവും, കുത്തിവയ്പിന്റെ പ്രഭാവം നിമിത്തവും ഒരു മയക്കത്തിലേയ്ക്ക്

അടർന്നു പോയി. തുടർന്നു ഒരു സ്വപ്നലോകത്തിലേയ്ക്ക് കടക്കുവാൻ പെട്ടെന്ന് തന്നെ സാദ്ധ്യമായി. ഉൾനാടൻ ദ്വീപു സമൂഹത്തിലെ ഒരു കൊച്ചു ഗ്രാമത്തിന്റെ മർമ്മപ്രധാനമായ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഭഗവതീ ക്ഷേത്രമാണാദ്യം വിഷയീഭവിച്ചത്. അവിടെ വളർന്നു വലുതായ തന്റെ ആറുസഹോദരികളും, മൂന്നു സഹോദരൻമാരുടേയും രൂപങ്ങൾ മിന്നിമറയുന്നു. കഷ്ടപാടുകൾ ധാരാളമുണ്ടായിരുന്നിട്ടും, ആ കുടുംബത്തിൽ ഐശ്വര്യദേവതയുടെ സാന്നിദ്ധ്യം എന്നുമുണ്ടായിരുന്നു.

എല്ലാവരുടേയും പൊന്നോമനയായി, ഒടുവിലത്തെ സന്താനമായ തന്റെ വിവാഹം കുറച്ചു വൈകിപോയെങ്കിലും, ഒരു മാറ്റകല്യാണത്തിലൂടെ അത് സഫലീകൃതമായി. തനിക്കുവേണ്ടി ആ സാഹസം കാട്ടിയ ജ്യേഷ്ഠസഹോദരൻ കർക്കശ സ്വഭാവക്കാരനായിരുന്നെങ്കിലും, മനസ്സിൽ വളരെ അലിവുകാട്ടുന്ന പ്രകൃതക്കാരനായിരുന്നു. സന്താന സൗഭാഗ്യത്തിനുള്ള, സർവ്വേശ്വരകടാക്ഷം അദ്ദേഹത്തിനുണ്ടായില്ല. എന്നിരുന്നാലും തന്റെ കുരുന്നുകളെ വാത്സല്യപൂർവ്വം സ്വന്തം മക്കളായിതന്നെ സ്നേഹിച്ചിരുന്നു.

സൈന്യസേവനത്തിനു പോയി, തിരികെ വന്ന ഭർത്താവ്, അധ്യാപകനായി ജോലി നോക്കുന്നതിനിടയിലാണ്, തന്റെ മകൾ ആകസ്മികമായി ഒരപകടത്തിൽപെട്ടു മൃതിയടയുന്നത്. ഹൃദ്രോഗിയായിരുന്ന അദ്ദേഹം മകളുടെ പൊടുന്നനെയുള്ള വേർപാടിൽ ദുഃഖം പൂണ്ട് ഏറെനാൾ ജീവിച്ചില്ല. മകന്റെ പഠിപ്പു കഴിഞ്ഞു ബിരുദമെടുത്ത ഉടൻ ഒരു ബന്ധുവിന്റെ സന്മനസ്സുമൂലം അവന് ഒരു ജോലി ലഭ്യമായി. ഇതിനകം കമ്പനിജീവനക്കാരനായിരുന്ന അമ്മാവൻ ലാവണത്തിൽ നിന്ന് വിരമിച്ചിരുന്നു. ജോലിയുടെ പ്രത്യേക സ്വഭാവം നിമിത്തം, അദ്ദേഹം ശ്വാസകോശ സംബന്ധമായ രോഗത്തിനടിമപ്പെട്ടു. ഭർത്തൃസഹോദരിയെന്ന നാത്തൂൻ സവിശേഷസ്വഭാവമുള്ള ഒരു സ്ത്രീ രത്നമായതിനാൽ ആ കുടുംബത്തിൽ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, അവരുടെ യൗവനകാലത്തെ, കൂട്ടുകുടുംബ ജീവിതത്തിലെ ജോലിഭാരവും, വിശ്രമയില്ലായ്മയും നിമിത്തം നാഡീ സംബന്ധമായ രോഗം ബാധിച്ച് ചലനശേഷിക്ക് ഭംഗം വന്ന് ഏതാണ്ട് നിശ്ചലയായിരിക്കുവാനായിരുന്നു അവരുടെ വിധി.

ഒരു കർക്കിടകത്തിന്റെ, കറുത്ത കരാളതയിൽ അവർക്കു തന്റെ സഹോദരനേയും, അദ്ദേഹത്തിന്റെ ധർമ്മപത്നിയേയും, ദിവസങ്ങളുടെ വ്യത്യാസത്തിൽ നഷ്ടമായി. ആ വീട്ടിൽ അനാഥയായി തീർന്ന, തന്നെ മകനാണ് അവന്റെ താമസസ്ഥലമായ അധികം ദൂരമില്ലാത്ത ഭാര്യാഗൃഹത്തിലേയ്ക്ക് കൊണ്ടു വന്നത്. ആ വീട്ടിൽ ഏതാണ്ട്, തന്നോടൊപ്പം തന്നെ പ്രായമുള്ള പുത്രഭാര്യാമാതാവും വസിച്ചിരുന്നു.

വാർദ്ധക്യ സഹജമായ സ്വഭാവ മാറ്റത്തിൽ നിന്നുത്ഭവിക്കുന്ന പാളിച്ചകളാൽ ഉണ്ടാകുന്ന അല്പസ്വല്പം കുസൃതികളും, ചില്ലറ കലഹങ്ങളുമൊഴിച്ചാൽ അവർ രണ്ടുപേരും നല്ല സുഹൃത്തുക്കളായിരുന്നു. അങ്ങിനെ സംഭവബഹുലമല്ലാത്ത കുറച്ചു കാലങ്ങൾ കടന്നുപോയി. പെട്ടെന്ന് ഒരു ദിവസം ഒരു രാത്രിയുടെ അഗാധതയിലാണ് പ്രിയങ്കരനായ മകൻ, എന്നന്നേക്കുമായി തന്നെ വിട്ടു പോയത്. ഭഗവൽ നിശ്ചയത്തെ തടുക്കുവാനാകില്ലല്ലോ!

പിന്നിടുള്ള ജീവതം കഴിച്ചുകൂട്ടിയത്, ഒരേ വീട്ടിൽ ജീവിക്കുന്ന തന്റെ മകന്റെ ശ്വശ്രുവിനോടും, അവരുടെ മകളായ തന്റെ മരുമകളോടും, കുട്ടികളോടും ഒപ്പമാണ്. ഒരുമിച്ചിരുന്നു ടി. വി. കാണുകയും, വർത്തമാനപത്രങ്ങളിലെ വിശേഷങ്ങൾ പറഞ്ഞറിഞ്ഞും അവർ ആ വീടിനു പ്രകാശമേകി. അവിടെ വന്നു ചേർന്നിരുന്ന, ബന്ധുജനങ്ങൾക്ക് അവരുടെ കൂട്ടായ്മ കണ്ടതിശയിച്ചു. തന്നെപോലെതന്നെ അവർക്കും പ്രായാധിക്യത്താൽ പല അസുഖങ്ങൾ വന്നു തുടങ്ങിയിരുന്നു. പ്രത്യേകിച്ച് ഓർമ്മക്കുറവ്. പലരേയും കണ്ടാൽ തിരിച്ചറിയുന്നില്ല. അതിനിടയ്ക്കാണ് തളത്തിലെ ചുവരിൽ പിടിച്ചു നടക്കുന്നതിനിടയിൽ, കാലൊന്നിടറി നിലം പതിച്ചത്. താഴെ വച്ചിരുന്ന നിലവിളക്കിന്റെ കൂർത്ത ഭാഗം ചുമലിൽ തട്ടി, തോളെല്ലിനു ഒരു ചെറിയ പൊട്ടലുണ്ടായി. പ്ലാസ്റ്റർ ഇടാൻ നിർവ്വാഹമില്ലാത്ത ഭാഗമായതിനാൽ ബാൻഡേജ് കൊണ്ട് കൂട്ടിക്കെട്ടി, അതോടെ അവരുടെ ഓജസ്സുടഞ്ഞു പോയി. ശുശ്രൂഷയ്ക്കും, പരിചരണത്തിനും ഒരു സ്ത്രീയെ വയ്ക്കാതെ നിവർത്തിയില്ലാ എന്ന ഘട്ടം വന്നപ്പോൾ അതിനു പറ്റിയ ഒരാളെ കണ്ടെത്തി.

മുറിയിലെ കാൽ പെരുമാറ്റവും, മരുമകളുടെ തോളത്ത് തട്ടിയുള്ള വിളിയും കേട്ട് അവർ ഞെട്ടി ഉണർന്നു. ആകെ കൂടി ഒരു സംഭ്രമം, പാരവശ്യം, വായാകെ വരണ്ടുവറ്റി പോയത് പോലെ ഒരു തോന്നൽ. പ്രിയപ്പെട്ട മരുമകളോടു വെള്ളത്തിനാവശ്യപ്പെട്ടു. അവൾ അടുത്തു വച്ചിരുന്ന കൂജയിൽ നിന്ന് ജലം ഗ്ലാസ്സിലേയ്ക്ക് പകർന്ന് മെല്ലെ വായിലേയ്ക്കൊഴിച്ചു കൊടുത്തു. രണ്ടിറക്ക് കീഴോട്ട് പോയിട്ടുണ്ടാകും, പിന്നീടു കടവായിലൂടെ പുറത്തേയ്ക്ക് ഒഴുകി പോയി. അത്രയ്ക്ക് കാഴ്ചശക്തിയില്ലാത്ത അവരുടെ നയനങ്ങൾ, അവളുടെ നേരെ കൃതാർത്ഥതയോടെ നോക്കിയിട്ടു, അത് മെല്ലെ അടയുവാൻ തുടങ്ങി. ♦


## കരയോഗസൗഹൃദം

**കരയോഗസൗഹൃദത്തിൽ പേജ് സ്പോൺസർ ചെയ്യാവുന്നതാണ്. താല്പര്യമുള്ളവർ കരയോഗം ജനറൽസെക്രട്ടറി/എഡിറ്ററുമായി ബന്ധപ്പെടുക**

1. Back Cover (Colour)
2. Inside Cover (Front) (Colour)
3. Inside Cover (Back ) (Colour)
4. Full Page (Black &White)
5. Half Page (Black &White)
6. Quarter Page (Black & White)


## നിയമ സഹായവേദി

**ക**രയോഗ സൗഹൃദം വായനക്കാരുടെ നിയമപരമായ സംശയങ്ങൾ ദൂരികരിക്കുന്നതിനുവേണ്ടി നിയമസഹായവേദി എന്ന ഒരു പംക്തികൂടി കരയോഗ സൗഹൃദത്തിൽ ആരംഭിക്കുന്നു. ഈ പംക്തി കൈകാര്യം ചെയ്യുന്നത് അതിപ്രശസ്തരായ അഭിഭാഷകരാണ്. നിയമങ്ങളെപ്പറ്റി നിങ്ങൾക്കുള്ള സംശയങ്ങൾ എഴുതി ചോദിക്കുക.

**എഡിറ്റർ,**


## എറണാകുളം ശിവക്ഷേത്രം 2014 (1189) ലെ ഉത്സവാഘോഷ പരിപാടികൾ

**2014 ഫെബ്രുവരി 4 ചൊവ്വാഴ്ച** (1189 മകരം 22) കൊടിയേറി **ഫെബ്രുവരി 11 ചൊവ്വാഴ്ച** (1189 മകരം 29) ആറാട്ടോടുകൂടി സമാപിക്കുന്നതാണ്.




| | |
|---|---|
| **ഒന്നാം ദിവസം (4.2.2014 ചൊവ്വാഴ്ച)** | |
| **9** മുതൽ | **ശീവേലി** രാത്രി **7.30** നും **8** നും ഇടയ്ക്ക് **കൊടിയേറ്റം** |
| **10.00** മുതൽ | കൊടിപ്പുറത്തു വിളക്ക് |
| | **രണ്ടാം ദിവസം (5.2.2014 ബുധനാഴ്ച)** |
| രാത്രി **7.30** ന് | **തായമ്പക**(ശ്രീ കിള്ളിക്കുറിശ്ശിമംഗലം ശ്രീഹരി |
| **6.45** ന് | **ഗാനമേള, 9.30** ന് മേജർസെറ്റ് **കഥകളി** |
| | **മൂന്നാം ദിവസം (6.2.2014 വ്യാഴാഴ്ച)** |
| **7.30** ന് | **തായമ്പക** (ശ്രീ.കല്ലുവഴി പ്രകാശൻ), **9.30** ന് മേജർസെറ്റ് **കഥകളി** |
| | **നാലാം ദിവസം (7.2.2014 വെള്ളിയാഴ്ച)** |
| **7.30** മുതൽ | **ഡബിൾതായമ്പക** (ശ്രീ .കല്ലൂർ ഉണ്ണികൃഷ്ണൻ& ശ്രീ. ചെർപ്പുളശ്ശേരി രാജേഷ്) |
| **7.00** ന് | **സംഗീത കച്ചേരി** (ശ്രീമതി സീതാ നാരായണൻ ചെന്നൈ) |
| | **അഞ്ചാം ദിവസം 8.2.2014 ശനിയാഴ്ച** |
| **8.30** ന് | **തായമ്പക** (ശ്രീ. പോരൂർ ഉണ്ണികൃഷ്ണൻ), **7.15** ന് **സംഗീതകച്ചേരി** (ശ്രീ. സിക്കിൽ സി. ഗുരുചരൺ |
| | **ആറാം ദിവസം (9.2.2014 ഞായറാഴ്ച)** |
| **12.30** മുതൽ | ഉത്സവബലി ദർശനം, **8.30** ന് **തായമ്പക** (ശ്രീ കല്ലൂർ രാമൻകുട്ടി **8.30** മുതൽ അത്രി ഇവന്റ്സ് (ശ്രീ. ജനാർദ്ദൻ& പാർട്ടി) |
| | **ഏഴാം ദിവസം (10.2.2014 തിങ്കളാഴ്ച)** |
| വൈകുന്നേരം **3.00** ന് | **പകൽപ്പൂരം,** മേജർസെറ്റ് പഞ്ചവാദ്യം **6.00** ന് പകൽപ്പൂരം ***(കാണിക്കയിടൽ പ്രധാനം)*** |
| **7.00** ന് | കൂട്ടവെടിവഴിപാട്, **8.30** ന് **കരിമരുന്ന്** പ്രയോഗം രാത്രി **11** ന് **വലിയവിളക്ക്** |
| | **എട്ടാം ദിവസം (11.2.2014 ചൊവ്വാഴ്ച) ആറാട്ട്** |
| 9.00 ന് | **വസന്തഗീതങ്ങൾ**(ചലച്ചിത്ര പിന്നണിഗായകർ പങ്കെടുക്കുന്നു 9.30 ന് ശ്രീ. അന്നമനട പരമേശ്വരൻ മാരാർ നയിക്കുന്ന **മേജർസെറ്റ് പഞ്ചവാദ്യം** |
| വെളുപ്പിന് 3.00 ന് | പാണ്ടിമേളം(ശ്രീ. പെരുവനം സതീശൻ മാരാരും സംഘവും തുടർന്ന് വെടിക്കെട്ട് |

## ആദരാഞ്ജലി



എൽ/1791
**തമ്പി.പി.വി.**
29/429, അശ്വതി, ക്ലബ്ബ് റോഡ്,
ഗിരിനഗർ, കൊച്ചി 682020



എൽ/4095
**എം.ആർ.ശശീന്ദ്രൻ നായർ,**
മാധവം, കണ്ണച്ചൻതോട് റോഡ്,
എറണാകുളം, കൊച്ചി 682012



എൽ/1997
**പത്മദാസ് കടുങ്ങനാട്ടിൽ**
പ്രസീദ, പോണോത്ത് റോഡ്
കലൂർ, കൊച്ചി 682017

**(പാചകപംക്തി )**

## തീയൽ

| | | | |
|---|---|---|---|
| ചെറിയ ഉള്ളി | 200 ഗ്രാം | വാളൻപുളി | 1 ചെറിയ ഉരുള |
| മഞ്ഞൾപൊടി | അര സ്പൂൺ | ഉപ്പ് | പാകത്തിന് |
| മുളകുപൊടി | അര സ്പൂൺ | ശർക്കര | 50 ഗ്രാം |
| മുളക് | 15 എണ്ണം | കടുക് | 2 സ്പൂൺ |
| മല്ലി | 100ഗ്രാം | വേപ്പില | 2 ഇതൾ |
| തേങ്ങ | 1 മുറി | ചേന | അര കി.ഗ്രാം |
| ഉഴുന്നു പരിപ്പ് | 1 ടീസ്പൂൺ | വെളിച്ചെണ്ണ | 50 ഗ്രാം |
| കടലപരിപ്പ് | 1 ടീസ്പൂൺ | | |



രാമചന്ദ്രൻ

തേങ്ങ ചുരണ്ടിയത് എണ്ണ ചൂടാക്കി അതിലിട്ട് കടലപരിപ്പ്, ഉഴുന്നു പരിപ്പ്, എന്നിവ ചേർത്ത് ഇളക്കി പകുതി മൂപ്പാകുമ്പോൾ മല്ലി, മുളക്, എന്നിവ ചേർത്ത് ചുവന്നനിറമാകുന്നതു വരെ വറക്കുക. ചെറുചൂടോടെ അരച്ച് എടുക്കുക. ചേന ചെറിയ കഷണങ്ങൾ ആക്കി അരിഞ്ഞ് ഉള്ളി നീളത്തിൽ അരിഞ്ഞതും മഞ്ഞൾപൊടി, മുളകുപൊടി, എന്നിവചേർത്ത് വേവിക്കുക. വെന്തു കഴിഞ്ഞ് ശർക്കര ഇട്ട് ഇളക്കുക. അതിലേക്ക് അരച്ചു വച്ചതും ചേർത്ത് തിളപ്പിക്കുക. കട്ടി ആകുമ്പോൾ ഇറക്കി വച്ച് കടുക് വറക്കുക.

# എറണാകുളം കരയോഗം

**ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2013 നവംബർ മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ശ്രീ. വി.കെ.കൃഷ്ണൻ നായർ, ഫ്ളാറ്റ് നമ്പർ 33, യുവജനസമാജം റോഡ്, കടവന്ത്ര, കൊച്ചി | ₹ 20,000 |
| 2. ശ്രീമതി. എൻ. പാർവ്വതി മനോരഞ്ജിനി & മക്കൾ ജയദേവ്, ജയദീപ്, ദേവദീപ്, കുഞ്ഞൻബാവ റോഡ്, കൊച്ചി -19 (ശ്രീ. ചേലൂർ ഗോപിനാഥമേനോന്റെ സ്മരണയ്ക്ക്) | ₹ 20,000 |
| 3. ശ്രീ. എൻ.ശങ്കരമേനോൻ, സുധാമ്മ, അമ്പാടിലെയ്ൻ, ചിറ്റൂർ റോഡ്, കൊച്ചി | ₹ 15,150 |
| 4. ശ്രീ. എസ്. ബാലചന്ദ്രൻ, ശക്തി, ദിവാൻസ് റോഡ്, കൊച്ചി - 16 | ₹ 10,000 |
| 5. തങ്കം പണിക്കർ,കല്ല്യാൺ, പ്ലോട്ട് നമ്പർ 44, കൃഷ്ണവിഹാർ കോളനി, പി.നഗർ, കൊച്ചി-36 (ശ്രീ എം.കെ. പണിക്കരുടെ ഓർമ്മയ്ക്ക്) | ₹ 10,000 |
| 6. ശ്രീ. ബാലചന്ദ്രൻ, 4 എ, ആൽഫാസെറിൻ അപ്പാർട്ട്മെന്റ്സ്, നെട്ടൂർ, കൊച്ചി-682040 | ₹ 10,000 |
| 7. ശ്രീ. കെ.എൻ. പ്രഭാകരൻ നായർ, നൈസ, വാരീയം റോഡ്, കൊച്ചി-16 | ₹ 10,000 |
| 8. ഡോ. സുമ ശ്യാംകുമാർ, ഉഷസ്, അശോകലെയ്ൻ, ആലുവ-683101 | ₹ 10,000 |
| 9. ശ്രീ. ടി. ഗംഗാധരൻ, വിപഞ്ചിക, എം.ബി.എം റോഡ്, കൊച്ചി-682016 | ₹ 10,000 |
| 10. ശ്രീ. ഒ.കെ. വേണുഗോപാൽ, കരുണ നിവാസ്, രവിപുരം, കൊച്ചി-16 | ₹ 10,000 |
| 11. ശ്രീമതി. ഉഷ രവീന്ദ്രൻ, ശരണ്യ, കാരിക്കാമുറി, കൊച്ചി | ₹ 10,000 |
| 12. ശ്രീ. വിജയകുമാർ. ബി. മേനോൻ, എ 802, നാഗാർജ്ജുന പേൾബേ, കൊച്ചുകടവന്ത്ര, എറണാകുളം-682020 | ₹ 10,000 |
| 13. ശ്രീ. ആർ. രാമചന്ദ്രൻ, ഉപാസന, നന്ദകുമാർലൈൻ, കാരക്കാമുറി ക്രോസ്സ് റോഡ്, കൊച്ചി-11 | ₹ 7,687 |
| 14. ശ്രീമതി. കെ. ഭവാനി, 9 ബി, ചിത്തിര, ശാന്തി പ്രത്യുഷ, ചിറ്റൂർ റോഡ്, കൊച്ചി | ₹ 5,000 |
| 15. ശ്രീ. കെ. കെ. വിശ്വനാഥൻ, നാരായണീയം, ഇടപ്പള്ളി, കൊച്ചി-682024 | ₹ 5,000 |
| 16. ശ്രീ. ആർ.മാധവൻനായർ, തിരുനല്ലൂർ, 55 എ, മേനോൻപറമ്പു റോഡ്, ഇടപ്പള്ളി, കൊച്ചി-24 | ₹ 5,000 |



ബഹു. ജസ്റ്റിസ്. പി.എൻ. രവീന്ദ്രൻ, ഹൈക്കോർട്ട് ഓഫ് കേരള, എറണാകുളം കരയോഗത്തിന്റെ ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് നൽകിയ 50000 രൂപ കരയോഗം പ്രസിഡണ്ട് കെ.പി.കെ മേനോൻ സ്വീകരിക്കുന്നു.


## അറിയിപ്പ്

വിവാഹം, വിവാഹവാർഷികം, ജൻമദിനാശംസകൾ, ആദരാഞ്ജലികൾ മുതലായവ കരയോഗം സൗഹൃദത്തിൽ 12 cm x 9 cm വലിപ്പത്തിൽ സൗജന്യ നിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. താല്പര്യമുള്ളവർ കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

-എഡിറ്റർ

## 11–ാം ചരമവാർഷികം


06-01-2014



**കെ.സി. ഗോപിനാഥമേനോൻ**
ജറുസലേം റസിഡൻസി, ഫ്ളാറ്റ് നം.1 എ,
എളംകുളം, കടവന്ത്ര, കൊച്ചി - 682 020
**സന്തപ്ത കുടുംബാംഗങ്ങൾ**

## 31–ാം ചരമവാർഷികം


29-01-2014



**എഴുത്തുള്ളിൽ ശിവശങ്കരമേനോൻ**
39/5400, ഹരിശ്രീ, ആലപ്പാട്ട് ക്രോസ്സ് റോഡ്,
രവിപുരം
**സന്തപ്ത കുടുംബാംഗങ്ങൾ**

## 1–ാം ചരമവാർഷികം


8-12-2014



**ആർ. ബി. നായർ**
ഫ്ളാറ്റ് നമ്പർ 10, A, Belair Apts,
പനമ്പിള്ളി നഗർ, കൊച്ചി - 36
**സന്തപ്ത കുടുംബാംഗങ്ങൾ**

## 8–ാം ചരമവാർഷികം

22-01-2014



**രവീന്ദ്രൻ. വി.പി.**
ആനന്ദ്, താന്നിക്കൽ കീർത്തിനഗർ റോഡ്,
എളമക്കര
**സന്തപ്ത കുടുംബാംഗങ്ങൾ**

# 16. 12. 2013 ന് നാടുനീങ്ങിയ പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന് എറണാകുളം കരയോഗത്തിന്റെയും, കൊച്ചി പൗരാവലിയുടെയും ബാഷ്പാഞ്ജലികൾ.



**ഭാ**രതത്തിന്റെ ഹൈന്ദവ ധർമ്മം ഉയർത്തിപ്പിടിച്ചു കൊണ്ട് കേരള സാംസ്കാരികതയുടെ അത്യുന്നതങ്ങളിൽ എന്നും അഭിമാനപൂർവ്വം മലയാളിക്ക് ഓർക്കുവാൻ ഈ പത്മനാഭദാസന്റെ പേരു മാത്രം. എളിമയുടെയും ലാളിത്യത്തിന്റെയും പ്രതിരൂപം. സത്യസന്ധതയുടെ നേർകാഴ്ച. ജാതിമത ഭേദമന്യേ സമസ്ത മാലോകരേയും ഒരുപോലെ ഹൃദയത്തിലേറ്റിയ കവടിയാർ കൊട്ടാരം. അധികാരത്തിന്റെ ചെങ്കോലോ, ധാർഷ്ട്യമോ ഇല്ലാത്ത ജനാധിപത്യ ഭരണ കർത്താവ്. എങ്ങിനെ ജനങ്ങളോട് ഇടപഴകണമെന്നും അവരുടെ മനസ്സിൽ എങ്ങിനെ ഇടം നേടാമെന്നും ജീവിച്ചു കാണിച്ച വ്യക്തിത്വം. നൂറുലക്ഷം കോടിയിലധികം എണ്ണിത്തിട്ടപ്പെടുത്താത്ത അമൂല്യമായ നിധിയുടെ സംരക്ഷകൻ. സത്യസന്ധതയുടെ പര്യായം. ഭാരതത്തിന്റെ അഭിമാനവും കേരളത്തിന്റെ അന്തസ്സും ലോകജനതയുടെ മുൻപിൽ ഉയർത്തിപ്പിടിച്ച മഹാപുരുഷൻ. മൺമറഞ്ഞ ആ പത്മനാഭദാസനെ വർണ്ണിക്കുവാൻ വാക്കുകൾ പോരാ. ആ മഹാ തേജസ്സിന്റെ ഓർമ്മക്കു മുമ്പിൽ ആയിരമായിരം പ്രണാമം.

എറണാകുളം കരയോഗത്തിന്റെ ഗുരുതുല്യനായ അഭ്യുദയകാംക്ഷി. എറണാകുളം കരയോഗത്തിന്റെ അഭിമാനമായ ടി. ഡി. എം. പ്ലാറ്റിനം ജൂബിലി എയർ കണ്ടീഷൻ ഹാളിന്റെ ഉൽഘാടകൻ. ഉൽഘാടന സദസ്സിൽ അദ്ദേഹം നടത്തിയ അനുഗ്രഹ പ്രഭാഷണവും ഉപദേശങ്ങളും ഇന്നും നാം മനസിൽ കാത്തു സൂക്ഷിക്കുന്നു. 108 ദിവസം നീണ്ടു നിന്ന സമ്പൂർണ്ണ ശ്രീമദ് ഭഗവദ് ഗീതാ ജ്ഞാന യജ്ഞത്തിന്റെയും, 108 ദിവസം നീണ്ടു നിന്ന സമ്പൂർണ്ണ ശ്രീമദ് ഭാഗവത ജ്ഞാന യജ്ഞത്തിന്റെയും, അതുപോലെ കരയോഗത്തിന്റെ എല്ലാ അദ്ധ്യാത്മിക സാംസ്കാരിക പരിപാടികളിലും നിറഞ്ഞ സാന്നിദ്ധ്യം.

കൊച്ചി തുറമുഖവുമായി ബന്ധപ്പെട്ട് ചരക്കു ഗതാഗത വ്യവസായത്തിൽ ഏറ്റവും പ്രമുഖ വ്യവസായ സംരംഭകരായ ആസ്പിൻവാൾ കമ്പനിയുടെ ഉടമ. കായിക മേഖലയിലും പ്രത്യേകിച്ച് ഛായാഗ്രഹണത്തിലും അതീവ തല്പരനായിരുന്ന നാടു നീങ്ങിയ പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് രാജകീയ പ്രൗഢി വിട്ട് സാധാരണക്കാരിലേയ്ക്ക് ഇറങ്ങിയ ഒരു രാജ്യഭരണാധികാരിയുടെ പ്രതീകവും കൂടിയാണ് .

അധികാരം, സമ്പത്ത്, ശ്രേയസ്സ് എന്നിവയുടെ അഹങ്കാരമൊന്നും തന്നെ തൊട്ടു തീണ്ടാതെ താനും തന്റെ വംശ പരമ്പരയും ശ്രീ പത്മനാഭന്റെ ദാസൻമാരാണെന്ന ഉത്തമ ബോദ്ധ്യത്തോടെ ജീവിച്ച, ഒരു രാജപരമ്പരയുടെ അവസാനത്തെ കണ്ണിയായ, പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന് കൊച്ചിൻ പൗരാവലിയുടെയും എറണാകുളം കരയോഗ ത്തിന്റെയും ആദരാ ഞ്ജലികൾ.



പത്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദേഹവിയോഗത്തിൽ തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെയും, കേരള ജനതയുടെയും ദുഃഖത്തിൽ കൊച്ചി പൗരാവലിയും, എറണാകുളം കരയോഗവും പങ്കുചേരുകയും, അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി ജഗദീശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്തു കൊള്ളുന്നു.

മാനവികതയും, മൂല്യങ്ങളും ഒരുമിപ്പിച്ചു കൊണ്ട്, ജനമദ്ധ്യത്തിൽ മാതൃകാ പുരുഷനായി ജീവിച്ച, സംസ്കൃതിയുടെ ആൾ രൂപമാണ് ഉത്രാടം തിരുനാൾ മഹാരാജാവെന്ന് ജസ്റ്റിസ്. കൃഷ്ണയ്യർ എറണാകുളം കരയോഗത്തിന്റെയും കൊച്ചി പൗരാവലിയിടെയും സംയുക്ത ആഭിമുഖ്യത്തിൽ ടി. ഡി. എം. ഹാളിൽ കൂടിയ അനുസ്മരണ ചടങ്ങിൽ അഭിപ്രായപ്പെട്ടു. ആചാരങ്ങളെയും, ആധുനീക രിതികളെയും ഒരേ നൂലിൽ കോർത്തിണക്കി പത്മനാഭസ്വാമിക്കും, കൈരളിക്കും തന്റെ ജീവിതം സമർപ്പിച്ച വ്യക്തിയാണ് മഹാരാജാവെന്ന് നൊച്ചിമ ഹൈന്ദവ സേവാശ്രമം മഠാധിപതി സ്വാമി പുരന്ദരാനന്ദ സൂചിപ്പിച്ചു. വൈകിട്ട് ടി. ഡി. എം. ഹാളിൽ നടന്ന ചടങ്ങിൽ എറണാകുളം കരയോഗം പ്രസിഡണ്ട് കെ. പി. കെ. മേനോൻ അദ്ധ്യക്ഷത വഹിച്ചു. കൊച്ചി മേയർ ടോണി ചമ്മിണി, ഡെ. മേയർ. ബി. ഭദ്ര, ജസ്റ്റിസ്. എം. രാമചന്ദ്രൻ, സി. എം. ദിനേശ് മണി, എ. എൻ. രാധാകൃഷ്ണൻ, ടി. പി. എം. ഇബ്രാഹിം ഖാൻ, മഹാരാജാ ശിവാനന്ദൻ, കെ. പി. ഹരിഹരകുമാർ, സി. ഐ. സി. സി. ജയചന്ദ്രൻ. ടി, സി. ജി. രാജഗോപാൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) അനുശോചന പ്രമേയം അവതരിപ്പിച്ചു. ♦♦♦

# അഞ്ചാം പനി (MEASLES)



- ഡോഃ കല്ല്യാണി മേനോൻ

**അ**ഞ്ചാം പനിക്ക് കാരണം വൈറസ് ആണ്. രോഗലക്ഷണങ്ങൾ കാണുവാൻ 1–2 ആഴ്ച പിടിക്കും. വായുവിൽ കൂടി പകരുന്നു. INFECTIVE PERIOD തൊലിപ്പുറത്തു പാടുകൾ (RASHES) പൊങ്ങുന്നതിന് 2 ദിവസം മുമ്പ് മുതൽ 4 ദിവസം കഴിയും വരെ ആണ്. RASH ഉള്ള സമയം വരെ പകരുവാൻ സാധ്യത ഉണ്ട്.

രോഗലക്ഷണങ്ങൾ പനി, ജലദോഷം, മൂക്കൊലിപ്പ്, കണ്ണ് ചുമന്നു വീർക്കുക, കണ്ണുനീർ ഒലിക്കുക, വെയിലത്ത് നോക്കുമ്പോൾ കണ്ണിനു വേദന, ക്ഷീണം, കുത്തികുത്തിയുള്ള ചുമ, കുറുങ്ങൽ, മുതലായവ RASH കാണുന്നതിനു മുമ്പ് കവിളിന്റെ ഉൾവശത്ത് പൊടിഉപ്പ് വിതറിയ പോലെ വെളുത്ത് പൊടി കുത്തുകൾ കാണാം. (KOPLIK SPOTS) നാക്കിന്റെ നടുഭാഗം വെളുത്ത് COATED ആയും, അരികും അറ്റവും ചുമന്നും കാണാം.

അഞ്ചാം ദിവസം പൊങ്ങുന്നു. RASH പൊടിക്കുത്തുകൾ പോലെ തുടങ്ങി, പാടുകൾ കൂടിച്ചേർന്ന് ചുമന്ന പരന്ന പാടുകൾ പോലെയും ആവാം. ആദ്യം കാണുന്നത് ചെവിയുടെ പിന്നിലും, നെറ്റിയിൽ HAIR LINE ന്റെ താഴേയും ആണ്. മുഖത്ത് തുടങ്ങുന്ന ഈ പാടുകൾ വേഗം ദേഹത്തും കൈ കാലുകളിലേക്കും പടരുന്നു. SEVERE അസുഖങ്ങളിൽ കൈകാലുകളുടെ പത്തിയിൽ പോലും കാണാം. RASH വരുന്ന സമയത്ത് പനിയും കൂടുന്നു. 3–4 ദിവസം കൊണ്ട് പാടുകൾ കുറയുകയും മങ്ങിയും ഉണങ്ങി പോവുകയും ചെയ്യുന്നു.

COMPLICATIONS

1. ശ്വാസകോശത്തെ ബാധിച്ച് BRONCO - PNEUMONIA, BRONCHIOLITIS, POST MEASLES CROUP എന്നിവ
2. അണുബാധ ചെവിപഴുപ്പ് , LYMPH NODES, വയറ്റിളക്കം
3. ENCEPHALITIS- വളരെ വിരളമായിട്ടാണെങ്കിലും തലച്ചോറിനേയും, നാടികളേയും ബാധിക്കാം. വന്ന ശേഷമോ, വളരെ വർഷങ്ങൾക്കു ശേഷമോ (SSPE) വരാവുന്നതാണ്.
4. ചികിത്സ SPECIFIC TREATMENT ഇല്ല. VITAMIN A രോഗ പ്രതിരോധ ശക്തി കൂടുന്നു. EYE DROPS,PARACETAMOL, SALINE NEBULISATION, അണുബാധ തടയുവാൻ ANTIBIOTICS NUTRITIVE VALUE വും, ദഹിക്കാൻ എളുപ്പം ഉള്ള ആഹാര പാനീയങ്ങൾ, MULTI VITAMINS ECT.

PREVENTION 9 മാസം പൂർത്തിയായാൽ ശിശുവിന് MEASLES VACCINE കൊടുക്കണം. 15–ാം മാസത്തിൽ MMR VACCINE എടുക്കണം.

♦

## എറണാകുളം കരയോഗം വിമൺസ് ഫോറം 2014 ജനുവരി മാസത്തെപരിപാടികൾ

| തീയതി | സമയം | വിഷയം | മുഖ്യപ്രഭാഷകർ |
|---|---|---|---|
| 15.1.2014 ബുധനാഴ്ച | 4.00 pm | മീഡിയേഷൻ | അഡ്വ. ലളിതാ എം. നായർ |
| 29.1.2014 ബുധനാഴ്ച | 4.00 pm | Status of women in India | പ്രൊഫ.ഡോ: പ്രസന്ന |

**എല്ലാ ബുധനാഴ്ചയും നാരായണീയ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**

## സ്ത്രീ സമാജത്തിലെ ജനുവരി മാസത്തെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 21.01.2014 (ചൊവ്വാഴ്ച) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 pm |

***എല്ലാ തിങ്കളാഴ്ചയും രാവിലെ 10.30 ന് നാരായണീയ ക്ലാസ്സും ബുധനാഴ്ച രാവിലെ 10.30 മണിക്ക് ഭജനക്ലാസ്സും ഉണ്ടായിരിക്കും.***

# ദീർഘായുസ്സും ആയുർവ്വേദവും

സീനിയർ കൺസൽറ്റന്റ്, എ. വി. എൻ ആയുർവ്വേദിക് സെന്റർ



– ഡോ: ദേവീദാസ് വെള്ളോടി,

**വാർധക്യം:**

വാർധക്യം എന്നത് ഒരു സ്വാഭാവികമായ പ്രക്രിയയാണെന്നും ജീവിതാന്ത്യത്തിൽ മരണം ഒരു യാഥാർത്ഥ്യമാണെന്നും നമുക്കെല്ലാവർക്കും അറിയാം. മനുഷ്യന്റെ ജീവിതാരംഭം നമുക്കെല്ലാവർക്കും അറിയാം. ആ ജീവിതാരംഭം മുതൽ തന്നെ നമ്മുടെ പൂർവ്വികർ ആയുസ്സ് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഗവേഷണങ്ങൾ നടത്തി വന്നിരുന്നു.

ആയുർവ്വേദത്തിൽ ജര എന്ന പദമാണ് വാർധക്യത്തെ സൂചിപ്പിക്കുന്നത്.

"ജീര്യതെ ഇനി ജര" (അഷ്ടാംഗഹൃദയം) ജീർണ്ണിക്കുന്നതിനാൽ 'ജര' എന്നർത്ഥം.

ആയുർവ്വേദത്തിൽ ജീവിതകാലഘട്ടത്തെ മൂന്നായി തിരിച്ചിരിക്കുന്നു. 16 വയസ്സ് വരെ കൗമാരം, 60 വയസ്സ് വരെ യൗവനം, 60 വയസ്സ് കഴിഞ്ഞാൽ വാർധക്യം. കൗമാരം എന്നാൽ 30 വയസ്സ് വരെ എന്നൊരു പാഠഭേദവുമുണ്ട്. കൗമാരത്തിൽ ത്രിദോഷങ്ങളിൽ 'കഫ'ത്തിന്റെ ആധിക്യവും യൗവ്വനത്തിൽ 'പിത്ത'ത്തിന്റെ ആധിക്യവും വാർധക്യത്തിൽ 'വാത'ത്തിന്റെ ആധിക്യവും കാണുന്നു. ഒന്നാമത്തെ ഘട്ടത്തിൽ ശരീരത്തിന്റെ വളർച്ച സംഭവിക്കുന്നു. രണ്ടാമത്തെ ഘട്ടത്തിൽ'പിത്തം' ശരീരബലത്തെയും അഗ്നിയെയും നിലനിർത്തുന്നു. മൂന്നാമത്തെ ഘട്ടത്തിൽ 'വാതം' ശരീരക്ഷയത്തെ അധികരിക്കുന്നു.

A man is as old as his Arteries" എന്ന Black's medical dictionary യിൽ ഒരു പ്രസ്താവനയുണ്ട്. ശ്രോതോ വൈഗുണ്യം (സ്രോതസ്സുകളുടെ തെറ്റായ പ്രവർത്തനവും തടസ്സവും) എന്ന് ആയുർവ്വേദത്തിൽ പറയുന്ന അവസ്ഥ തന്നെയാണിത്.

**വാർധക്യത്തിലെ പ്രധാന പ്രശ്നങ്ങൾ:**

വാതവ്യാധികൾ, ശരീരത്തിന് പൊതുവെ ശക്തിക്കുറവ്, ഓർമ്മക്കുറവ്, മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരിക, ശ്രദ്ധക്കുറവ്, അസഹിഷ്ണത, കേൾവിക്കുറവ്, കാഴ്ചക്കുറവ്, വിറയൽ, അസ്ഥിഗതവാതരക്തം, അമിതമായ ആകാംക്ഷ, അമിതമായ അകാരണമായ മരണത്തെക്കുറിച്ചുള്ള ഭയം, വിഷാദരോഗം എന്നിങ്ങനെ ജീവിത സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തമായ പ്രശ്നങ്ങൾ വാർധക്യകാലത്ത് നേരിടേണ്ടി വരും. പ്രധാനമായി ശാരീരികം മാനസികം എന്നിങ്ങനെ രണ്ടായിത്തിരിക്കാം. ശാരീരിക പ്രശ്നങ്ങൾ പ്രധാനമായി ശരീരത്തിനുണ്ടാകുന്ന തേയ്മാനം കൊണ്ടുണ്ടാകുന്നതാണ്. ജീവിതത്തിൽ ഒറ്റപ്പെടുന്ന എന്ന തോന്നലോ, ഇനിയൊന്നും ചെയ്യാനില്ലെന്ന തോന്നലോ, എന്നെ കൊണ്ട് ഇനിയൊന്നും ചെയ്യാനാവില്ലെന്ന തോന്നലോ മാനസികപ്രശ്നങ്ങളിലേയ്ക്ക് നയിക്കുന്നു. ഈ വക കാര്യങ്ങൾ എങ്ങിനെ ഫലപ്രദമായി നേരിടാമെന്നാണ് ഇവിടത്തെ കാതലായ പ്രശ്നം.

**രസായന ചികിത്സ:** (വാർധ്യകത്തിനുള്ള ചികിത്സ)

'ശീര്യതെ ഇതി ശരീരം' ക്രമേണ നശിച്ചു കൊണ്ടിരിക്കുന്നത് എന്നർത്ഥത്തിലാണ്. 'ശരീരം' എന്ന വാക്കിനർത്ഥം. ആദികാലം മുതൽ തന്നെ ആചാര്യന്മാർ ജരാനരകളെ തടുക്കുന്നതിനുള്ള പോംവഴികൾ കണ്ടെത്തുന്നതിനുവേണ്ടി ഗവേഷണം നടത്തിയിരുന്നു. ആയുർവ്വേദത്തിൽ ഈ വിഷയത്തിന്ന് 'ജരചികിത്സ' (രസായനം) എന്നാണ് പേരിട്ടിരിക്കുന്നത്. 'ലാഭോപായോഹി ശസ്താനാം രസാനാം രസായനം' (അ. ഹൃദയം) വാർധക്യത്താൽ ക്ഷയിച്ചു കൊണ്ടിരിക്കുന്ന രാസാദിസപ്തധാതുക്കളെ തിരിച്ച് ശക്തി പ്രാപിപ്പിച്ച് കൊണ്ടു വരുന്നതാണ് രസായനം.

**സ്വസ്തവൃത്തം:** (ദിനചര്യ, ഋതുചര്യ)

വ്യായാമ, നിത്യോ ജീർണ്ണാശീ നിത്യാഭ്യംഗോ ജരാം ജായേത് (അ.സംഗ്രഹം) നിത്യം വ്യായാമം ചെയ്യുന്നവർ, ആരോഗ്യത്തിനനുസരിച്ചുള്ള ഭക്ഷണക്രമം (വിശപ്പുണ്ടെങ്കിൽ മാത്രം ഭക്ഷണം കഴിക്കുക) ശീലിക്കുന്നവർ, ദിവസേന എണ്ണ തേച്ച് കുളിക്കുന്നവർ എന്നിവർ വാർധ്യകത്തെ ജയിക്കും.

**പ്രായാധിക്യത്തിൽ നാം ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ:**

1. ഭക്ഷണം: വാർധക്യത്തിൽ അഗ്നിബലം കുറഞ്ഞിരിക്കും. അതിനാൽ വളരെ മിതമായി എളുപ്പം ദഹിക്കാവുന്ന ഭക്ഷണം വിശപ്പുണ്ടെങ്കിൽ കഴിക്കുക, മത്സ്യമാംസങ്ങൾ, കൊഴുപ്പുള്ള ഭക്ഷണം, മദ്യം എന്നിവ ഒഴിവാക്കുക, ഉപ്പ്, എരിവ്, പുളി എന്നിവയുടെ ഉപയോഗം കുറക്കുക. കൂടുതൽ നാരുവർഗങ്ങൾ ചേർന്ന ഭക്ഷണവും ശീലിക്കുക.
2. ശീലങ്ങൾ: പകലുറക്കം മിതമായി മാത്രം, അല്ലെങ്കിൽ ഒഴിവാക്കുക, ലൈംഗികചര്യങ്ങൾ കുറയ്ക്കുക, നിത്യേന എണ്ണ തേച്ച് കുളിക്കുക, ദിവസേന വ്യായാമം ചെയ്യുക, യോഗ ചെയ്യുക, മലശോധന ക്രമീകരിക്കുന്ന, രാവിലെ നേരത്തെ എഴുന്നേൽക്കുക, അത്താഴം സൂര്യാസ്തമയത്തിന് മുൻപ് കഴിക്കുക, ഋതുക്കൾക്കനുസരിച്ചുള്ള ജീവിതക്രമവും ഭക്ഷണവും ശീലിക്കുക, രസായന വർഗത്തിൽപെടുന്ന ആയുർവ്വേദ ഔഷധങ്ങൾ സേവിക്കുക, ചുരുങ്ങിയത് ആറുമണിക്കൂറെങ്കിലും ഉറങ്ങുക. ആവശ്യാനുസരേണ 'പഞ്ചകർമ്മ' ചികിത്സങ്ങൾ അനുഷ്ഠിക്കുക.
3. മാനസികാരോഗ്യം: വാർധക്യജന്യ പ്രശ്നങ്ങളെ അതിജീവിക്കുന്നതിന്ന് ആദ്ധ്യാത്മികവും താത്വികവുമായ ചിന്താധാര വളർത്തിയെടുത്തേ മതിയാകൂ. യോഗ നിത്യേന ശീലിക്കണം. സാമൂഹിക സേവന പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നത് മാനസീകോന്മേഷത്തിന്ന് നല്ലതാണ്.

ശാരീരിക അസ്വസ്ഥതകൾ നിസ്സാരമായി കാണരുത്. അസുഖങ്ങൾക്ക് അപ്പപ്പോൾ തന്നെ ചികിത്സ തേടണം. എല്ലാവർഷവും കർക്കിടകമാസ ചികിത്സ ആചരിക്കണം.

4. **അഭ്യംഗം** (എണ്ണതേച്ച് കുളി) :

"അഭ്യംഗമാചരേത് നിത്യം സ ജരാശ്രമവാതഹാ

ദൃഷ്ടി പ്രസാദ പുഷ്ഠ്യായു സ്വപ്ന സുത്വർച ജായതേ"

നിത്യേന എണ്ണ തേച്ച് കുളിക്കുന്നത് ജരാനരകളെ അകറ്റും, ക്ഷീണത്തെ കുറയ്ക്കും, വാത രോഗങ്ങളെ അകറ്റും. കാഴ്ചശക്തി, ശരീരത്തിന് പുഷ്ഠി, ഉറക്കം, ത്വക്കിന് നല്ല വർണ്ണം, മൃദുത്വം എന്നിവ ഉണ്ടാക്കും, രക്ത ചംക്രമണത്തെ വർധിപ്പിക്കും. വാതപിത്ത രോഗങ്ങളെ ശമിപ്പിക്കും.

സാധാരണ രാവിലെ കുളിക്കുന്നതിന് മുൻപാണ് എണ്ണ തേയ്ക്കേണ്ടത്. ധാന്വന്തരം, മുറിവെണ്ണ, സഹചരാദി തൈലം തുടങ്ങിയ തൈലങ്ങൾ വൈദ്യ നിർദ്ദേശാനുസരേണ തിരഞ്ഞെടുക്കാം. തലയിൽ എണ്ണ തേയ്ക്കുന്നത് കുളിർമ്മ നൽകുന്നു. കാഴ്ചശക്തി കൂട്ടുന്നു, മുടികൊഴിച്ചിൽ കുറയ്ക്കുന്നു, നീരിറക്കത്തെ കുറയ്ക്കുന്നു. അസനവില്ലാദ്രി, അസന ഏലാദി, മരിചാദി തുടങ്ങിയ തൈലങ്ങൾ ആവസ്ഥാനുസാരേണ തിരഞ്ഞെടുക്കാം. കുളി കഴിഞ്ഞാൽ "രാസ്നാദി ചൂർണ്ണം" തലയിൽ തിരുമ്മുന്നത് ജലദോഷം വരാതെ കാക്കും.

**5. നേത്ര രക്ഷ (eye care) :**

കണ്ണിൽ അഞ്ജനം ദിവസവും എഴുതാൻ ആയുർവ്വേദം നിർദ്ദേശിക്കുന്നു. 'ഇളംനീർകുഴമ്പ്' എന്ന തുള്ളിമരുന്ന് കണ്ണിലെഴുതുന്നതും കാഴ്ച ശക്തി വർധിപ്പിക്കുന്നു.

**രസായനൗഷധങ്ങൾ:**

നിത്യേന ഉപയോഗിക്കാവുന്ന ചില രസായനൗഷധങ്ങൾ താഴെ വിവരിക്കുന്നു.

1. ച്യവനപ്രാശം: മാത്ര: ശരീരബലത്തിനനുസരിച്ച് 20 ഗ്രാം മുതൽ 50 ഗ്രാം വരെ ദിവസേന.
2. ബ്രഹ്മരസായനം: മാത്ര: ച്യവനപ്രാശം പോലെത്തന്നെ ഉപയോഗിക്കാവുന്നത്.
3. നെല്ലിക്ക: മാത്ര: നിത്യേന 1 2 നെല്ലിക്ക കഴിക്കുന്നത് വാർധക്യത്തെ തടുക്കും. കാഴ്ചശക്തി വർധിപ്പിക്കും, ജരാനരകളെ അകറ്റും, ഉന്മേഷം വർദ്ധിപ്പിക്കും.
4. ശിലാജതു: മാത്ര : 30 മില്ലി ഗ്രാം 50 മില്ലി ഗ്രാം ദിവസേന. ആയുർവ്വേദത്തിൽ വാർധക്യത്തെ തടുക്കുന്നതായി നിർദ്ദേശിച്ച മരുന്നുകളിൽ പ്രധാനം. പ്രമേഹത്തെ അകറ്റും.
5. പിപ്പലി: ശ്വാസകോശ സംബന്ധമായ രോഗമുള്ളവരും വലിവ് ഉള്ളവരും (Asthma) വൈദ്യ നിർദ്ദേശാനുസാരേണ കഴിക്കേണ്ട ഔഷധം.
6. അഗസ്ത്യരസായനം : മാത്രാ: 10 ഗ്രാം വീതം 2 നേരം ഭക്ഷണശേഷം. ശ്വാസകോശ സംബന്ധമായ കഫകെട്ട്, വലിവ്, എന്നിവയുള്ളവർക്ക് കഴിക്കാവുന്ന രസായനം.
7. ശതാവരി: മാത്ര: 1 ഗ്രാം മുതൽ 5 ഗ്രാം വരെ 2 നേരം. പിത്താധിക്യമുള്ളവരിൽ നിർദ്ദേശിക്കുന്ന ഒറ്റമൂലി രസായനം.
8. അമുക്കുരം: മാത്ര: ചൂർണ്ണം 3 ഗ്രാം വീതം ദിവസേന പാലിൽ ഗുളികയാളണങ്കിൽ 2 വീതം (അശ്വഗന്ധ) ദിവസേന. ലോകമൊട്ടാകെ അറിയപ്പെടുന്ന നിത്യരസായനം. ഇപ്പോൾ ചൂർണ്ണ രൂപത്തിലും ഗുളിക രൂപത്തിലും ലഭ്യമാണ്.
9. വെള്ളുള്ളി: വാത രോഗങ്ങളിൽ നിത്യേന കഴിക്കാവുന്ന രസായനം. 2–3 പോള വെള്ളുള്ളി (Garlic)ചതച്ച് അര ഗ്ലാസ്സ് പാലിൽ ചേർത്ത് തിളപ്പിച്ച് കുടിക്കുക. വെള്ളുള്ളി തനിയെ കഴിക്കരുത്. അനുപാതമായി പാൽ കുടിക്കണം.
10. സിദ്ധമകരധ്വജം: മാത്ര: 10 മില്ലി ഗ്രാം 20 മില്ലി ഗ്രാം ദിവസേന കഴിക്കുന്നത് ആയുസ്സ് വർധി പ്പിക്കും. ഇപ്പോൾ ഗുളിക രൂപത്തിൽ ലഭ്യമാണ്.
11. ത്രിഫല: കടുക്ക, നെല്ലിക്ക, താന്നിക്ക എന്നിവ ചേർന്നാൽ ത്രിഫലയായി. ചൂർണ്ണ രൂപത്തിലോ ഗുളിക രൂപത്തിലോ ദിവസേന കഴിക്കുന്ന രസായനമാണ്. ത്രിദോഷങ്ങളെ സന്തുലിതാവസ്ഥയിൽ നിർത്തും. ♦

## കരയോഗം അംഗങ്ങൾക്കുള്ള പ്രത്യേക അറിയിപ്പ്

കരയോഗം നിയമാവലി 8 (1), 12 അനുസരിച്ച് അംഗങ്ങൾ കരയോഗത്തിൽ സമർപ്പിച്ചിട്ടുള്ള സ്ഥിരമായ മേൽവിലാസത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉടൻതന്നെ കരയോഗം നിയമാവലിക്കു വിധേയമായി തെളിവുകൾ സഹിതം ജനറൽ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രസ്തുത അംഗങ്ങൾക്ക് കരയോഗ നിയമാവലി **13 (എ)** **യും 13 (ബി) യും** വകുപ്പുകൾ ബാധകമായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.


ഭരണസമിതിക്കുവേണ്ടി, ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം

IT IS NOT AN OLD AGE HOME. IT IS YOUR OWN HOME!
Ernakulam Karayogam proudly presents
PRASANTHI
A home for the aged & Ladies Hostel
**South Janatha Road,**
**Palarivattom,**
**Ernakulam,**
**Kochi - 682 025**
**Phone: 0484-2345061**

# മാനസികാരോഗ്യവും ഹോമിയോപ്പതിയും



– ഡോഃ രമാദേവി




**"മനസ്സ്, ശരീരം, ജീവശക്തി ഇവയുടെ സന്തുലിതാവസ്ഥയാണ് ആരോഗ്യകരമായ ജീവിതം ."**

മനസ്സിന്റെ അവസ്ഥാതലങ്ങൾ ശരീരത്തെയും, വളരെ കാലങ്ങളായി അനുഭവിക്കുന്ന ശാരീരിക വിഷമതകൾ മനസ്സിനെയും ബാധിക്കുന്നു. മാനസിക പ്രശ്നങ്ങളെ (MENTAL DISEASES) ഡോ. ഹാനിമാൻ നാലായി തിരിക്കുന്നു.

1. നിരന്തരമായ ശാരീരിക വിഷമതകൾ മാനസിക പ്രശ്നമായി മാറുക (Somato Psychic)
2. പെട്ടെന്നുണ്ടാകുന്ന മാനസിക വിഭ്രാന്തി. (Acute Mental Diseases)
3. തെറ്റായ വിദ്യാഭ്യാസം, അന്ധവിശ്വാസം, അറിവില്ലായ്മ തുടങ്ങിയവയിൽ നിന്നും ഉടലെടുക്കുന്ന തരം മാനസിക പ്രശ്നങ്ങൾ. (Pseudo Mental Disorders)
4. വൈകാരികമായ കാരണങ്ങളിൽ നിന്നും ഉടലെടുക്കുന്നവ ഉദാഃ തുടർച്ചയായ ആകാംക്ഷ, സങ്കടം, നിരാശ, ഇടയ്ക്കിടെ ഉണ്ടാകുന്ന ഇത്തരം ഭയപ്പാടുകൾ ശാരീരിക വിഷമതകളായി പരിണമിക്കുക. (Psychosomatic)

I. ഇവയിൽ ഏറ്റവും ഫലപ്രദമായി ചികിത്സിക്കുവാൻ സാധിക്കുന്നത് ഒന്നാമത്തെ വിഭാഗത്തിൽ പെടുന്നതരം മാനസിക പ്രശ്നങ്ങളാണ്. അതായത് Physical Mental. ഇവിടെ ഹോമിയോപ്പതി ചികിത്സയെടുക്കുമ്പോൾ രോഗിയുടെ ശാരീരിക പ്രശ്നങ്ങളേയും, മനസ്സിന്റെ അപ്പോഴുത്തെ അവസ്ഥയും ഒരുമിച്ച് പരിഗണിച്ച് ഔഷധതിർണ്ണയം നടത്തുന്നു. ഇത്തരം മാനസികരോഗികളിൽ Lucid interval എന്നൊരവസ്ഥയുണ്ട്. അതായത് മനോലക്ഷണങ്ങളൊന്നും കാണിക്കാതിരിക്കുന്ന അവസ്ഥ. ഈ സമയത്ത് രോഗിയിലെ Physical ailments (ശാരീരിക വിഷമതകൾ) കൂടിയിരിക്കുന്നതായി കാണാം. ഉദാഹരണമായി ഗർഭാശയ സംബന്ധമായ അസുഖങ്ങൾ മൂലം മാസമുറ കൃത്യമായി വരാതിരിക്കുന്നതിനാൽ ഉണ്ടാകുന്ന Mood Disorders, ഹോർമോൺ സംബന്ധിയായ പ്രശ്നങ്ങൾ തുടങ്ങിയവ മനസ്സിനു പിരിമുറുക്കം ഉണ്ടാക്കുകയും മനോലക്ഷണങ്ങളായി മാറുകയും ചെയ്യുന്നു.

II. പെട്ടെന്നുണ്ടാകുന്ന മാനസിക വിഭ്രാന്തി. ഇവരിലും, നേരത്തെ തന്നെ മാനസിക വികലത ഒളിഞ്ഞു കിടപ്പുണ്ട്. ഉദാഹരണമായി ചെറിയൊരു കളിയാക്കൽ സാധാരണയിലും കവിഞ്ഞൊരു പ്രതികരണം ഉണ്ടാകുക. അപ്രതീക്ഷിതമായ തോൽവി, ദു:ഖകരമായ വാർത്തകൾ തുടങ്ങിയവ മനസ്സിന്റെ നിയന്ത്രണത്തിനും അപ്പുറമായ ഒരവസ്ഥയിലേയ്ക്കു നീങ്ങുക. തുടർന്ന് നിർവ്വികാരത, മിണ്ടാട്ടമില്ലായ്മ, തുടങ്ങിയ രോഗലക്ഷണങ്ങളായി പരിണമിക്കുക. ഇത്തരം സന്ദർഭങ്ങളിൽ അനുയോജ്യമായ മരുന്നിനൊപ്പം, കൗൺസിലിങ്ങുൾപ്പെടെയുള്ള Psycho-therapy യും നടത്തുന്നു.

III. മൂന്നാമത്തെ തരം മാനസിക അസുഖങ്ങൾക്ക് ശരിയായ രീതിയിലുള്ള വിദ്യാഭ്യാസം നൽകലും, കൗൺസിലിങ്ങും അത്യാവശ്യമാണ്. ഉദാഹരണമായി മനസ്സിൽ രൂഢമായി നിൽക്കുന്ന അന്ധവിശ്വാസം ഉദാഃ ഈ കുഞ്ഞുണ്ടായതിനാൽ, ഇങ്ങനെ സംഭവിച്ചു മരുന്നെടുക്കുന്നത് പാപകരമാണ് തുടങ്ങിയ വിശ്വാസങ്ങൾ; പരസ്പരം സീരിയലിൽ കാണുന്നതുപോലെ വിദ്യാഭ്യാസം ചെയ്യുന്നത് മഹാപാതകമാണ് എന്ന രീതിയിൽ മരുമകളോട് കയർക്കുന്ന അമ്മായിഅമ്മ. ഇതെല്ലാം മൂന്നാമത്തെ വിഭാഗത്തിൽപ്പെടുന്ന തരം മാനസികരോഗികളാണ്. ഇവർക്കു, Psychotheraphy നൽകുന്നതോടൊപ്പം ഇത്തരം അന്ധവിശ്വാസങ്ങളെയും, കപടശക്തികളെയും ഇല്ലായ്മ ചെയ്യുന്ന വിധത്തിലുള്ള ശക്തമായ നിയമ നിർമ്മാണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നാലാമത്തെ വിഭാഗം വൈകാരിക പ്രശ്നങ്ങളാണ്. നിരന്തരം അലട്ടുന്ന ചിന്ത, ഭയം തുടങ്ങിയവയിൽ നിന്നും ഉടലെടുക്കുന്നവ. ഉദാഹരണമായി വിദേശത്തുള്ള മകനെകുറിച്ചുള്ള അങ്കലാപ്പ്, വയസ്സായ ഭർത്താവും താനും മാത്രമുള്ള ജീവിതത്തിൽ എന്തെങ്കിലും സംഭവിച്ചാൽ ആരുണ്ടാകും തുടങ്ങിയ ഭയം തന്നിമിത്തമായി ഉണ്ടാകുന്ന ഉറക്കമില്ലായ്മ; ഔദ്യോഗിക പിരിമുറുക്കങ്ങൾ; അഡ്ജസ്റ്റ്മെന്റ് പ്രോബ്ലംസ്, Home sickness തുടങ്ങി നിരവധി പ്രശ്നങ്ങൾ നമുക്കു മുന്നിൽ എപ്പോഴും ഉണ്ടാകുന്നു. ഇവയിൽ നിന്നും ഒടുവിൽ ഷുഗർ, ഹൈപ്പർ ടെൻഷൻ, മലബന്ധം, തലചുറ്റൽ, ഉറക്കകുറവ്, വിഷാദം, ഓർമ്മക്കുറവ് തുടങ്ങി നിരവധി ശാരീരിക രോഗാവസ്ഥകളിലേക്കു മാറുന്നു. ഇവയ്ക്കും അനുയോജ്യമായ ഹോമിയോ മരുന്നുകൾക്കൊപ്പം Psychotherapy യും നൽകുന്നു.

ഓട്ടിസം, ഷീസോഫ്രീനിയ, അൾഷിമേഴ്സ്, മൂഡ് ഡിസോർഡേർസ്, വിഷാദം, ഭയപ്പാട്, ടെൻഷൻ തുടങ്ങി ആത്മഹത്യാ പ്രവണത; ഉറക്കമില്ലായ്മ, കുട്ടികളിലെ പരീക്ഷാപ്പേടി, stage fear ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾക്കു ഹോമിയോപ്പതി ശാസ്ത്രത്തെ സന്തോഷപൂർവ്വം സമീപിക്കാം. കോട്ടയത്തു ആതുരാശ്രമത്തിനടുത്തുള്ള മെന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഒരു മാതൃകാസ്ഥാപനമായി നമ്മുടെ മുന്നിലുണ്ട് എന്നുള്ളത് ഹോമിയോപ്പതിക്ക് അഭിമാനിക്കാൻ വക നൽകുന്നു.

♦

(യാത്രാവിവരണം)

# ഞാൻ കണ്ട അമേരിക്ക

– ഡോ. വി.എച്ച്. അബ്ദുൽസലാം

## ന്യൂജേർസിയിൽ

**ന്യൂ**യോർക്ക് സിറ്റിയിൽ നിന്നും 63 മൈൽ അകലെയാണ് ന്യൂജേർസി. വീട്ടുവാടക കൂടുതലായതുകൊണ്ട് ന്യൂയോർക്കിൽ ജോലി ചെയ്യുന്ന മിക്ക ഇന്ത്യക്കാരും ന്യൂജേർസിയിലാണ് താമസിക്കുന്നത്. ന്യൂജേർസിയിലെ ഒരു ടൗൺ ആയ ഹിൽസ് ബൊറൊയിലെ Days Inn എന്ന ഹോട്ടലിലാണ് ഞങ്ങൾ മെയ് 21– നും 22– നും രാത്രി താമസിച്ചത്. രണ്ടു പേർക്ക് ഒരു റൂം എന്നതാണ് സിസ്റ്റം. എന്റെ റൂം മേറ്റ് പ്രൊഫ. അബ്ദുൽ ലത്തീഫ് തന്നെ. ഹോട്ടൽ മുറികൾ വളരെ വിശാലം. നമ്മുടെ സൗകര്യത്തിനൊത്ത്, പാശ്ചാത്യനാടുകളിൽ, ടോയ്‌ലറ്റ് യൂസിന് വെള്ളം സജ്ജീകരിച്ചുണ്ടാവില്ലായെന്ന് അറിയാമല്ലോ. ടോയ്‌ലറ്റ് പേപ്പർ ഉപയോഗിച്ച് ശീലിക്കാത്ത ഇന്ത്യാക്കാർക്ക് Wash Basin ലെയോ, Bath Tub ലെയോ ടാപ്പിൽ നിന്നും വെള്ളമെടുത്ത് കാര്യം സാധിക്കാൻ കുറച്ചു ബുദ്ധിമുട്ടുണ്ട്. ആ ബുദ്ധിമുട്ട് അമേരിക്കയിൽ ഞങ്ങൾ താമസിച്ച എല്ലാ ഹോട്ടലുകളിലും അനുഭവപ്പെട്ടിട്ടുണ്ട്. ഇംഗ്ലണ്ടിലും മറ്റും യാത്ര ചെയ്തപ്പോൾ ഇതനുഭവിച്ചിട്ടുള്ളതുകൊണ്ട് എനിക്ക് ഒരു പുത്തരി ആയി തോന്നിയില്ല.

ന്യൂജേർസിയിലെ ആദ്യത്തെ ദിവസം ഞങ്ങൾ താമസിച്ചിരുന്ന Days Inn –ൽ നിന്നും വളരെ ദൂരെയല്ലാത്ത ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ നിന്നാണ് ഡിന്നർ കഴിച്ചത്. എറണാകുളത്തെ എന്റെ ഒരു സ്നേഹിതന്റെ മകൻ Mr.സുധിൻ കുടുംബ സമേതം എന്നെ കാണാൻ ഞങ്ങൾ താമസിക്കുന്ന ഹോട്ടലിൽ വന്നിരുന്നു. Mr. സുധിൻ, പ്രസിദ്ധമായ വെറൈസൻ കമ്പനിയിൽ ന്യൂജേർസിയിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറായി ജോലി നോക്കുന്നു. കമ്പനിയുടെ അടുത്ത് തന്നെയാണ് താമസവും.

## ന്യൂയോർക്കിൽ

മെയ് 22–ന്, ഞങ്ങൾ താമസിച്ചിരുന്ന ന്യൂജേർസിയിലെ Days Inn–ൽ നിന്നും ബ്രേക്ക്ഫാസ്റ്റിനു ശേഷം ഞങ്ങളുടെ സ്പെഷ്യൽ കോച്ചിൽ (ലക്ഷറി ബസ്സ്) ന്യൂയോർക്ക് സിറ്റി കാണാൻ 9 മണിക്ക് പുറപ്പെട്ടു. ട്രാഫിക് ജാമിൽ പെടാതിരുന്നതുകൊണ്ട് 10:15ന് തന്നെ ഞങ്ങൾ ന്യൂയോർക്കിലെ മനാട്ടനിൽ എത്തി. അമേരിക്കയിലെ ആകെയുള്ള 50 സ്റ്റെയിറ്റുകളിൽ ഏറ്റവും വലിയ സ്റ്റെയിറ്റ് ന്യൂയോർക്ക് ആണ്. ന്യൂയോർക്ക് സ്റ്റെയിറ്റിൽ മനാട്ടൻ, ന്യൂജേർസി, ബ്രൂക്കിലിൻ, ബ്രോൻക്സ്, തുടങ്ങി 5– Borough കളാണുള്ളത്. അമേരിക്കൻ പാർലമെന്റിൽ പ്രതിനിധീകരിക്കപ്പെടുന്ന ഒരു മണ്ഡലത്തെയാണ് Borough എന്നു പറയുന്നത്. ഏതാണ്ട്, നമ്മുടെ രാജ്യത്തെ ഡിസ്ട്രിക്ടിനെ Borough യോട് താരതമ്യപ്പെടുത്താം. ഞങ്ങളുടെ ന്യൂയോർക്ക് സിറ്റി ടൂറിന്റെ തുടക്കം, ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒരു Boat Cruise ആയി. അങ്ങനെ വിശ്വപ്രഖ്യാപിതമായ Statue of Liberty വളരെ അടുത്തു നിന്ന് കാണാൻ സാധിച്ചു. മനാട്ടനിലെ ആഡംബര ചുംബികളായ കെട്ടിടങ്ങളെ നോക്കിക്കൊണ്ടുള്ള ഉല്ലാസ നൗകയിലെ ഹാർബർ Cruise! ബോട്ടിലിരുന്നു കൊണ്ട് നഗരത്തെ വീക്ഷിക്കുന്നത് വല്ലാത്ത ഒരു അനുഭൂതി ആയിരുന്നു. മനാട്ടനിൽ ഞങ്ങൾ ഒരു ഇന്ത്യൻ റെസ്റ്റോറന്റിലാണ് ലഞ്ച് കഴിച്ചത്.

ന്യൂയോർക്ക് സിറ്റിയിലെ എല്ലാ കാഴ്ചകളും വിശദമായിട്ട് കാണിച്ച് വിശദീകരിച്ചുതരാനായി ഒരു അമേരിക്കൻ സായിപ്പ് ഞങ്ങളുടെ കൂടെ ഉണ്ടായി. ശേഷം ആദ്യം ഞങ്ങളെ കൊണ്ടു പോയത് 102 നിലകളുള്ള Empire State Building ലേക്കാണ്. 86–ാമത്തെ ഫ്ളോർ വരെയാണ് സന്ദർശനാനുമതി. സന്ദർശന ടിക്കറ്റ് ചാർജ്ജായ 25 ഡോളർ വീതം ഓരോരുത്തർക്കും വേണ്ടി തോമസ് കുക്കിന്റെ ടൂർ മാനേജരാണ് കൊടുത്തത്. Empire State Building Observatory രാത്രി 2 മണി വരെ ഓപ്പൺ ആയിരിക്കും. $13^{1/2}$ മാസം കൊണ്ട് 1931–ൽ പണി പൂർത്തിയാക്കിയ 1250 ft (381 m) ഉയരമുള്ള Empire State Building ന്യൂയോർക്ക് സിറ്റിയുടെ അഭിമാനസ്തംഭമായി തല ഉയർത്തി നിൽക്കുന്നു. ലോകത്തിലെ ഏറ്റവും Famous ആയ ഒരു ഓഫീസ് ബിൽഡിംഗ് ആണിത്. പിന്നീട് American Financial Building ന്റെ മുകളിലത്തെ നിലയിൽ നിന്നും സിറ്റിയിലെ കൂറ്റൻ കെട്ടിടങ്ങൾ കണ്ടു. പിന്നെ ഞങ്ങളെ കൊണ്ടുപോയത്, 2001 സെപ്റ്റംബർ 11 ന് ഭീകരാക്രമണത്തിൽ തകർക്കപ്പെട്ട WORLD TRADE CENTRE –ന്റെ സ്ഥാനത്ത് (Zero Ground Level) പുതുതായി നിർമ്മിച്ച Freedom Tower മന്ദിരം കാണിക്കാനാണ്. തകർ ക്കപ്പെട്ട World Trade Centre ന് പകരം നാലു ടവറുകളാണ് പണിയുന്നത്. അതിൽ 104 നിലകളുള്ള ആദ്യത്തെ ടവറിന്റെ നിർമ്മാണം പൂർത്തിയായി.

അടുത്ത വർഷം രണ്ടാമത്തെ ടവറിന്റെ നിർമ്മാണവും അധികം താമസിയാതെ തന്നെ മറ്റു ടവറുകളുടെയും നിർമ്മാണം പൂർത്തീകരിക്കുമെന്ന് ഗൈഡ് ഞങ്ങളോട് പറഞ്ഞു. ഞങ്ങളുടെ കോച്ചിൽ New Yok City Sight Seeing തുടർന്നു. ന്യൂയോർക്ക് പണക്കാരുടെയും സാങ്കേതിക വിദ്യയുടെയും ഫാഷൻ തരംഗത്തിന്റെയും നഗരം തന്നെ. എല്ലാവർക്കും തിരക്കുള്ള ബോംബെ നഗരം പോലെ തന്നെയാണ് ന്യൂയോർക്ക് സിറ്റിയും. China Town, City Hall, Ground Zero, Hudson Park, West Village, Chelsea, Madison Square Garden, Rockefeller Center, Central Park, Theater District, Times Square മുതലായവ sight seeing ൽ പെട്ടവയാണ്. 42nd Street നും Broadway ക്കും മധ്യേയുള്ള Times Square ൽ ഒരു മണിക്കൂർ ചിലവഴിക്കാൻ സാധിച്ചത് വളരെ ഭാഗ്യമായിട്ട് ഞാൻ കരുതുന്നു. സംഗീത സാന്ദ്രമായ ഒരു ദൃശ്യ വിരുന്നാണ് എനിക്ക് അവിടെ കാണാൻ സാധിച്ചത്.

ഏറ്റവും തിരക്കേറിയ നഗരങ്ങളിലൊന്നായ ന്യൂയോർക്കിലെ ടൈംസ് സ്ക്വയറിലാണ് ആയിരങ്ങൾ അണിനിരക്കുന്ന യോഗാഭ്യാസം നടക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് മൂന്നുപേർ ചേർന്ന് തുടങ്ങിയതാണ് ഇവിടെ യോഗാഭ്യാസം. ഇപ്പോൾ 16000 ത്തോളം പേർ ഇവിടെ യോഗയ്ക്കെത്തുന്നു. ടൈം സ്ക്വയർ കൂട്ടായ്മയാണ് പരിപാടിക്ക് നേതൃത്വം നൽകുന്നത്. ഈ വലിയ യോഗാ പ്രകടനം കാണാൻ അനേകം വിനോദ സഞ്ചാരികളും എത്തുന്നുണ്ട്.

കോർപറേറ്റ് വമ്പന്മാർ കോടികൾ ലാഭം കൊയ്യുന്ന ലോകത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ ആസ്ഥാനമായ വാൾസ്ട്രീറ്റും, ലോകസാമ്പത്തിക തലസ്ഥാനമെന്ന ഖ്യാതിയുള്ള ന്യൂയോർക്ക് നഗരത്തിൽ കൂടി യാത്ര ചെയ്തപ്പോൾ കണ്ടു. സിറ്റിയിലെ ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ ഡിന്നർ കഴിച്ചതിന് ശേഷം ന്യൂജേർസിയിലെ ഹോട്ടലിൽ ചെന്ന് രണ്ടാം ദിവസവും താമസിച്ചു.

**വാഷിങ്ങ്ടൺ ഡി.സി.യിൽ**

മെയ് 23ന് 9 മണിയ്ക്ക് ന്യൂജേർസിയിൽ നിന്നു തിരിച്ച് റോഡുമാർഗ്ഗം ഞങ്ങളുടെ ബസ്സിൽ നാലര മണിക്കൂർ യാത്ര ചെയ്ത്, USA യുടെ തലസ്ഥാന നഗരമായ വാഷിങ്ങ്ടൺ ഡി.സി.യിൽ എത്തി.

ഈ നഗരം മനോഹരമായ ഒരു PlannedCity ആണ്. ന്യൂയോർക്ക് സിറ്റിയിലുള്ളതുപോലെ ന്യൂയോർക്ക് നഗരത്തിൽ കൂടി യാത്ര ചെയ്തപ്പോൾ കണ്ടു സിറ്റിയിലെ ഒരു ഇന്ത്യൻ റെസ്റ്റോറന്റ് പൊക്കം കൂടിയ കൂറ്റൻ കെട്ടിടങ്ങൾ വിരളം. തിക്കും തിരക്കും കുറവ്. Sight Seeing ന് ഇവിടെയും ഒരു അമേരിക്കൻ ഗൈഡ് ഞങ്ങളുടെ സഹായത്തിനെത്തി.

പ്രസിഡണ്ടിന്റെ ഔദ്യോഗിക വാസഗൃഹമായ വൈറ്റ് ഹൗസ്, സെനറ്റ് ഹൗസായ Capital Building, ലോകത്തിലെ ഏറ്റവും ഉയരം കൂടിയ Free Standing Structure ആയ Marble Tower മുതലായവ ആദ്യം തന്നെ കണ്ടു.

ധാരാളം മ്യൂസിയങ്ങൾ ഉള്ള നഗരമാണ് വാഷിങ്ങ്ടൺ ഡി.സി. ലോകത്തിലെ ഏറ്റവും വലിയ മ്യൂസിയം കോംപ്ലക്സ് ആയ Smithsonian Institute-ലെ National Air and Space Museum കാണാൻ ഭാഗ്യം സിദ്ധിച്ചത് വലിയ കാര്യം തന്നെ. എയർക്രാഫ്റ്റ് സംബന്ധമായ കോഴ്സുകളും എയിറോനോട്ടിക്കൽ എഞ്ചിനീയറിങ്ങ് കോഴ്സും പഠിക്കുന്ന ഏതൊരു വിദ്യാർത്ഥിക്കും, പൊതുജനങ്ങൾക്കും ഈ മ്യൂസിയത്തിൽ നിന്ന് വളരെയധികം പഠിയ്ക്കുവാനുണ്ട്. Lincoln Memorial Building, Vietnam Memorial Space, National Park മുതലായവയും ഞങ്ങൾ ചുറ്റി നടന്ന് കണ്ടു.

വാഷിങ്ങ്ടൺ, യു.എസ്. എ. യിലെ ഒരു സ്റ്റേറ്റ് അല്ല. കൊളംബിയ സ്റ്റേറ്റിലെ ഒരു ഡിസ്ട്രിക്ട് മാത്രം. Washington DC എന്നാൽ Washington District of Columbia. ഡൽഹി പോലെ വാഷിങ്ങ്ടൺ ഡി.സി.യും ഒരു Union Territory ആണ്. വാഷിങ്ങ്ടൺ എന്നൊരു വേറൊരു സിറ്റി സിയാറ്റിലിനടുത്ത് പടിഞ്ഞാറൻ യു.എസ്.എ. യിൽ ഉണ്ട്. വാഷിങ്ങ്ടൺ ഡി.സി. കിഴക്കൻ യു.എസ്.എ. യിലാണ്. ഇവിടത്തെ Sight Seeing നു ശേഷം വാഷിങ്ങ്ടൺ ഡി.സി. യുടെ പ്രാന്ത നഗരമായ Vienna-യിലെ COMFORT INN TYSON CORNER ഹോട്ടലിൽ ആണ് ഞങ്ങൾ താമസിച്ചത്. ഇവിടത്തെ താമസത്തിനിടയ്ക്ക് രസകരമായ ഒരു സംഭവമുണ്ടായി. എന്റെ റൂമിന്റെ പുറത്ത് ഭിത്തിയിൽ ഉണ്ടായിരുന്ന ഒരു Switch ൽ ഞങ്ങളുടെ സംഘത്തിലുള്ള ഒരു സ്നേഹിതൻ, അറിയാതെ ഒന്നു സ്വിച്ച് അമർത്തിയപ്പോൾ ഉടനെ ഫയർ എഞ്ചിനും ആംബുലൻസും എത്തിയത് ഞങ്ങളെ തെല്ലൊന്ന് അമ്പരപ്പിച്ചു. Switch ന്റെ മുകളിൽ Fire എന്നെഴുതിയ Sticker ശ്രദ്ധിക്കാതെയാണ് അദ്ദേഹം സ്വിച്ച് അമർത്തിയത്. ഉടനെ തന്നെ ഫയർ എഞ്ചിനും ആംബുലൻസും വന്നത്, അമേരിക്കൻ ജോലിക്കാരുടെ കർത്തവ്യ നിർവ്വഹണത്തിലെ ജാഗ്രതയെ വിളിച്ചോതുന്നു.

**ബഫ്ഫലോയിൽ**

ബ്രേക്ഫാസ്റ്റിന് ശേഷം മെയ് 24ന് VIRGINIA സ്റ്റെയ്റ്റിലെ VIENNA (Spring Hill Road) യിലെ Comfort Inn ലെ താമസം മതിയാക്കി, 8 മണിക്കു തന്നെ റോഡ് മാർഗ്ഗം ബഫലോയിലേക്ക് യാത്ര തിരിച്ചു. 11 മണിക്ക് HARRIS BERG ൽ എത്തി. അവിടത്തെ ഒരു വഴിയോര റെസ്റ്റോറന്റിൽ, 15 മിനിട്ട് വിശ്രമത്തിനു ശേഷം ഞങ്ങളുടെ കോച്ചിൽ കയറി യാത്ര തുടർന്നു. 1 മണിയ്ക്ക് PENNSYLVANIA സ്റ്റെയ്റ്റിലെ, WILLIAM SPORT ൽ എത്തി. അവിടത്തെ പ്രശസ്തമായ Wegmans റെസ്റ്റോറന്റിൽ നിന്നും ഉച്ചഭക്ഷണം കഴിച്ചു. മിക്കവാറും എല്ലാ സാധനങ്ങളും കിട്ടുന്ന വലിയ ഒരു സ്റ്റോറും കൂടിയാണ് Wegmans. രണ്ടു മൂന്നു gift items ഞാൻ ആ സ്റ്റോറിൽ നിന്നും വാങ്ങിച്ചു

ഞങ്ങൾ യാത്ര തുടർന്നു. യാത്രാമദ്ധ്യേ എന്റെ ഒരു സ്നേഹിതന്റെ മകൻ MBA യ്ക്ക് പഠിക്കുന്ന PENN College ന്റെ ബോർഡ് കണ്ടു. വൈകുന്നേരം 5 മണിയോടുകൂടി Buffalo യിലെ Amherst ടൗണിലുള്ള SLEEPINN ൽ എത്തി. അവിടെയാണ് ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്നത്. വാഷിങ്ങ്ടൺ ഡി.സി.യിൽ നിന്നും ബഫ്ഫലോ വരെ 9 മണിക്കൂർ യാത്ര ചെയ്തെങ്കിലും ഞങ്ങൾക്കാർക്കും ഒരു മുഷിപ്പും ക്ഷീണവും തോന്നിയില്ല. അതിനു കാരണം ഞങ്ങളുടെ ബസ്സിന്റെ ഗുണമേന്മയും റോഡിന്റെ മികവും തന്നെ. ന്യൂയോർക്ക് സ്റ്റെയ്റ്റിൽ പെടുന്ന ഒരു ഡിസ്ട്രിക്ട് ആണ് ബഫ്ഫലോ. ഡിന്നറിനു ശേഷം ലോകപ്രശസ്തമായ നയാഗ്ര വെള്ളച്ചാട്ടം കാണാൻ ഞങ്ങൾ പുറപ്പെട്ടു. ഞങ്ങൾ താമസിച്ചിരുന്ന Sleep Inn ൽ നിന്നും ബസ്സിൽ 20 മിനിറ്റ് യാത്ര ചെയ്ത് NIAGARA FALLS ൽ എത്തി അതിമനോഹരമായ വെള്ളച്ചാട്ടം കണ്ടു. Weekend ആയിരുന്നതുകൊണ്ട് രാത്രി 9 മണിക്കുള്ള Fire Works ഉം കാണാൻ ഞങ്ങൾക്ക് ഭാഗ്യം കിട്ടി. Fall കണ്ടതി ശേഷം ബസ്സിൽ കയറാനുള്ള മടക്കയാത്രയിൽ പ്രൊഫ. അബ്ദുൽ ലത്തീഫ് സാഹിബിനെ 15 മിനിട്ട് സമയം കാണാതിരുന്നത്, ഞങ്ങളെയെല്ലാം പരിഭ്രാന്തിയിലാക്കിയ ഒരു സംഭവമാണ്. നയനാനന്ദകരമായ വെള്ളച്ചാട്ടവും അവിടത്തെ Fire Works ഉം കണ്ടതിനു ശേഷം ഞങ്ങളുടെ ഹോട്ടലിൽ (Sleep Inn) തിരിച്ചെത്തി സുഖമായിട്ടുറങ്ങി. (തുടരും)

# മാതൃദേവോഭവ:

- സുജാത അജിത്കുമാർ

**"മാതാ, പിതാ, ഗുരു, ദൈവം"** എന്ന വചനത്തിൽ മാതാവിനു കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. മാതൃദേവോ ഭവഃ അമ്മ എന്ന ഈ അക്ഷരത്തിന്റെ പൊരുൾ വാക്കുകളാൽ വിമർശിക്കാനോ, മനസ്സിലാക്കാനോ പറ്റുകയില്ല. അത്രയും യാതനകളും, വേദനകളും, സഹിച്ചുകൊണ്ട് ഗർഭം വഹിക്കുന്നതു മുതൽ പ്രസവിക്കുന്നതു വരെയും അതിനുശേഷവും കുട്ടിയെ സ്വന്തം കാലിൽ നിറുത്തുന്ന തുവരെയും ആ അമ്മയ്ക്ക് വിശ്രമമില്ല.

കാലം കലിയുഗം ആണെന്നു പ്രത്യേകം പറയേണ്ടതില്ല. ഇന്ന് അമ്മ എന്നുകേൾക്കുമ്പോൾ കുട്ടികളുടെ മനസ്സിൽ നേരിയ ഒരു ഭയം കടന്നു കൂടിയിരിക്കുന്നു. സ്വന്തം കുട്ടികളെ പ്രസവിച്ചശേഷം കഴുത്തറക്കുകയും, ജീവനോടെ കുഴിച്ചു മൂടുകയും ചെയ്യുന്നു. ഇത് ഗൗരവമായി എടുക്കേണ്ട ഒരു വിഷയമാണ്. സ്വന്തം സ്വാർത്ഥതക്കു വേണ്ടി സ്വന്തം കുട്ടികളെ തന്നെ ബലിയാടുകളാക്കുന്നു. അനാഥാല യങ്ങളിലും ഇതു തന്നെ നടക്കുന്നു. പ്രത്യേകിച്ചും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളാണ് കൂടുതൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നത്. എവിടെയാണ് ഈ കുട്ടികൾക്ക് സുരക്ഷ കിട്ടുന്നത്, സ്നേഹം കിട്ടുന്നത് എന്ന് നമ്മൾ ചിന്തിക്കുന്നുണ്ടോ? സ്വന്തം മാതാപിതാക്കളിൽ നിന്നുപോലും ഇതെല്ലാം അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. ദിവസവും പത്രങ്ങളിൽ നിന്നും മറ്റും ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യുന്നെങ്കിലും ദിനംപ്രതി വീണ്ടും ഈ സംഭവങ്ങൾ ആവർത്തിക്കുകയാണ്.

വേറൊരു വിഭാഗം മാതാപിതാകളെ അമ്പലനടയിലും, വഴിവക്കിലും ഉപേക്ഷിച്ചു പോകുന്നു. തങ്ങളുടെ ആയുസ്സും ആരോഗ്യവും എല്ലാം ഉപേക്ഷിച്ച് വളർത്തിയ മക്കളാണ് ഇത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്യുന്നത്. അമ്മയുടെ നല്ല ആരോഗ്യത്തിലും, നല്ല സാമ്പത്തികസ്ഥിതിയിലും അമ്മ മതി. അതു കഴിഞ്ഞാൽ വല്ല വൃദ്ധസദനത്തിലും കൊണ്ടു പോയി തള്ളും. ആളുകളെ ബോധിപ്പിക്കാൻ വല്ലപ്പോഴും ഒരു സന്ദർശനം, പെൻഷൻതുക ലഭിക്കുന്നവർ ആണെങ്കിൽ ആ തുകയും കൈക്കലാക്കി മടങ്ങും.

ഇതിനൊക്കെ ഒന്നേ പറയുവാൻ ഉള്ളൂ സ്നേഹം എന്നത് ലോകത്തുനിന്നും മാറി മറഞ്ഞിരിക്കുന്നു. സ്വന്തം കുടുംബത്തിൽ നാലംഗങ്ങൾ മാത്രമാണുള്ളതെങ്കിലും നാലുപേർക്കും സ്വന്തം സ്വാർത്ഥത, സ്വന്തം കാര്യം, അത്ര മാത്രം. കുടുംബത്തിൽ നിന്നും ആണ് ഇതിന്റെ തുടക്കം. പണ്ടൊക്കെ കൂട്ടുകുടുംബങ്ങൾ ആയിരുന്നു മുഴുവനും അന്ന് ഇത്രയും പ്രശ്നങ്ങൾ തലപൊന്തിയിരുന്നില്ല. അണുകുടുംബം ആയതോടുകൂടി നാശങ്ങൾ കൂടി വന്നു. നേരെമറിച്ച് മുതിർന്നവർ ഉണ്ടെങ്കിൽ ഇതെല്ലാം തരണം ചെയ്യാമായിരുന്നു. കൂട്ടുകുടുംബങ്ങളിൽ സ്നേഹത്തിനും പരസ്പര വിശ്വാസത്തിനും ആണ് മുൻതൂക്കം കൊടുത്തിരുന്നത്. ഒരാളുടെ വേദന അത് എന്റെ കൂടി വേദനയാണെന്ന് മനുഷ്യൻ ചിന്തിച്ചിരുന്നു. ഇന്നതില്ല. ബന്ധങ്ങൾക്കു വിലയില്ല. അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, കുട്ടികൾ എന്നീ ബന്ധങ്ങൾക്കൊരു വിലയും ഇല്ല. മനുഷ്യൻ അവനാണ് ഇതിന്റെയെല്ലാം ഉറവിടം. ഓരോ വ്യക്തിയും സ്വയം ചിന്തിച്ച് മുന്നോട്ടു പോകണം. തീർച്ചയായും മാറ്റങ്ങൾ വരും.

ഇതെല്ലാം മനസ്സിലാക്കി ഇന്നത്തെ അണുകുടുംബങ്ങൾ മാറി സ്വന്തം അച്ഛനേയും, അമ്മയേയും, അപ്പൂപ്പൻ, അമ്മൂമ്മ എന്നിവരും ഒക്കെയായി ജീവിക്കാൻ തുടങ്ങട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ♦


ചൈത്രം

● മാനസികസംഘർഷമനുഭവിക്കുന്നവർ ● ഏകാന്തതയനുഭവിക്കുന്നവർ ● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ ● നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ

നേരിട്ടും ഫോണിലും ബന്ധപ്പെടാം: 0484-2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# സ്ത്രീശക്തി

ശശികല മേനോൻ

(ജി.സി.ഡി.എ ചെയർമാൻ ശ്രീ.വേണുഗോപാലിന്റെ ഭാര്യ)



**സാ**ക്ഷാൽ ശ്രീമഹേശ്വരൻ പോലും പൂർണ്ണത കൈവരിക്കണമെങ്കിൽ ശക്തി, അഥവാ സ്ത്രീ കൂടിയേ തീരൂ... അർദ്ധനാരീശ്വരനെന്ന സങ്കല്പം വെറും ബാഹ്യമായ ഒന്നല്ലല്ലോ. പുരുഷനും പ്രകൃതിയും എന്ന പ്രപഞ്ചസാരം തന്നെ സ്ത്രീയുടെ തുല്യപങ്കാളിത്തത്തെ, പ്രാധാന്യത്തെ പ്രകീർത്തിക്കുന്ന ഒന്നാണ്.

സ്ത്രീയും, പുരുഷനും തമ്മിലുള്ള പ്രധാന വ്യത്യാസം സ്ത്രീക്ക് അമ്മയാവാനുള്ള കഴിവുതന്നെയാണ്. പ്രപഞ്ച നിലനില്പിനു വേണ്ടിയുള്ള സൃഷ്ടി കർമ്മം അതിന്റെ എല്ലാ യാതനയോടും, നിർവൃതിയോടും നിർവ്വഹിക്കുന്ന സ്ത്രീ ഏതു വിധേന നോക്കിയാലും ഈ ഒറ്റക്കാരണംകൊണ്ടു തന്നെ ഒരു പടി മുന്നിലാണെന്നു നിസ്സംശയം പറയാം. ചിത്രകാരൻ ചായം നൽകുന്നതുപോലെ കവി കവിതയെഴുതുന്നതുപോലെ സൂക്ഷ്മമായി, ഹൃദ്യമായി, ഊഷ്മളമായി സ്നേഹിക്കപ്പെടേണ്ടുന്ന ഒരു അപൂർവ്വപ്രതിഭാസമാണ് സ്ത്രീ....

നമ്മുടെ പുരാണേതിഹാസങ്ങളിൽ സ്ത്രീകഥാപാത്രങ്ങൾക്കുള്ള പ്രാധാന്യം നമുക്കറിയാം. കഥാതന്തു തന്നെ മാറ്റിമറിക്കപ്പെട്ട എത്രയോ സ്ത്രീസാന്നിദ്ധ്യം നാം വായിച്ചറിഞ്ഞിട്ടുണ്ട്. ജന്മം കൊടുക്കുവാൻ പ്രകൃതി തിരഞ്ഞെടുത്തത് പെണ്ണിനെയാണ്. സ്നേഹവും അലിവും ത്യാഗസന്നദ്ധതയുമൊക്കെ കൂടിയ അളവിൽ സ്ത്രീക്കു തന്നെയാണ്.

പെണ്ണ് പുരുഷന്റെ സ്വത്ത് എന്ന ധാരണയിൽ എന്തതിക്രമവും കാട്ടുന്ന ഒരു കാലഘട്ടമാണ് ഇത്. വളരെയധികം മാറ്റങ്ങൾ ഇന്നു വന്നിട്ടുണ്ടെങ്കിൽ പോലും സ്ത്രീ പരിപൂർണ്ണമായും സുരക്ഷിതയും സന്തുഷ്ടയുമാണെന്നു പറയുക വയ്യ. ഉയർന്ന ഭരണാധികാരം മുതൽ ശാസ്ത്രലോകം മുതൽ എന്തിനും ഏതിനും പുരുഷനു സമം നില്ക്കതക്ക കഴിവ് സ്ത്രീക്കുണ്ടെന്ന് ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ജ്ഞാനമാർജ്ജിക്കാൻ അശക്തയാണ് സ്ത്രീ എന്നുള്ള അവബോധമൊക്കെ പോയ് മറഞ്ഞു... കടംകൊണ്ട അറിവുകൊണ്ട് ഉയരങ്ങളിലേക്കു കുതിക്കുന്ന ഈ ലോകത്തിൽ അനുഭവജ്ഞാനത്തിന്റെ അറിവിലൂടെ സൂര്യശോഭ പ്രസരിപ്പിക്കുന്ന ഒരു തേജോപുഞ്ജമാണ് സ്ത്രീ... വയ്ക്കാനും വിളമ്പാനും കുഞ്ഞുങ്ങളെ പ്രസവിക്കാനും മാത്രമല്ല അന്യഗ്രഹ പ്രയാണങ്ങളിൽപോലും ഭാഗഭാക്കാവാനും ഇന്നു സ്ത്രീക്കു കഴിയും.

അടിച്ചേല്പിക്കപ്പെടുന്ന വ്യഥകളോടും അടിമത്തത്തോടും നമുക്കു പൊരുതേണ്ടതുണ്ട്. അതിന്റെ അർത്ഥം ഭർത്താവിനേയോ മകനേയോ ബന്ധുക്കളേയോ തള്ളിപ്പറയുകയല്ല. കുന്നുക്കുരുവോളം സ്നേഹം തന്നാൽ കുന്നിനോളം തിരിച്ചു നൽകാൻ ഏതമ്മയ്ക്കാണ് കഴിയാതിരിക്കുക. പക്ഷെ യഥാർത്ഥ വിമോചനം എന്നാൽ എന്താണ്....?

പുരുഷൻ സിഗരറ്റ് വലിച്ചാൽ സ്ത്രീയും വലിക്കുന്നു. അവർ മദ്യപിച്ചാൽ ഉടൻ അതനുകരിക്കുന്നു. അങ്ങനെ പുരുഷനാകാൻ സ്ത്രീ ശ്രമിക്കുന്നു. അതല്ലല്ലോ വിമോചനം. ചെയ്യുന്ന കർമ്മങ്ങൾക്ക് അർഹിക്കുന്ന അംഗീകാരം. അതുമാത്രമേ വേണ്ടൂ. അല്ലാതെ പ്രതിഫലമൊന്നും വേണ്ട. സ്ത്രീ എന്നാൽ സ്നേഹമെന്നാണ് !

പുരുഷവിദ്വേഷം സ്ത്രീയ്ക്കെന്തിന്. അവനേയും ഗർഭപാത്രത്തിൽ ചുമക്കുന്നത് അവൾ തന്നെയല്ലെ! ഒരു കുഞ്ഞിന്റെ ആദ്യബന്ധു അമ്മയാണ്. ആ ബന്ധം ശിഥിലമായാൽ ജീവിതവും ശിഥിലമാവും. അതുകൊണ്ടു തന്നെ അമ്മയുടെ ഉത്തരവാദിത്വം ഏറെയാണ്. എന്തെല്ലാം ഭാവങ്ങളിലൂടെയാണ്, അവസ്ഥകളിലൂടെയാണ് ഒരു സ്ത്രീയുടെ ജീവിതം കടന്നു പോകുന്നത്. മകൾ, സഹോദരി, ഭാര്യ, അമ്മ, എല്ലാത്തിലുമുപരി മുലപ്പാൽ മുതൽ അന്നം വരെ നൽകുന്ന ദാതാവ്. എത്ര ഉന്നത ശ്രേണിയിലെ ത്തിയെന്നു പറഞ്ഞാലും അർഹിക്കുന്ന ആദരവ് അവൾക്കു ലഭിക്കുന്നുണ്ടോ..? സന്ധ്യ കഴിഞ്ഞാൽ ഒറ്റക്കു യാത്ര ചെയ്യാൻ ഇന്നെത്ര പേർക്കു ധൈര്യമുണ്ട്. പെൺകുട്ടികൾ പുറത്തുപോയാൽ നെഞ്ചിടിപ്പില്ലാതെ ഏതമ്മക്ക് ഇന്ന് ഇരിക്കാൻ കഴിയും. ഇതിനപവാദമില്ലെന്നല്ല മക്കളെ കൊല്ലുന്ന, വിലപേശിവില്ക്കുന്ന , കാമുകന് കാഴ്ചവയ്ക്കുന്ന അമ്മമാർ ഇന്നുണ്ട്. കലികാലം എന്നു പറഞ്ഞ് ഒഴിയാമെങ്കിലും ഈ വൈകൃതത്തിന്റെ വൈരുദ്ധ്യത്തിന്റെ ഭീകരത അസഹനീയമാണ്. ആ മനശ്ശാസ്ത്രം പിടികിട്ടാത്തതുമാണ്. എവിടെയും നൻമയ്ക്ക് വിപരീതമായ ഒരു തിൻമയുടെ കടന്നു കയറ്റം ഉണ്ടാകുമെന്ന് ആശ്വസിക്കുകയേ വഴിയുള്ളു.

ഓഷോയുടെ നിർവ്വചനമനുസരിച്ച് ഏതു പുരുഷനും ഏതു സ്ത്രീയും ഒരച്ഛനിൽ നിന്നും അമ്മയിൽ നിന്നുമാണ് പിറവിയെടുക്കുന്നത്. പുരുഷനിൽ പുരുഷഗുണങ്ങൾ മുകളിലും സ്ത്രൈണഗുണങ്ങൾ താഴെയുമാണ്. സ്ത്രീയാണെങ്കിൽ സ്ത്രൈണ ഗുണങ്ങൾ മുകളിൽ വരും. അങ്ങനെയെങ്കിൽ ഒരേ സമയം ഓരോരുത്തരും പുരുഷനും സ്ത്രീയുമാണ്. അതു മനസ്സിലാക്കിയാൽ പിന്നെന്തു ഈഗോ......... കുഞ്ഞു ജനിക്കുമ്പോഴാണ് അമ്മയും ജനിക്കുക. സ്വന്തം ജീവൻ മുന്നിൽ വളരുകയാണ്.

ഒരു നല്ല കുടുംബത്തിന് പകരം വയ്ക്കാവുന്നതായി ഒന്നുമില്ല. ഒരു പാട് ഉയരങ്ങളിലേയ്ക്കു പോകാം, ആകാശത്തോളം വളരാം. പക്ഷെ വേരുകൾ മണ്ണിൽ ആഴത്തിൽ ഉറയ്ക്കണം. സ്നേഹമെന്ന പച്ചിലച്ചാർത്തിന്റെ തണലിൽ കുടംബത്തിനും ചുറ്റുമുള്ളവർക്കും സാന്ത്വനവും അഭയവും നൽകണം. നിബന്ധനകളില്ലാത്ത സ്നേഹം അമൃതിനു തുല്യമാണ്. ഒരു സ്ത്രീ ആണെന്നതിൽ നമുക്കഭിമാനിക്കാം.

♦ ♦ ♦



ഓം നമ : ശിവായ :
കൈലാസ – മാനസ സരോവർ
2014 MAY - 15 TO 31 /Rs 1,22,800/-
ശിവ പാർവ്വതിമാരുടെ ആസ്ഥാനമായ കൈലാസവും മാനസസരസും നേപ്പാളിലെ പശുപതി നാഥ്, ബൗദ്ധനാഥ്, സ്വയം ഭൂനാഥ് ക്ഷേത്രങ്ങളും കാഠ്മണ്ഡു നഗരവും സന്ദർശിക്കുന്നു.
ദ്വാരക, സോമനാഥ്, പോർബന്ദർ, ഗിർവനം
2014 FEB - 19 TO MARCH - 1 /Rs 11,300/-
കേദാർനാഥ്, ബദരീനാഥ്, യമുനോത്രി, ഗംഗോത്രി
2014 JUNE - 14 TO 29 / Rs 22,800/-
ഹരിദ്വാർ, ഋഷികേശ്, വസിഷ്ടഗുഹ, ദേവപ്രയാഗ്, രുദ്രപ്രയാഗ്, ഗുപ്തകാശി, ഗൗരീകുണ്ഡ്, ജോഷിമഠം,
വ്യാസഗുഹ, ഗണേഷ് ഗുഹ, ഉത്തരകാശി......
അമർനാഥ് – വൈഷ്ണോദേവി
2014 JULY - 09 TO 24 / Rs 22,800/-
അമർനാഥിനൊപ്പം വൈഷ്ണോദേവി ക്ഷേത്രം, ശ്രീനഗർ, സുവർണ്ണക്ഷേത്രം, വാഗാ ബോർഡർ തുടങ്ങിയവയും സന്ദർശിക്കുന്നു.
photo: swami mahesh
കാശി, അയോദ്ധ്യ, ബുദ്ധഗയ, നൈമിഷാരണ്യം
2014 AUG - 10 TO 26 / Rs 15,800/-
KAILAS DARSHAN TRAVELS
GOURIKRISHNA, EDAPALLY NORTH KOCHI -682 024
e-mail: kailasdarshan@gmail.com/ www.kailasdarshan.com
9961 200 400
9961 200 500
0484 - 2347016

# സ്വപ്നങ്ങൾ ഉറങ്ങുന്ന വൃന്ദാവനം

\- വത്സല.ആർ. നായർ

വളരെ നാളുകളായിട്ടുണ്ടായിരുന്ന ഒരാഗ്രഹമായിരുന്നു വൃന്ദാവനം കാണണം എന്നുള്ളത്. ഭഗവാന്റെ അനുഗ്രഹം കൊണ്ട് ഈ തീർത്ഥ യാത്രയിൽ പങ്കെടുക്കുവാൻ സാധിച്ചു. ചെന്ന് കണ്ടപ്പോഴോ അതിമനോഹര മായ ഗ്രാമപ്രദേശം. രാധയുടേയും, കണ്ണന്റേയും കേളീ രംഗം ആയിരുന്ന ഇവിടെ എത്തിച്ചേരണമെങ്കിൽ രാധ യുടെ അനുഗ്രഹം വേണം എന്നാണ് ഇവിടെയുള്ളവർ പറയുന്നത്. രാധ യുടെ അനുഗ്രഹം ഇല്ലാത്തവർക്ക് ഇവിടെ എത്തിച്ചേരുവാൻ പറ്റുകയില്ല എന്നും അവർ പറയുന്നു.

ഗോകുലത്തിൽ നിന്നും കംസനെ പേടിച്ച് വൃന്ദാവനത്തിൽ എത്തിച്ചേർ ന്നതിനു ശേഷമുള്ള കണ്ണന്റെ കേളീ രംഗങ്ങൾ നടന്ന സ്ഥലം. ഇവിടെ എവിടെ നോക്കിയാലും മയിലും, കുയിലും, തത്തയും മൈനയും മറ്റേ നകം പക്ഷികളും, അവയുടെ കള കൂജനങ്ങളുമാണ്. നേരം പുലർന്നു തുടങ്ങുമ്പോൾ മയിലുകളുടെ പ്രത്യേക വിധത്തിലുള്ള ശബ്ദം കേൾക്കാം. എങ്ങും നല്ല ആരോഗ്യമുള്ള പശു ക്കളും, കാളകളും. 90% പശുക്കളും, കാളകളും നല്ല വെളുത്തതാണ്. ഇവിടെ യുള്ള ആളുകൾ തമ്മിൽ മത്തിൽ സംബോധന ചെയ്യുന്നത് രാധേ, രാധേ എന്നാണ്. പശുക്കളും കാളകളും അടുത്ത് വരുമ്പോൾ ഇങ്ങിനെ പറഞ്ഞാൽ അവ വഴിമാറിപ്പോകും. ഇവിടുത്തെ കാറ്റിൽ പോലും മുരളീ ഗാനം അലയടിക്കുന്നു.

ഉച്ചയൂണ് കഴിഞ്ഞ് 4 മണി ആയ പ്പോൾ ഞങ്ങൾ അടുത്തുള്ള അമ്പല ങ്ങൾ കാണാൻ പോയി. ആദ്യമായി കണ്ടത് ബ്രഹ്മാണ്ഡകുണ്ഡം എന്ന അമ്പലമാണ്. ശ്രീകൃഷ്ണൻ മണ്ണ് വാരിത്തിന്ന് അമ്മയെ വായ്പൊളിച്ചു കാണിച്ച സ്ഥലമാണ് ബ്രാഹ്മണ്ഡ കുണ്ഡം. ഇവിടെ വായ്പൊളിച്ച് നില്ക്കുന്ന ഉണ്ണിക്കണ്ണനും, യശോദാ മ്മയും വായിൽ 14 ലോകങ്ങളും ആയിട്ടുള്ള രൂപമാണ്. ഇവിടെ വെച്ചാണ് അങ്ങിനെ സംഭവിച്ചത് എന്ന് പറയുന്നു. ഇത് യമുനയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. ഇതിനോട് ചേർന്ന് ഒരാശ്രമവും ഉണ്ട്. യമുനയിൽ ഇറങ്ങി കൈയ്യും, കാലും കഴുകി യമുനാ ദേവിയെ വന്ദിച്ചു.

അവിടെ നിന്നും നേരെ പോയത് കൃഷ്ണനെ ജയിലിൽ നിന്നും ഗോകുലത്തിലേയ്ക്ക് കൊണ്ടു വന്ന സ്ഥലത്താണ്. ഇതും യമുനയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. യമുനയി ലേയ്ക്ക് ഒരു വലിയ കവാടവും ഉണ്ട്. ഇതു വഴിയാണ് വസുദേവർ കുഞ്ഞിനേ യുമായി നദി നീന്തി വന്നത് എന്നു പറയുന്നു. ഇവിടെ ധാരാളം ചെറിയ ചെറിയ അമ്പലങ്ങൾ ഉണ്ട്. ഇതിനോട് ചേർന്ന് തന്നെ പുതനാമോക്ഷം നടന്ന സ്ഥലവുമുണ്ട്. പഴയകാലത്തെ ചുവർ ചിത്രങ്ങളാണ് ഇതിനെയെല്ലാം അലം കൃതമാക്കുന്നത്.

അടുത്തതായി രമൺരേഥ് എന്ന അമ്പലത്തിലേയ്ക്കാണ് പോയത്. കൃഷ്ണൻ കളിച്ചു വളർന്ന സ്ഥലമാണ് ഇത്. ദേഷ്യം വരുമ്പോൾ കണ്ണൻ ഈ മണ്ണിൽ കിടന്ന് ഉരുളുമായിരുന്നു. ധാരാളം പേർ മണ്ണിൽ ഉരുളുന്നു ണ്ടായിരുന്നു. ചിലർ ഈ മണ്ണ് എടുത്ത് തലയിലും തൂവുന്നുണ്ടായിരുന്നു. മാർബിളിൽ തീർത്ത വലിയൊരു അമ്പലമാണ് ഇത്. രാധാകൃഷ്ണന്മാ രുടെ വിഗ്രഹമാണ് ഇവിടുത്തെ പ്രതിഷ്ഠ. ഇതിനോട് ചേർന്നും സ്വാമിമാരുടെ വലിയ ആശ്രമവും, ഗോശാലയുമുണ്ട്. ഇവിടെ ആരോഗ്യ മുളള നല്ല വെളുത്ത പശുക്കൾ ധാരാളമുണ്ട്. പിന്നിട് രാധയുടെ ഉറ്റതോഴിയുടെ വാസസ്ഥലത്തേയ്ക്ക് പോയി. ഒരു ഇടത്തരം അമ്പലം ഇവിടെയുണ്ട്. അതിൽ രാധയുടെ പ്രതിഷ്ഠയും ഉണ്ട്. തോഴിയുടെ പിൻഗാമികളാണ് ഇപ്പോൾ ഉള്ളത്.

അതിനു ശേഷം രാധശ്യാം കുണ്ഡം എന്ന അമ്പലത്തിലേ യ്ക്കാണ് പോയത്. പ്രധാന ശ്രീ കോവിലിൽ തീർത്ത രാധാകൃഷ്ണന്മാരുടെ പ്രതിമകളാണ് ഉള്ളത്. ഈ അമ്പലം മുഴുവനും മാർബിളിൽ തീർത്തിരി ക്കുന്നു. ഇതിന് മുകളിലേയ്ക്കും, അതു പോലെ ഭൂമിക്ക് അടിയിലേയ്ക്കും അമ്പലത്തിന്റെ കെട്ടിടങ്ങൾ ഉണ്ട്. അമ്പലം നിറയെ കൊത്തു പണികളും, പെയിന്റിംഗുകളുമാണ്. മുകൾത്തട്ട് കൃഷ്ണലീലകൾ കൊണ്ട് നിറഞ്ഞിരി ക്കുന്നു. മറ്റനേകം മൂർത്തികളും ഉണ്ട്. പ്രധാന അമ്പലത്തിന്റെ ഒരു വശം മുഴുവനും ഭാഗവതം റ്റൈൽസിൽ ചെയ്തു വച്ചിട്ടുണ്ട്. ഇതു പോലെ ദശാവതാരവും ഉണ്ട്. ഇതിനോട് ചേർന്ന് നല്ലൊരു ഷോപ്പിംഗ് കോപ്ലക്സും ഉണ്ട്. ഈ അമ്പലത്തിനോട് ചേർന്ന് ശ്രീകൃഷ്ണന് ജന്മം നല്കിയ ജയിൽ ഇപ്പോഴും ഉണ്ട്. ഈ പുരാതന ജയിലിന്റെ ഭിത്തികൾ വരെയധികം കട്ടിയുള്ളതാണ്. സാധാരണ ജയിലിലു ള്ളതുപോലെയുള്ള അഴിയിട്ട കവാട ങ്ങൾ ഉണ്ട്. ഇതിൽ ഇപ്പോഴും ഇല ക്ട്രിക് ലൈറ്റുകൾ ഇല്ല. കൊളുത്തി വച്ചിരിക്കുന്ന വിളക്കുകൾ മാത്രമേ യുള്ളൂ. ഇപ്പോഴും ഇവിടെ ഭജനയും പൂജയും ഒക്കെ ഉണ്ട്. ഞങ്ങൾ ഇവിടെ യിരുന്ന് നാരായണീയത്തിലെ ഭഗവാന്റെ ജനനം പാരായണം ചെയ്തു. ഇതി നോട് ചേർന്ന് തന്നെ ഒരു മുസ്ലീംപള്ളി ഉള്ളതിനാൽ സെക്യൂരിറ്റി വളരെയധികം ഉണ്ട്.

(തുടരും)


**THOTTEKKAT DIWANS' MEMORIAL HALLS**

**TDM Hall - Ganga (A/c)**
(Main Hall)

**TDM Hall - Periyar**
(Ground Dining Hall)

**TDM Hall - Kaveri (A/c)**
(Roof A/c Hall)

**TDM Hall - Pamba**
(Roof Hall Non A/c)

**TDM Hall - Yamuna (A/c)**
(Annexe A/c Hall)

**TDM Hall - Nila (A/c)**
(Annexe Dining A/c Hall)

**TDM Hall - Narmada (A/c)** (ETC)

**TDM Hall - Godavery (A/c)**
(Conference Hall)



**ഹരിഃ ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു ശ്രീ ഗുരുഭ്യോനമഃ**
1189-ാംമാണ്ട് മകര മാസം 1 മുതൽ 30 വരെ
2014-ാംമാണ്ട് ജനുവരി 14 മുതൽ ഫെബ്രുവരി 12 വരെ
**കെ.ഹരിഹരകൃഷ്ണൻ ടി.ഡി.എം ഹാൾ:**
**Monday to Saturday 10 am to 1 pm**
**Tel: TDM - 2361160, *Mob: 9447037018***

# *മാസഫലം*



**മേടക്കൂറ്** (അശ്വതി, ഭരണി, കാർത്തിക കാൽ) വ്യാപാര വ്യവസായ രംഗത്ത പ്രവർത്തിക്കുന്നവർക്ക് സാമ്പത്തികനില മെച്ചപ്പെടും. തൊഴിൽ രംഗത്തുള്ളവർക്ക് ഉന്നതസ്ഥാനലബ്ധിയും, അംഗീകാരവും ഉണ്ടാകും. വിവാഹകാര്യങ്ങളിൽ പുരോഗതിയുണ്ടാകു ന്നതാണ്.സന്താനങ്ങളുടെ വിദ്യാഭ്യാസം, വിവാഹം എന്നിവക്ക് അനുകൂല പുരോഗതി യുണ്ടാകുന്നതാണ്. തൊഴിൽപരമായി ബന്ധപ്പെട്ട് യാത്രകളും, ഗൃഹത്തിൽ നിന്നും വിട്ടു നില്ക്കേണ്ട സാഹചര്യങ്ങളുമുണ്ടാകും. ഭൂമി, സ്വത്ത് എന്നിവ സംബന്ധിച്ചുള്ള വ്യവഹാരങ്ങളിൽ തീരുമാനം ഉണ്ടാകാൻ സാധ്യത. ദീർഘകാല കരാറുകളിൽ ഏർപ്പെടാൻ പറ്റിയ സാഹചര്യമല്ല. ജനുവരി 26, 27 എന്നീ തീയ്യതികൾ ശുഭ കാര്യങ്ങൾക്ക് ഒഴിവാക്കുക. ശനി പ്രീതി, വ്യാഴ പ്രീതി വരുത്തുക.



**ഇടവക്കൂറ്** (കാർത്തിക മുക്കാൽ, രോഹിണി, മകയിരം പകുതി) ആരോഗ്യനില മെച്ചപ്പെടും. ഭൂമി വില്പനയിലൂടെ ധനനഷ്ടം സംഭവിക്കാനിട. പുതിയ സംരംഭങ്ങളിലൂടെ ധനലാഭവും സന്തോഷപ്രദമായ സുഹൃദ്ബന്ധങ്ങളും ഉണ്ടാകും. വിവാഹ കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാകും. സന്താനങ്ങളുടെ വിദ്യാഭ്യാസം, യാത്രകൾ തുടങ്ങിയവക്കായി പണച്ചിലവും അലച്ചിലും അനുഭവപ്പെടും. ഉദ്യോഗ സംബന്ധമായ പരീക്ഷ, ഇന്റർവ്യൂ, എന്നിവയിൽ വിജയിക്കുവാൻ കഴിയും. ഗൃഹനിർമ്മാണ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജ്ജസ്വലതയുണ്ടാകും. കായികരംഗത്തു പ്രവർത്തിക്കുന്ന വർക്ക് നേട്ടങ്ങൾ കൈ വരും. ജനുവരി 28, 29 എന്നീ തിയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക.




**മിഥുനക്കൂറ്** (മകയിരം പകുതി, തിരുവാതിര, പുണർതം മുക്കാൽ) ആലോചനയിലിരുന്ന വിവാഹം നടക്കും. വിദേശ യാത്രാ കാര്യങ്ങളിൽ തീരുമാനം ഉണ്ടാകുമെങ്കിലും ധനനഷ്ടം ഉണ്ടാകാനിട. ഔദ്യോഗിക രംഗത്ത് സ്ഥാനമാറ്റം ഉണ്ടാകുകയും, അസ്വസ്ഥതകളെ അഭിമുഖീകരിക്കേണ്ടിയും വരും. പരീക്ഷാർത്ഥികൾക്ക് ഉന്നത വിജയം പ്രതീക്ഷിക്കാം. സ്വാഭിപ്രായ പ്രകടനം നടത്താതിരുന്നാൽ അന്യരുടെ അപ്രീതിക്ക് പാത്രീഭൂതമാകാതിരിക്കാൻ കഴിയും. ജനമദ്ധ്യത്തിൽ പ്രവർത്തിക്കുന്നവർക്ക് നേട്ടങ്ങൾ കൈ വരും. ജനുവരി 30, 31 എന്നീ തീയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക. വ്യാഴപ്രീതി വരുത്തുക.



**കർക്കിടകക്കൂറ്**(പുണർതം കാൽ, പൂയം, ആയില്യം) ദൂരയാത്രകൾ വേണ്ടിവരും.മനോദുഃഖങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളുണ്ടാകും. ഔദ്യോഗിക രംഗത്ത് അസ്വസ്ഥതകൾ ഉണ്ടാകാൻ സാധ്യത. വിദേശയാത്രാശ്രമം വിജയിക്കും. അസാധ്യമായ കാര്യങ്ങൾക്കു വേണ്ടി വിഫലശ്രമം നടത്തും. കാര്യസാദ്ധ്യത്തിന് അത്യദ്ധ്വാനം വേണ്ടി വരും. ഉദ്ദേശ ലക്ഷ്യമില്ലാതെ പ്രവർത്തിക്കുന്നതു മൂലം കൂടെ സഹായികൾ ഉണ്ടാകുകയില്ല. അമിതമായ ഭക്ഷണ പ്രിയം ദേഹാസ്വാസ്ഥ്യത്തിനു കാരണമാകും. ഫെബ്രുവരി1, 2 എന്നീ തീയ്യതികൾ ശുഭകാര്യങ്ങൾക്ക് ഒഴിവാക്കുക. വ്യാഴപ്രീതി, ശനിപ്രീതി എന്നിവ വരുത്തുക.



